അംഗമായി ശ്രീ. ടി.എസ്. ജോണിനു പകരം ശ്രീ. പി.സി. ജോർജ്ജിനെ നിയോഗിച്ചിരിക്കുന്നു.

VIII. നിയമനിർമ്മാണകാര്യം

സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള സഹകരണസംഘം - (ഭേദഗതി) ബില്ലിന്റെ പരിഗണനയും അനന്തരഘട്ടങ്ങളും (ചർച്ച തുടർച്ച)

മി. സ്പീക്കർ : നിയമനിർമ്മാണത്തിന്റെ കാര്യത്തിലേയ്ക്ക് കടക്കുകയാണ്. അപ്പോൾ ഡിസന്റ് ബാക്കിയില്ലായെന്നാണ് ചെയറിന്റെ അഭിപ്രായം. കാരണം എല്ലാം ഇന്നലെ കഴിഞ്ഞിരിക്കുകയാണ്. ഭേദഗതികൾ അവതരിപ്പിക്കാൻ എത്രപേരുണ്ട് എന്ന് കൃത്യമായി എനിക്കുപോലും അറിയില്ല. അത്രയധികം ഭേദഗതികൾ ഉണ്ട്. അവർക്ക് അവസരം നൽകേണ്ടതാണ്. ഈ സഭയുടെ ചരിത്രത്തിൽ ഡിസന്റ് രേഖപ്പെടുത്താൻ ഒരു ദിവസത്തിൽ കൂടുതൽ എവിടെയും ഒരിക്കലും അനുവദിച്ചിട്ടില്ല. വൈകിയെങ്കിൽ ഭാവിയിൽ നമുക്ക് തിരുത്താം. ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ, സാധാരണ സെലക്ട് കമ്മിറ്റി റിപ്പോർട്ടായാലും അല്ലാതെയുള്ള റിപ്പോർട്ടായാലും, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടായാലും നിയമസഭയിൽ വരുമ്പോൾ അതിന്റെ ഭേദഗതികൾക്കാണ് സമയം മാറ്റിവയ്ക്കാറുള്ളത്. അതേസമയം അതിൽ കടന്നുവരുന്ന ഡിസന്റ് എന്നുപറയുന്നത്, വാസ്തവത്തിൽ ഡിസന്റിനുവേണ്ടി നമ്മൾ സമയം കാണുന്നേയില്ല. എന്നാലും ഡിസന്റിനാണ് പ്രാധാന്യം. ഡിസന്റ് ആദ്യം ഡിസ്പോസ് ചെയ്തിട്ടാണ് ചർച്ചയിലേക്ക് കടക്കുക. പക്ഷെ ഡിസന്റ് ഇത്രയധികം സമയം എടുക്കാൻ പാടില്ല എന്നാണ് എനിക്ക് പറയാനുള്ളത്. അംഗങ്ങളുടെ അവകാശം പരിപൂർണ്ണമായി നിഷേധിക്കുന്നില്ല. വളരെ ചുരുങ്ങിയ സമയംകൊണ്ട് അവ അവതരിപ്പിക്കുക, അതിനുശേഷം ഭേദഗതികളിലേയ്ക്ക് കടക്കാം.

ശ്രീ. വി.ജെ. പൗലോസിന് സംസാരിക്കാം.

ശ്രീ. വി.ജെ. പൗലോസ് : സർ, ഞാൻ അങ്ങയോട് പരമാവധി സഹകരിക്കണമെന്ന് ആഗ്രഹിക്കുകയാണ്. സർ, സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള സഹകരണസംഘം (ഭേദഗതി) നിയമത്തെ ഒരു തരത്തിലും അംഗീകരിക്കാൻ അതിൽ അംഗം ആയിരുന്ന ഒരു വ്യക്തിയെന്ന നിലയ്ക്ക് കഴിയാത്ത സാഹചര്യം വന്നുചേർന്നിരിക്കുകയാണ്. ഇതിൽ ശക്തിയായി ഞാൻ എന്റെ വിയോജനാഭിപ്രായം രേഖപ്പെടുത്തുകയാണ്. സർ, ഈശ്വരന്റെ മൂന്നു അവതാരങ്ങളാണ് ബ്രഹ്മാവ്, വിഷ്ണു, മഹേശ്വരൻ. സൃഷ്ടി, സ്ഥിതി, സംഹാരം, ഇതിൽ ബ്രഹ്മാവ് ചെയ്യേണ്ട ജോലി മഹേശ്വരൻ ചെയ്താൽ അല്ലെങ്കിൽ മഹേശ്വരനെ ആ ജോലി ഏൽപ്പിച്ചാൽ, എനിക്ക് അങ്ങനെ പറയേണ്ടിവന്നതിൽ ദു:ഖമുണ്ട്. പക്ഷേ അതാണ് ഫലത്തിൽ ഇപ്പോൾ ഇവിടെ വന്നുചേർന്നിരിക്കുന്നത്. ഈ ബില്ലിനെ സംബന്ധിച്ച് പത്തുമാസം നീണ്ടുനിന്ന ചർച്ച സംസ്ഥാനത്തിനകത്തും പുറത്തും നടത്തി ആവശ്യമായ തെളിവെടുപ്പുകളും ഇതിനെ സംബന്ധിച്ച പഠനങ്ങളും നടത്തിയതിലെ നല്ല വശങ്ങൾ ഉൾക്കൊള്ളാനുള്ള യാതൊരു നടപടിയും സെലക്ട് കമ്മിറ്റി റിപ്പോർട്ട് ഈ സഭയിൽ അവതരിപ്പിക്കുന്ന ഘട്ടത്തിൽ നമ്മുടെ ബഹുമാന്യനായ മന്ത്രി തയ്യാറായിട്ടില്ല എന്നുള്ളതാണ് സത്യം. അതാണ് എന്റെ ഏറ്റവും വലിയ ദു:ഖം. തെളിവെടുപ്പ് വേളയിൽ കക്ഷി രാഷ്ട്രീയ ഭേദമന്യേ എൽ.ഡി.എഫ്. ഉം യു.ഡി.എഫ്.ഉം പ്രൈമറി സംഘം

LIBRARY ARCHIVES Kerala Legislative Assembly

മുതൽ അപ്പെക്സ് സംഘം വരെയുള്ള കഴിഞ്ഞ കാലത്തെയും ഇപ്പോഴത്തെയും സഹകാരികൾ ഒരുമിച്ച് ഉറക്കെ പറഞ്ഞ കുറെ കാര്യങ്ങൾ ഒന്നും അംഗീകരിക്കാൻ തയ്യാറായിട്ടില്ല. തെളിവെടുപ്പ് വേളയിൽ നമ്മുടെ ബഹുമാന്യനായ മന്ത്രിയുടെ സമീപനം വളരെ നന്നായിരുന്നു. നിർദ്ദേശങ്ങളെല്ലാം വളരെ താൽപ്പര്യപൂർവ്വം കേൾക്കാൻ തയ്യാറായി. ആവശ്യമായ നല്ല നിർദ്ദേശങ്ങൾ സ്വീകരിക്കാൻ ഒരു മടിയുമില്ല എന്ന സൂചനയാണ് ഞങ്ങൾക്കെല്ലാവർക്കും കിട്ടിയത്.

<u>ശ്രീ. ഇ.എം. അഗസ്തി</u> : ബഹുമാനപ്പെട്ട മന്ത്രി വളരെ കാര്യമായി സെലക്ട് കമ്മിറ്റിയിൽ സഹകരിച്ചു എന്നു പറഞ്ഞു, പക്ഷെ ഇന്നത്തെ മലയാള മനോരമ പത്രത്തിൽ ഒരു പിന്നാംപുറം വാർത്ത വന്നിട്ടുണ്ട്. നിങ്ങളുടെ സഹകരണകാര്യത്തെ സംബന്ധിച്ചാണ്. വായിച്ചിട്ടുണ്ടോ.

<u>ശ്രീ. വി.ജെ. പൗലോസ്</u> : ഇന്ന് വന്നത് വായിച്ചിട്ടില്ല. പിന്നാംപുറം നോക്കാറുണ്ട്. ഇന്ന് വായിച്ചിട്ടില്ല. ഒടുവിൽ നമ്മുടെ ബഹുമാന്യനായ മന്ത്രി അദ്ദേഹത്തിന്റെ മുൻഗാമികളുടെ മാർഗ്ഗം തന്നെ സ്വീകരിച്ചു. വളരെ നല്ല നിലയിൽ നടന്നിരുന്ന നമ്മുടെ സംസ്ഥാനത്തെ സഹകരണമേഖലയിൽ എഴുപതുകളുടെ അവസാനം വരെ യാതൊരു പ്രശ്നവുമില്ലായിരുന്നു. രാഷ്ട്രീയത്തിന്റെ ഒരു അതിപ്രസരംപോലും അന്ന് ഉണ്ടായിരുന്നില്ല. എന്നാൽ അത് ആരംഭിച്ചത് എപ്പോഴാണ്. ഈ അതിപ്രസരം സഹകരണമേഖലയിൽ ആരംഭിച്ചത് എൺപതുകളുടെ തുടക്കത്തിലാണ്. അത് തുടങ്ങിയത് മറ്റാരുമല്ല അദ്ദേഹത്തിന്റെ മുൻഗാമിയും നേതാവുമായ നേരത്തെ സഹകരണ വകുപ്പുമന്ത്രിയായിരുന്ന ശ്രീ.ടി. കെ. രാമകൃഷ്ണൻ ആയിരുന്നു. അദ്ദേഹം അതിന് തുടക്കം കുറിച്ചു. 'ആന കരിമ്പിൻ കാട്ടിൽ കയറിയതുപോലെ' പഴയ കാര്യങ്ങളാണ്, ഇത് പലപ്രാവശ്യം ഈ സഭയിൽ ചർച്ച ചെയ്തതുമാണ്. ഞാൻ അത് ആവർത്തിക്കുന്നില്ല. 'ആന കരിമ്പിൻ കാട്ടിൽ കയറിയതുപോലെ' സഹകരണ ജനാധിപത്യം തച്ചുതകർത്ത് എങ്ങനേയും ആ സ്ഥാപനങ്ങൾ കയ്യടക്കണം എന്ന ഉദ്ദേശത്തോടുകൂടി പ്രവർത്തിച്ചതിന്റെ ഫലമായി ഇന്ന് ഈ മേഖല അനുഭവിക്കുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ചെറുതല്ല. അതിനു ശേഷം നമ്മുടെ ബഹുമാന്യനായ പിണറായി വിജയൻ കുറേക്കാലംസഹകരണ വകുപ്പുമന്ത്രിയായിരുന്നു. അദ്ദേഹം അധികാരമുപയോഗിച്ച്, പോലീസിനെ ഉപയോഗിച്ച്, മസിൽപവർ ഉപയോഗിച്ച് ഈ സഹകരണപ്രസ്ഥാനങ്ങളെ ഞെക്കിക്കൊല്ലാനാണ് ശ്രമിച്ചതെങ്കിൽ നമ്മുടെ ബഹുമാന്യനായ ശർമ്മ തന്ത്രപൂർവ്വം ഈ സെലക്ട് കമ്മിറ്റി റിപ്പോർട്ട് അവതരിപ്പിക്കുന്നതുവരെയുള്ള അദ്ദേഹത്തിന്റെ നയം നക്കിക്കൊല്ലുകയെന്നുള്ളതാണ്. ഒരു കാര്യത്തിലും ശ്രീ. ശർമ്മ അഭിപ്രായവ്യത്യാസം പറഞ്ഞില്ല. അവസാനം റിപ്പോർട്ട് പുറത്തുവന്നപ്പോൾ ഞെക്കിക്കൊല്ലുകയല്ല നക്കിക്കൊല്ലുകയാണ് നല്ലതെന്ന് കണ്ട് അദ്ദേഹം ആ നടപടി സ്വീകരിച്ചു. സർ, ഈ ഭേദഗതി നിയമം കൊണ്ടുവരുന്നതിനുവേണ്ടി 1969-ലെ ഈ നിയമത്തിൽ ആകെയൊരു മാറ്റം വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒബ്ജക്ട്സ് ആന്റ് റീസൺസിലെ ഒന്നാമത്തെ പാരഗ്രാഫ് അങ്ങ് എഴുതി ചേർത്തതാണല്ലോ. ഒന്നാമത്തെ പാരഗ്രാഫിനെപ്പറ്റി മാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. അതിൽ സഹകരണസംഘങ്ങളെ സ്വയംഭരണ ജനാധിപത്യസ്ഥാപനങ്ങളായി പുനസംഘടിപ്പിക്കുകയെന്നതാണ് ഗവണ്മെന്റിന്റെ നയം. ആയതിനാൽ 1969-ലെ കേരള സംസ്ഥാന സഹകരണസംഘം ആക്ടിന് സമഗ്രമായ ഭേദഗതി കൊണ്ടുവരുന്നതിന് ഗവണ്മെന്റ് തീരുമാനിക്കുകയുണ്ടായി. ഒന്നാമത്തെ പാര

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാഫ് അനുസരിച്ചാണ് ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഭേദഗതി. സർ, അതിനു വേണ്ടിയാണോ ഈ ഭേദഗതി നിയമം. ഏതൊരു സഹകാരിക്കും സംസ്ഥാനത്തിലുള്ളവർക്കും അറിയാം. സംസ്ഥാനത്ത് എൽ.ഡി.എഫ്. ന്റെ കൈവശമല്ലാതെ അവശേഷിക്കുന്ന സംഘങ്ങൾ കയ്യടക്കുകയെന്നുള്ളത് മാത്രമാണ് ഇതിന്റെ പിന്നിലുള്ള ചേതോവികാരം എന്ന്. ഞാൻ ഒന്നു രണ്ടു ക്ലോസുകളെക്കുറിച്ച് മാത്രം പറയാം. ക്ലോസ് 11 Amendment of Section 28 അനുസരിച്ച് കാലാവധി മൂന്നു വർഷമെന്നുള്ളത് അഞ്ചു വർഷമായി എല്ലാ സംഘങ്ങൾക്കും ഈ നിയമം ബാധകമാക്കണം.

സർ, അത് ജില്ലാ ബാങ്കുകൾക്കും ലഭിക്കുന്നു. എന്നാൽ എന്തുകൊണ്ട് അപ്പെക്സ് സംഘങ്ങൾക്ക് കൊടുക്കില്ല. ഇപ്പോൾ നിലവിലിരിക്കുന്ന മൂന്നുവർഷക്കാലാവധിയുള്ള അപ്പെക്സ് സംഘങ്ങൾക്ക് എന്തുകൊണ്ട് അഞ്ചുവർഷകാലാവധി കൊടുത്തുകൂടാ? പ്രൈമറി സംഘങ്ങൾക്കും സെൻട്രൽ സൊസൈറ്റികൾക്കും കൊടുക്കുന്ന ഈ അധികാരം എന്തുകൊണ്ട് അപ്പെക്സ് സംഘങ്ങൾക്ക് കൊടുക്കുന്നില്ല? ഒരു നിയമം നടപ്പിലാക്കുമ്പോൾ അത് രണ്ട് രീതിയിൽ നടപ്പിലാക്കുന്ന ഒരു സമീപനം ഉണ്ടാകുന്നത് എന്തുകൊണ്ടാണ്? ചില അപ്പെക്സ് സംഘങ്ങൾ പിരിച്ചു വിട്ട് പിടിച്ചെടുക്കയെന്നുള്ളതാണ് ലക്ഷ്യമെന്നുള്ളത് വളരെ വ്യക്തമാണ്. പൊതുയോഗത്തിൽ നിന്ന് തെരഞ്ഞെടുക്കുകയെന്നുള്ളതാണ് സഹകരണ തത്വങ്ങളുടെ വിശാലമായ താല്പര്യം. ഇതിനെതിരായി ജില്ലയിൽ നിന്ന് അപ്പെക്സിലേക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുകയെന്നുള്ള വകുപ്പ് ചേർത്ത് ഈ അപ്പെക്സ് സംഘങ്ങളെ പിരിച്ച് അയയ്ക്കുകയാണ്. നിയമത്തിൽ കുറച്ചെങ്കിലും സത്യസന്ധവും നിഷ്പക്ഷവും നീതിപൂർവ്വവുമായ സമീപനം കാണിക്കണ്ടേ? ഇതാണ് ഗവണ്മെന്റിന്റെ നയമെങ്കിൽ ഈ അപ്പെക്സ് സംഘങ്ങളിലെ ഡയറക്ടർമാർ ജില്ലയിൽ നിന്നുള്ള പ്രതിനിധികളാണ്. ജില്ലാടിസ്ഥാനത്തിലാണ് തെരഞ്ഞെടുക്കുന്നത് എങ്കിൽ നിഷ്പക്ഷവും നീതിപൂർവ്വവുമായിട്ടാണ് തെരഞ്ഞെടുക്കുന്നത് എങ്കിൽ നമ്മുടെ ജില്ലാ സഹകരണ ബാങ്കുകളിലേയ്ക്കുള്ള ഡയറക്ടർമാരെ താലൂക്ക് അടിസ്ഥാനത്തിൽ എന്തുകൊണ്ട് തെരഞ്ഞെടുത്തുകൂടേ? അങ്ങനെയൊരു വ്യവസ്ഥ അതിനകത്ത് എന്തുകൊണ്ട് ചേർത്തുകൂടാ? എന്താ അപ്പെക്സ് സംഘങ്ങളിൽ മാത്രം ഒതുക്കി നിറുത്തിയിരിക്കുന്നത്? ജില്ലാ ബാങ്കുകൾ കൂടാതെ സെൻട്രൽ സൊസൈറ്റികൾ വേറെയുമുണ്ടല്ലോ. അതായത് മൊത്ത വ്യാപാര സഹകരണ സ്റ്റോറുകൾ. അതിലും താലൂക്ക് അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ് നടത്തേണ്ടത്. ജില്ല ബാങ്കുകൾക്കും അപ്രകാരമാക്കണ്ടേ? അപ്രകാരമാക്കിയാൽ അത് അപ്പെക്സ് സംഘങ്ങളിൽ നിന്ന് പിടിച്ചെടുക്കാനല്ല, വളരെ നിഷ്പക്ഷവും നീതിപൂർവ്വവുമായ ഒരു നിയമനിർമ്മാണമാണ് എന്ന് നമുക്ക് പറയാൻ കഴിയും. പക്ഷേ, അപ്പെക്സ് സംഘങ്ങൾക്ക് ഒരു നയവും സെൻട്രൽ സൊസൈറ്റികൾക്കും മറ്റ് സംഘങ്ങൾക്കും മറ്റൊരു നയവുമായിട്ട് ഒരു പന്തിയിൽ രണ്ട് വിളമ്പ് എന്നുള്ള സമീപനം ശരിയല്ല.

സർ, തെളിവെടുപ്പ് വേളയിൽ എല്ലാ സഹകാരികളും ആവശ്യപ്പെട്ടിട്ടുള്ളതാണ് രജിസ്ട്രാറുടെ അധികാരം കുറയ്ക്കണമെന്നുള്ളത്. അത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമായതുകൊണ്ടാണ് ഞാൻ അടിവരയിട്ട് ഒന്നുകൂടി പറയുന്നത്.

<u>മി. സ്പീക്കർ</u> : സഭയിൽ റെപ്പറ്റിഷൻ പാടില്ല.

<u>ശ്രീ. വി.ജെ. പൗലോസ്</u> : സർ, രജിസ്ട്രാറുടെ അധികാരം കുറയ്ക്കുക. സഹകരണ ജനാധിപത്യ അധികാരം വളർത്തുകയെന്നുള്ളത് എല്ലാ സഹകാരികളും കക്ഷിരാഷ്ട്രീയഭേദമന്യേ ആവശ്യപ്പെട്ടിട്ടുള്ളതാണ്. പക്ഷേ,

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ വന്നിട്ടുള്ള ഈ ബില്ലിലൂടെ നിലവിലുണ്ടായിരുന്ന ഒരു അവകാശം കൂടി പൂർണ്ണമായി കവർന്നെടുത്തു. ചുക്ക് ഇല്ലാത്ത കഷായം ഇല്ലെന്ന് പറയുന്നതുപോലെ രജിസ്ട്രാറുടെ ഇടപെടൽ കൂടാതെ ഈ സംസ്ഥാനത്തെ സഹകരണരംഗത്ത് ഒന്നും നടക്കാത്ത സ്ഥിതിയാണ്. ഡെമോക്ലിസിന്റെ വാൾ പോലെ സഹകരണസ്ഥാപനങ്ങളുടെ തലയ്ക്ക് മുകളിൽ രജിസ്ട്രാറുടെ അധികാരം തൂങ്ങിക്കിടക്കുകയാണ്.

സർ, ഒരു പോയിന്റുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. സൊസൈറ്റികളിൽ ഇപ്പോൾ തെരഞ്ഞെടുത്ത് കഴിഞ്ഞാൽ ഹരിജനും വനിതയും ആ ഡയറക്ടർ ബോർഡിൽ വന്നില്ലെങ്കിൽ നോമിനേറ്റ് ചെയ്യാനുള്ള അവകാശമുണ്ട്. അത് ഗവണ്മെന്റ് എടുക്കുകയാണ്. എന്തിനാണ് അത് ഗവണ്മെന്റ് എടുക്കുന്നത്? അവിടെ ഈ രണ്ട് വിഭാഗത്തേയും ഒഴിച്ച് ഒൻപതോ പതിമൂന്നോ പതിനഞ്ചോ ആളുകളെ ഡയറക്ടർമാരായി തെരഞ്ഞെടുക്കപ്പെട്ട് വരുമ്പോൾ ആ കുറവ് പരിഹരിക്കാനുള്ള അവകാശം ഡയറക്ടർ ബോർഡിന് കൊടുക്കുകയെന്നുള്ളതാണ് മര്യാദ. അത് ലംഘിച്ച് ഗവണ്മെന്റ് എടുക്കുന്ന നടപടിയുണ്ടാക്കരുത്.

സർ, ഒരുകാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഇതൊക്കെയാണെങ്കിലും ബഹുമാനപ്പെട്ട മന്ത്രിക്ക് ഈ രംഗത്ത് വളരെയേറെ കാര്യങ്ങൾ ചെയ്യാനുണ്ട്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഒരു നല്ല നിയമനിർമ്മാണത്തിനുള്ള അവസരമുണ്ടായിരുന്നു. പക്ഷേ, ആ നിയമനിർമ്മാണം ഈ സഹകരണ നിയമത്തിന്റെ ചരിത്രത്തിൽ ഒരു കറുത്ത അദ്ധ്യായമായി മാറാതിരിക്കാൻ ഇനിയുള്ള സമയമെങ്കിലും അദ്ദേഹം ആലോചിച്ച് ജനാധിപത്യധ്വംസന വ്യവസ്ഥകൾ മാറ്റി ഈ മേഖലയെ ആരോഗ്യകരമായി മുന്നോട്ടു കൊണ്ടുപോകാൻ ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി.കെ. അബ്ദുറബ്ബ്</u> : സർ, 1969-ലെ കേരള സഹകരണ സംഘം നിയമം സമഗ്രമായി ഭേദഗതി ചെയ്യുക എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ ഭേദഗതി ബിൽ കൊണ്ടുവന്നിട്ടുള്ളത്. ആകെയുള്ള 110 വകുപ്പുകളിൽ 25 വകുപ്പുകളിൽ ഭേദഗതി കൊണ്ടുവരികയും മൂന്ന് പുതിയ വകുപ്പുകൾ കൂടി ചേർക്കുകയും ചെയ്തിരിക്കുകയാണ്. ഈ പുതിയ ഭേദഗതികൾ സഹകരണ പ്രസ്ഥാനത്തെ കൂടുതൽ ശക്തിപ്പെടുത്താനോ, സഹകരണ രംഗത്തെ ജനാധിപത്യം വർദ്ധിപ്പിക്കാനോ, അധികാരവികേന്ദ്രീകരണത്തിനോ ഉതകുന്നതല്ല. മറിച്ച് രജിസ്ട്രാറുടേയും മറ്റ് ഉദ്യോഗസ്ഥന്മാരുടേയും അധികാരങ്ങൾ വർദ്ധിപ്പിക്കാനുള്ളതാണ്. ''അധികാരം ജനങ്ങളിലേക്ക്'' എന്ന മുദ്രാവാക്യം ''അധികാരം രജിസ്ട്രാറിലേക്ക്'' എന്നാക്കി മാറ്റുന്നതാണ് ഈ ഭേദഗതികൾ. മസിൽ പവറും ഭരണസ്വാധീനവും ഉപയോഗിച്ച് സഹകരണസംഘങ്ങൾ പിടിച്ചെടുക്കുകയെന്നുള്ളതാണ് സഹകരണരംഗത്തെ പുതിയ പ്രവണത. പരമാധികാരം ഉദ്യോഗസ്ഥർക്ക് നൽകുന്ന പുതിയ ഭേദഗതി ബില്ലിലെ വ്യവസ്ഥകൾ ഈ പ്രവണതയ്ക്ക് ആക്കം കൂട്ടാനേ സഹായിക്കൂ. തെരഞ്ഞെടുപ്പുകളിൽ വോട്ടവകാശം സജീവ മെമ്പർമാർക്ക് മാത്രമായി പരിമിതപ്പെടുത്തുകയെന്നുള്ളത് നല്ല ആശയമാണ്. മെമ്പർമാർ സഹകരണസംഘവുമായി ബന്ധപ്പെടണം. ഒന്നുകിൽ അവരുടെ ഡിപ്പോസിറ്റ് ബാങ്കുകളിൽ ഉണ്ടാകണം അല്ലെങ്കിൽ അവർ ലോൺ വാങ്ങിയിരിക്കണം. അഞ്ച് വർഷത്തിൽ ഒരിക്കലെങ്കിലും ജനറൽ ബോഡി യോഗത്തിൽ പങ്കെടുത്തിരിക്കണം. ഇപ്പോൾ തന്നെ ഐഡന്റിറ്റി കാർഡ് മൊത്തമായി തട്ടിയെടുത്ത് ഫോട്ടോ മാറ്റി സഹകരണ

LIBRARY ARCHIVES Kerala Legislative Assembly

സംഘങ്ങളിൽ കള്ളവോട്ട് ചെയ്യുന്ന സമ്പ്രദായം നിലനില്ക്കുമ്പോൾ ഇനി ജനറൽ ബോഡി യോഗത്തിന്റെ രജിസ്റ്റർ തട്ടിയെടുക്കുന്ന സ്ഥിതിവിശേഷവു മുണ്ടാകും. സംഘം ഭരിക്കുന്ന കക്ഷിക്ക് വേണ്ടവരെയൊക്കെ ജനറൽ ബോഡി യോഗത്തിൽ ഹാജരായതായി ചേർക്കാനും സാധിക്കും. ഈ ഒരു ഭേദഗതികൊണ്ട് യാതൊരു പ്രയോജവുമില്ല. അത് ഒഴിവാക്കണമെന്നുള്ള താണ് എന്റെ അഭ്യർത്ഥന.

സർ, അപ്പെക്സ് സംഘങ്ങളുടെ ഡയറക്ടർ ബോർഡിലേക്ക് നേരത്തേ ഇവിടെ സൂചിപ്പിച്ചതുപോലെ ജില്ലാതലത്തിൽ നിന്ന് തെരഞ്ഞെടു ക്കാനുള്ള പുതിയ വ്യവസ്ഥ ചില അപ്പെക്സ് സംഘങ്ങളുടെ ഭരണസമിതി കളെ പിരിച്ചുവിടാൻവേണ്ടിയുള്ളതാണെന്ന് സംശയിക്കുന്നു. സംഘങ്ങളിലേ ക്കുള്ള തെരഞ്ഞെടുപ്പുകളിൽ വനിതാ-പട്ടികജാതി അംഗങ്ങൾ തെരഞ്ഞെടു ക്കപ്പെട്ട് വരാത്ത സാഹചര്യത്തിൽ സർക്കാർ നോമിനേറ്റ് ചെയ്യുന്ന വ്യവസ്ഥ ഒഴിവാക്കണം. അവരെ നോമിനേറ്റ് ചെയ്യാനുള്ള അധികാരം ബന്ധപ്പെട്ട ഭര ണസമിതിക്ക് തന്നെ നൽകണം.

സർ, അതുപോലെതന്നെ സർക്കാരിന് ഷെയറുള്ള സംഘങ്ങളിലെ ഡയറക്ടർ ബോർഡിലേക്ക് അംഗങ്ങളെ നോമിനേറ്റ് ചെയ്യുന്നതിന് സർക്കാ രിനെ അധികാരപ്പെടുത്തുന്ന വകുപ്പും ഒഴിവാക്കണമെന്നാണ് എനിക്ക് പറയാ നുള്ളത്. ഒരു സംഘം സസ്പെന്റ് ചെയ്യുകയോ കാലാവധി തീരുകയോ ചെയ്യുമ്പോൾ നിയമിക്കപ്പെടുന്ന അഡ്മിനിസ്ട്രേറ്റർ അല്ലെങ്കിൽ അഡ്മിനി സ്ട്രേറ്റീവ് കമ്മിറ്റി ഡയറക്ടർ ബോർഡിന്റെ എല്ലാ ചുമതലകളും അധികാര ങ്ങളും കയ്യാളുന്നത് ശരിയല്ല. എത്രയും വേഗം തെരഞ്ഞെടുപ്പ് നടത്തി പുതിയ ഡയറക്ടർ ബോർഡിനെ അവരോധിക്കാനുള്ള അധികാരം മാത്രമേ അവർക്ക് നൽകാവു. നയപരമായ തീരുമാനമെടുക്കാനും മെമ്പർമാരെ ചേർക്കാനുമുള്ള അവകാശം ഒരു കാരണവശാലും അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്ക് നൽകാൻ പാടില്ല. പുതിയ ഭേദഗതി ബില്ലിൽ തെരഞ്ഞെടുപ്പ് കമ്മി ഷൻ രൂപീകരിക്കാൻ വ്യവസ്ഥയുണ്ട്. ഗവണ്മെന്റ് സെക്രട്ടറി റാങ്കിലുള്ള ഉദ്യോഗസ്ഥനെ 5 വർഷത്തേക്ക് നിയമിക്കാനുള്ള വ്യവസ്ഥയും ഇതിൽ കൊണ്ടുവന്നിട്ടുണ്ട്. ഒരു സംഘത്തിലെ തെരഞ്ഞെടുപ്പ് നടത്താൻ കമ്മിഷനെ സഹായിക്കാൻ സർക്കാർ ഉദ്യോഗസ്ഥരേയും ജീവനക്കാരേയും സർക്കാരു മായി ആലോചിച്ച് കമ്മിഷൻ നോമിനേറ്റ് ചെയ്യുമെന്നാണ് പറഞ്ഞിട്ടുള്ളത്. സർക്കാരിന് താല്പര്യമുള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കാൻ ഇത് വഴിവ യ്ക്കും. ജില്ലാ ജഡ്ജിയെ തെരഞ്ഞെടുപ്പ് കമ്മിഷനായി നിയമിക്കുന്നതായി രിക്കും ഉചിതം. ആ രീതിയിലുള്ള ഭേദഗതികൾ വേണമെന്നാണ് എന്റെ അഭി പ്രായം. അതുപോലെ പരീക്ഷാബോർഡ് പ്രൈമറി സഹകരണ സംഘങ്ങ ളിലെ നിയമനങ്ങൾക്കുവേണ്ടി പരീക്ഷ നടത്തിപ്പിന് മൂന്ന് മെമ്പർമാരുള്ള, 5 വർഷക്കാലാവധിയുള്ള പരീക്ഷാ ബോർഡ് രൂപീകരിക്കാനുള്ള നിർദ്ദേശം സ്വാഗതാർഹമാണ്. നിയമിക്കുന്ന വ്യക്തികളെ സംബന്ധിച്ചോ അവരുടെ പരീക്ഷാ നടത്തിപ്പ് രീതിയെ സംബന്ധിച്ചോ സെലക്ഷനെ സംബന്ധിച്ചോ ഒന്നും ബില്ലിൽ വ്യക്തമായി പ്രതിപാദിച്ചിട്ടില്ല. പ്രാദേശിക ഉദ്യോഗാർത്ഥി കൾക്ക് മുൻഗണന കിട്ടുന്ന സംവിധാനമായിരിക്കണം ഉണ്ടാകേണ്ടത്.

ജില്ലാടിസ്ഥാനത്തിൽ പരീക്ഷ നടത്തുമെന്ന് മന്ത്രി ചർച്ചാവേളയിൽ പറഞ്ഞിരുന്നു. ഓരോ സംഘത്തിലും ഒഴിവ് വരുന്നതു ഓരോ സമയത്താണ്. അതുകൊണ്ട് പെട്ടെന്ന് തന്നെ ആ ഒഴിവുകൾ നികത്തുന്നതിനാവശ്യമായ പരീക്ഷയും ഇന്റർവ്യൂം നിയമനവും നടത്തി. സഹകരണസംഘങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

ഭരണം കാര്യക്ഷമമായി നടത്തിക്കൊണ്ട് പോകുന്നതിന് സ്വീകരിക്കേണ്ടതായിട്ടുള്ള കാര്യങ്ങൾ സത്വരമായി ചർച്ച ചെയ്യേണ്ടതുണ്ട്. ഓരോ സംഘത്തിലുംവരുന്ന ഒഴിവുകൾ യഥാസമയം നികത്തുന്നതിന് വേണ്ട പരീക്ഷകൾ നടത്തിക്കാനുള്ള സംവിധാനം ഇതിന്റെ ഭാഗമായിട്ട് ഉണ്ടാവണം. അതോടൊപ്പം തന്നെ ഈ നിയമനങ്ങളിലൊക്കെ സംവരണതത്വം കർശനമായി പാലിക്കുന്നതിന് ആവശ്യമായ ഭേദഗതികൾകൂടി കൊണ്ടുവരണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. മറ്റൊരു വകുപ്പ് വിജിലൻസ് ഓഫീസറെ നിയമിക്കുന്നതു സംബന്ധിച്ചാണ്. ഡി.ഐ.ജി. റാങ്കിലുള്ള പോലീസുദ്യോഗസ്ഥനെ നിയമിക്കാനുള്ള തീരുമാനം പിൻവലിക്കണം. ഇപ്പോൾതന്നെ പോലീസുകാർ സഹകരണസംഘങ്ങളിൽ കടന്നുകയറി അവിടെ പ്രശ്നങ്ങളുണ്ടാക്കുന്നത് സർവ്വ സാധാരണമാണ്. അതുകൊണ്ട് സർക്കാരിന്റെ ഡെപ്യൂട്ടി സെക്രട്ടറിയുടെ റാങ്കിലുള്ള ഒരുദ്യോഗസ്ഥനെ വിജിലൻസ് ഓഫീസറായി വയ്ക്കുന്നതായിരിക്കും നല്ലതെന്നാണ് എന്റെ അഭിപ്രായം. സഹകരണസംഘങ്ങളുടെ ഓഡിറ്റിന് ഡയറക്ടറെ നിയമിക്കുന്നതു സംബന്ധിച്ചുള്ള വിശദാംശങ്ങളൊന്നും തന്നെ ബില്ലിൽ പറഞ്ഞിട്ടില്ല. അക്കൗണ്ടന്റ് ജനറലിന്റെ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെയാണ് നിയമിക്കേണ്ടത്. സഹകരണവകുപ്പിൽ നിന്നും അദ്ദേഹത്തെ സഹായിക്കുന്നതിനായി ഉദ്യോഗസ്ഥരേയും ജീവനക്കാരേയും നിയമിക്കേണ്ടതാണ്. നിഷ്പക്ഷവും നീതിപൂർവ്വവുമായി ഓഡിറ്റ് നടത്തുന്നതിനുള്ള സംവിധാനമുണ്ടാക്കണം എന്നാണെനിക്ക് ആവശ്യപ്പെടാനുള്ളത്. ഈ ബില്ലിൽ പറഞ്ഞിട്ടുള്ള മറ്റു മൂന്നു കാര്യങ്ങളുണ്ട്. കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് ആന്റ് വെൽഫെയർ ഫണ്ട്. ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം, കൺസോർഷ്യം ലെൻഡിംഗ് സ്കീം ഇവ രൂപീകരിക്കാനുള്ള തീരുമാനത്തെ സ്വാഗതം ചെയ്യുന്നു. പ്രതിസന്ധിയിലായ സഹകരണസംഘങ്ങളെ സഹായിക്കുവാനും മിച്ച ഫണ്ട് നാടിന്റെ വളർച്ചയ്ക്കും വികസനത്തിനും ഉപയോഗിക്കാനും സർക്കാർ ഗ്യാരന്റിയോടുകൂടിയുള്ള ഈ സംവിധാനത്തിന് സാധിക്കും. അതോടൊപ്പം തന്നെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെയും പ്രാദേശിക സഹകരണസംഘങ്ങളെയും പരസ്പര പൂരകങ്ങളാക്കാനുള്ള തീരുമാനവും സ്വാഗതാർഹമാണ്. കോ-ഓപ്പറേറ്റീവ് ആർബിട്രേഷൻ കോർട്ട്-സാമ്പത്തികമല്ലാത്ത തർക്കങ്ങളുള്ള കാര്യങ്ങൾ മാത്രം കൈകാര്യം ചെയ്യുന്നതിനായി ഒരു കോർട്ടു രൂപീകരിക്കാൻ വ്യവസ്ഥയുണ്ട്. എന്നാൽ അത്തരത്തിലൊരു കോർട്ടിന്റെ ആവശ്യമില്ല. ഇപ്പോൾ തന്നെ കോ-ഓപ്പറേറ്റീവ് ട്രൈബ്യൂണൽ ഈ ജോലിചെയ്യുന്നുണ്ട്. അതുകൊണ്ട് കോർട്ട് രൂപീകരണം ഒഴിവാക്കണം എന്നാണെനിക്ക് പറയാനുള്ളത്. സെലക്ട് കമ്മിറ്റിയുടെ ചർച്ചാവേളകളിലെല്ലാം വളരെ സൗഹാർദ്ദപരമായ സമീപനം സ്വീകരിച്ച ബഹുമാന്യനായ മന്ത്രി സഭാതലത്തിൽ ഈ ബില്ലിനെക്കുറിച്ച് നടക്കുന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ ഈ ബില്ലിൽ പ്രതിപാദിച്ചിട്ടുള്ള ജനാധിപത്യവിരുദ്ധമായ വ്യവസ്ഥകൾ മാറ്റി കൂടുതൽ ജനാധിപത്യവൽക്കരണത്തിനും രജിസ്ട്രാറുടെ അധികാരങ്ങൾ കുറയ്ക്കുന്നതിനുമുള്ള ഭേദഗതികൾ സ്വീകരിച്ചുകൊണ്ട് ഇതൊരു കുറ്റമറ്റ നിയമമാക്കി മാറ്റുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണം. അതിനുവേണ്ടിയുള്ള മാറ്റങ്ങൾ ബില്ലിൽ വരുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വിയോജനം രേഖപ്പെടുത്തിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ : വളരെ നല്ല നിലവാരമുള്ള ഒരു ചർച്ചയായിരുന്നു. ഏറ്റവും കൂടുതൽ പോയിന്റ്സ് പറഞ്ഞത് ഒരു പക്ഷേ അങ്ങായിരിക്കും. നന്ദി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.പി.എ. മജീദ് : സർ, ഞാൻ ഒരു കാര്യം അങ്ങയോട് പറയാനാഗ്രഹിക്കുകയാണ്. അങ്ങയുടെ പ്രത്യേക അനുവാദത്തിലാണ് ഇവിടെ സംസാരിക്കാനുള്ള സന്ദർഭം ലഭിച്ചത്. സെലക്ട് കമ്മിറ്റിയിൽ ഇത്രയധികം അംഗങ്ങളെ വച്ചുകൊണ്ട് മുന്നോട്ടുപോകുന്നത് ഒരു പ്രശ്നം തന്നെയാണ്. 24 അംഗങ്ങളെ വച്ചുകൊണ്ട് ഒരു സെലക്ട് കമ്മിറ്റി പോയാൽ അതിന് എന്തൊക്കെ ബുദ്ധിമുട്ടുണ്ടാവുമോ അതൊക്കെ ഈ ബില്ലിലും ഉണ്ടെന്ന് വസ്തുതയാണ്. അതിന്റെ ഒരു അനന്തരഫലമാണ് ബില്ലിന്റെ കാര്യത്തിലും വന്നിരിക്കുന്നത്. അതുകൊണ്ട് ഒരു കാര്യം ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്, ഭാവിയിലെങ്കിലും സെലക്ട് കമ്മിറ്റികളുണ്ടാക്കുമ്പോൾ അതിലെ അംഗങ്ങളുടെ സംഖ്യ അധികമാകാതിരിക്കാൻ ശ്രദ്ധിക്കണം.

മി. സ്പീക്കർ : ഭാവിയിൽ സെലക്ട് കമ്മിറ്റികളുണ്ടാക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കാം.

ശ്രീ. കെ.പി.എ. മജീദ് : അത് അങ്ങ് ശ്രദ്ധിക്കേണ്ട കാര്യമാണ്. കാരണം ഈ നിയമത്തിൽ വളരെ കാതലായിട്ടുള്ള മാറ്റങ്ങൾ വരുത്തുന്നതിന് അൽപ്പം തടസ്സങ്ങളുണ്ടായിട്ടുള്ളത് ഭരണകക്ഷിയിലെ അംഗങ്ങളുടെ ഭാഗത്തുനിന്നുമാണ്. അല്ലാതെ പ്രതിപക്ഷങ്ങളുടെ ഭാഗത്തുനിന്നുമായിരുന്നില്ല. അതുകൊണ്ടാണ് ഈ ബിൽ ഇത്രയും വികലമായ രീതിയിൽ ഇത്രയധികം വിമർശനവിധേയമായി ഇവിടെ കൊണ്ടുവരേണ്ടി വന്നതെന്നാണ് എന്റെ അഭിപ്രായം. ബാക്കിയുള്ള കാര്യങ്ങൾ ഭരണകക്ഷിയിലെ അംഗങ്ങൾ സംസാരിക്കുമ്പോൾ പറയും. ഈ ബില്ലിന്റെ വിയോജനക്കുറിപ്പ് സംബന്ധിച്ച് ഒരു ആവർത്തനപ്രസംഗം നടത്താൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഒന്നാമത് നമ്മുടെ സഹകരണമേഖലയിൽ ഒരു സമ്പൂർണ്ണ നിയമത്തിനുവേണ്ടിയുള്ള മുറവിളി വർഷങ്ങളോളം പഴക്കമുണ്ട്. സഹകരണമേഖലയുടെ വികസനത്തിനും വളർച്ചയ്ക്കും അനുയോജ്യമായ രീതിയിൽ സഹകരണനിയമത്തിൽ കാതലായ മാറ്റങ്ങളുണ്ടാകണം എന്ന അഭിപ്രായം സെലക്ട് കമ്മിറ്റിക്ക് വന്നതിനുശേഷവും അതിനുമുൻപും പല വേദികളിലും നടന്നിട്ടുള്ളതാണ്. ഈ നിയമ നിർമ്മാണത്തിന് മുൻപായിതന്നെ വിപുലമായ അർത്ഥവത്തായ ചർച്ചകൾ വിവിധമേഖലകളിൽ നടന്നിട്ടുണ്ട്. അതുകൊണ്ട് ഈ നിയമം അത്രയും പൂർണ്ണമാണോ സമഗ്രമാണോ എന്നതിനെക്കുറിച്ച് സംശയമുണ്ട്. ഈ നിയമം സമ്പൂർണ്ണമായും സമഗ്രവുമായിട്ടാണ് ഇവിടെ വന്നിട്ടുള്ളതെന്ന അഭിപ്രായമൊന്നും എനിക്കില്ല. എന്നാൽപ്പോലും കഴിഞ്ഞ കുറേക്കാലമായി ഈ രംഗത്തുണ്ടായിട്ടുള്ള ചില പ്രവണതകളെ തടുക്കത്തക്കവിധത്തിലുള്ള ചില കാതലായ ഭേദഗതികൾ ഈ നിയമത്തിൽ വന്നിട്ടുണ്ടെന്ന് ഇത്തരുണത്തിൽ സൂചിപ്പിക്കുകയാണ്. പ്രത്യേകിച്ചും അംഗത്വത്തിന്റെ കാര്യത്തിലും ഇലക്ഷൻ കമ്മീഷന്റെ കാര്യത്തിലും ഓഡിറ്റിന്റെ കാര്യത്തിലും രജിസ്ട്രാറുടെ കാര്യത്തിലും. അങ്ങനെ കഴിഞ്ഞ കാലത്ത് സഹകാരികൾ പ്രതീക്ഷിച്ച കാര്യങ്ങൾ ബില്ലിൽ വന്നിട്ടുണ്ടെങ്കിൽപ്പോലും ഈ നിയമത്തിൽ അതിന്റേതായിട്ടുള്ള ദോഷങ്ങളുണ്ട്. 1980-നുശേഷം എപ്പോഴൊക്കെ ഭേദഗതി നിർദ്ദേശമുണ്ടായിട്ടുണ്ടോ എന്ത് ഉദ്ദേശശുദ്ധിയോടുകൂടിയാണ് ഭേദഗതി നിർദ്ദേശം വന്നിട്ടുള്ളത് അതിന്റെ അനന്തരഫലമായി പല സംഘങ്ങളെയും പിരിച്ചുവിടുന്ന ഒരു സ്ഥിതിവിശേഷമാണ് വന്നിട്ടുള്ളത്. അതുകൊണ്ട് സദുദ്ദേശപരമായി ഒരു നിയമ നിർമ്മാണം നടത്താൻ തുനിഞ്ഞാൽപ്പോലും സഹകാരികൾ അതിനെ വളരെ ഭയത്തോടുകൂടിയാണ് നോക്കിക്കാണുന്നത്. അതുതന്നെയാണ് ഇപ്പോഴത്തെയും സ്ഥിതി. ഓരോ പഞ്ചായത്തിനും ഓരോ മുനിസിപ്പാലിറ്റിക്കും

ഓരോ സൊസൈറ്റി എന്നുള്ള ഒരഭിപ്രായമാണ് ഇവിടെ വന്നിട്ടുള്ള നിയമത്തിൽ പറഞ്ഞിരിക്കുന്നത്. പക്ഷേ ഇന്ന് വന്നിട്ടുള്ള നിയമത്തിൽ അത് ഒഴിവാക്കിയിരിക്കുന്നു. ഒന്നാമത്തെ കാര്യം ഒരു പഞ്ചായത്തിൽ ഒരു സംഘം എന്നുള്ളത് വളരെ കാര്യമായി നമ്മൾ പരിഗണിക്കേണ്ടതായിരുന്നു. പക്ഷേ അവിടെയും വന്ന പ്രശ്മനമെന്താണെന്നുവച്ചാൽ അങ്ങനെ വരുമ്പോൾ കമ്പൽസറി അമാൽഗമേഷൻ വരും. അങ്ങനെ അമാൽഗേഷൻ വന്നാൽ സംഘങ്ങളെ കൂട്ടിച്ചേർക്കലുകൾ നിർബന്ധമായും വന്നു കഴിഞ്ഞാൽ അതിനെത്തുടർന്ന് മാറ്റങ്ങളും പ്രശ്നങ്ങളുമൊക്കെ വരും. അതിന്റെ അടിസ്ഥാനത്തിൽ സദുദ്ദേശപരമായി സ്വീകരിക്കാവുന്ന ഒരു ഭേദഗതി ആണെങ്കിൽപ്പോലും അതിന്റെ തുടർന്നുള്ള പ്രതിഫലനം എന്തായിക്കുമെന്നതിനെ സംബന്ധിച്ച് ഭയാശങ്കകളുള്ളതുകൊണ്ട് അത്തരം കാര്യങ്ങൾ നടപ്പിലാക്കാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷമുണ്ട്. ഈ നിയമത്തിൽ വളരെ സദുദ്ദേശപരമായിട്ടാണ് കൊണ്ടുവന്നിട്ടുള്ളതെങ്കിൽപ്പോലും അത് ഉപയോഗിക്കുന്ന കാര്യത്തിൽ കഴിഞ്ഞകാല അനുഭവങ്ങൾ വച്ച് ഗൗരവമായി കാണേണ്ടതാണ്. പല സംഘങ്ങളിലും ഗവണ്മെന്റ് യു.ഡി.എഫ്. ആയാലും എൽ.ഡി.എഫ്. ആയാലും ഇക്കാര്യത്തിൽ ഒരുപോലെയായിരുന്നു. ഒരു സഹകരണസംഘം എങ്ങനെ പിടിച്ചെടുക്കാമെന്നുള്ള കാര്യം ഉദ്ദേശിച്ചുകൊണ്ടാണ് ഈ നിയമസഭയിൽ പല നിയമനിർമ്മാണങ്ങളും ഉണ്ടായിട്ടുള്ളത്. 1980 മുതൽ ഉണ്ടായിട്ടുള്ള പല നിയമനിർമ്മാണങ്ങളുടെയും ഫലമായി പല സംഘങ്ങളും ഓരോ കക്ഷികളുടെ കയ്യിലുണ്ട്. അപ്പോൾ സംഘങ്ങൾ പിടിച്ചെടുക്കുകയെന്നതായിരുന്നു ലക്ഷ്യം. നിയമമുണ്ടെങ്കിലും അതിന്റെ പഴുത് ഉപയോഗിച്ച് നിയമങ്ങളെ ദുരുപയോഗപ്പെടുത്തിയിട്ടുണ്ട്. ഇവിടെ പറഞ്ഞതുപോലെ ഐഡന്റിറ്റി കാർഡ് നടപ്പിലാക്കാൻ തീരുമാനിച്ചു, കള്ളവോട്ട് തടയാൻവേണ്ടിയാണ് ഐഡന്റിറ്റികാർഡ് കമ്പൽസറിയാക്കി മാറ്റിയത്. എന്നാൽ ഐഡന്റിറ്റികാർഡ് വന്നതിനുശേഷവും നേരത്തെ ഒതുങ്ങിയും പതുങ്ങിയും കള്ളവോട്ട് ചെയ്യാൻ പോയിരുന്ന ആളുകൾ ഇപ്പോൾ മാന്യമായി ഐഡന്റിറ്റി കാർഡ് കൊണ്ടുപോയി ബൂത്തിൽചെന്ന് കള്ളവോട്ട് ചെയ്തുപോരുന്ന ഒരു സ്ഥിതിവിശേഷത്തിലേക്കാണ് ചെന്നെത്തിയിട്ടുള്ളത്. അതാണ് ഐഡന്റിറ്റികാർഡ് പ്രാബല്യത്തിൽ കൊണ്ടുവന്നപ്പോൾ സംഭവിച്ചത്. എന്നാൽപ്പോലും ഇവിടെ വന്നിട്ടുള്ള വ്യത്യസ്തങ്ങളായിട്ടുള്ള അഭിപ്രായങ്ങളുടെയും സെലക്ട് കമ്മിറ്റിയിലുണ്ടായ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ ധാരാളം മാറ്റങ്ങളുണ്ടായിട്ടുണ്ടെങ്കിലും ഇതിൽ കാതലായിട്ടുള്ള മാറ്റങ്ങൾ ഇനിയും ആവശ്യമാണെന്നാണ് എനിക്ക് പറയാനുള്ളത്. സെക്ഷൻ 20-ൽ വന്നിട്ടുള്ള ഭേദഗതി തന്നെ. ഇപ്പോൾ ഗവണ്മെന്റ് നോമിനി എന്നുപറഞ്ഞാൽ അത് അപ്പെക്സ് സഹകരണസംഘങ്ങൾക്ക് മാത്രം നല്കുകയാണ്. ഇവിടെ വന്നിട്ടുള്ള നിയമമനുസരിച്ച് ഗവണ്മെന്റ്, മെമ്പർ ആയിട്ടുള്ള സൊസൈറ്റികളിൽ എന്നുപറഞ്ഞാൽ ഗവണ്മെന്റിന്റെ ഷെയർ ഉള്ള ഏത് സൊസൈറ്റിയിലും നോമിനികളെ വയ്ക്കാനുള്ള അധികാരമുണ്ട്. അതുമായിട്ട് ബന്ധപ്പെട്ട് നോമിനിക്ക് ആ സൊസൈറ്റികളുടെ ഓഫീസ് ബെയറേഴ്സിന് വോട്ടവകാശം കൊടുക്കത്തക്കരീതിയിലുള്ള ഒരു ഭേദഗതി വന്നിരിക്കുകയാണ്. സംഘത്തിലും അപ്പെക്സ് സംഘങ്ങളിലും നോമിനേഷൻ പ്രൊവിഷൻ ഇല്ലെങ്കിൽപ്പോലും ഈ വകുപ്പിന്റെ ഫലമായി ഗവണ്മെന്റിന്റെ ഷെയറുള്ള ഗവണ്മെന്റിന് അംഗത്വമുള്ള എല്ലാ സംഘങ്ങളിലും ഗവണ്മെന്റിന്റെ നോമിനികളെ വയ്ക്കാനും അത് ദുരുപയോഗപ്പെടുത്താനും വക നല്കത്തക്കവിധത്തിലാണ് സെക്ഷൻ 20-ൽ ഈ സബ്-ക്ലോസ്സിൽ ഭേദഗതികൊണ്ടുവന്നിരിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മറ്റംഗങ്ങൾ പറഞ്ഞതുപോലെ ഈ നിയമനിർമ്മാണത്തിന്റെ ഫലമായി കേരളത്തിലെ ഏതാനും അപ്പെക്സ് സഹകരണസംഘങ്ങളിലെ ഭരണസമിതികളെ പിരിച്ചുവിടേണ്ട സാഹചര്യമാണ് ഉണ്ടാകുന്നത്. ജനാധിപത്യരീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു സംഘത്തിന്റെ ഭരണസമിതിയെ ഒരു നിയമഭേദഗതികൊണ്ട് പിരിച്ചുവിടാവുന്ന ഒരു സാഹചര്യമുണ്ടായിരിക്കുന്നത് ഒഴിവാക്കുന്നതിനെ സംബന്ധിച്ച് ഈ അവസാന സന്ദർഭത്തിൽ ക്ലാസ് ബൈ ക്ലാസ് ചർച്ചയുടെ ഘട്ടത്തിലെങ്കിലും ബഹുമാനപ്പെട്ട മന്ത്രി പുനർചിന്തനം നടത്തണമെന്നാണ് എനിക്കുപറയാനുള്ളത്. തെരഞ്ഞെടുക്കപ്പെട്ട ഒരു ഭരണസമിതിക്ക് അതിന്റെ സമയകാലാവധിവരെ തുടരാനും തുടർന്ന് ഭരണഘടനാപരമായ മാറ്റമുൾക്കൊണ്ടുകൊണ്ട് ഭാവിയിൽ മുന്നോട്ടുപോകാനും കഴിയത്തക്കരീതിയിലുള്ള ഒരു മാറ്റത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ചിന്തിക്കണമെന്നുകൂടി ഞാൻ പറയാനാഗ്രഹിക്കുകയാണ്. ഒന്നാമതായി സെലക്ട് കമ്മിറ്റി തെളിവെടുപ്പു ഘട്ടത്തിൽ തെളിവു നല്കുമ്പോൾ അംഗങ്ങൾക്കു മുൻപാകെ നല്കുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ ധാരാളം ഭേദഗതികൾ ഈ നിയമത്തിലുൾക്കൊള്ളിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള ഒരു നിലപാട് ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചിട്ടുണ്ട്. ഇവിടെ പ്രകടിപ്പിച്ചിട്ടുള്ള കാതലായിട്ടുള്ള മാറ്റങ്ങളും അതുമൂലമുണ്ടാകാവുന്ന ബുദ്ധിമുട്ടുകളും പരിഹരിച്ച് വിയോജനക്കുറുപ്പിൽ വന്നിട്ടുള്ള കാതലായ നിർദ്ദേശങ്ങളുൾക്കൊണ്ടുള്ള മാറ്റം വരുത്തിക്കൊണ്ട് എല്ലാവരുടെയും പ്രതീക്ഷയ്ക്കനുസൃതമായിട്ടുള്ള രീതിയിൽ ഒരു നിയമനിർമ്മാണം കൊണ്ടുവരണമെന്നുകൂടി ഇത്തരുണത്തിൽ പറയാൻ ഞാനാഗ്രഹിക്കുന്നു. ഇവിടെ പറഞ്ഞതുപോലെ വനിതകൾക്കും എസ്.സി./എസ്.ടി. ക്കും പ്രാതിനിധ്യം ഇല്ലെങ്കിൽ അത് ഗവണ്മെന്റോ രജിസ്ട്രാറോ നോമിനേറ്റ് ചെയ്യുന്നതിനുപകരം അതാത് ഭരണസമിതിക്ക് തന്നെ ആ പ്രതിനിധികളെ നോമിനേറ്റ് ചെയ്യുന്നതിനുള്ള അധികാരം കൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. മൂലനിയമത്തിൽതന്നെ രജിസ്ട്രാർ എന്നുപറയുന്നത് സർവ്വാധികാരിയാണ്. 1969-ലെ നിയമത്തിൽതന്നെ ഉള്ളതാണ്. അത് മാറ്റുന്നതിനെ സംബന്ധിച്ച് വേണ്ടത്ര രീതിയിൽ പുരോഗതിയുണ്ടായിട്ടില്ലെങ്കിലും കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ രജിസ്ട്രാർക്കോ അല്ലെങ്കിൽ ഗവണ്മെന്റിനോ നിയന്ത്രണമില്ലാത്ത സംഘങ്ങളെ അങ്ങനെ തുടർന്നുകൊണ്ടുപോകാൻ കഴിയുകയില്ലായെന്നതുകൊണ്ട് തന്നെ ഏതെങ്കിലും ഒരുദ്യോഗസ്ഥനോ ഗവണ്മെന്റിനോ കൂടുതൽ അധികാരം കൊടുക്കാതിരുന്നാൽ സഹകരണമേഖലയിലെ ഇന്നത്തെ ചീത്ത പ്രവണത തടുക്കാൻ കഴിയുകയില്ലായെന്നതുകൊണ്ട് മൂലനിയമത്തിൽ രജിസ്ട്രാർക്കുണ്ടായിരുന്ന അധികാരം അല്പം കൂടുതൽ കൊടുത്തുവെന്നുള്ള ആക്ഷേപം ഉണ്ട്. അതുകൂടി ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണമെന്ന് മാത്രമേ ഞാൻ ഈയവസരത്തിൽ പറയുന്നുള്ളൂ. വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ മറ്റംഗങ്ങൾകൂടി സംസാരിക്കാനുള്ളതുകൊണ്ടും അങ്ങയുടെ പ്രയാസം ഞാൻ മനസ്സിലാക്കുന്നതുകൊണ്ടും എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്.

<u>മി. സ്പീക്കർ</u> : താങ്ക് യൂ മിസ്റ്റർ മജീദ്. ഇനി ശ്രീ.കെ. നാരായണക്കുറുപ്പ്.

<u>ശ്രീ. കെ. നാരായണക്കുറുപ്പ്</u> : സർ, നമ്മുടെ സഹകരണസംഘങ്ങളും സഹകരണപ്രസ്ഥാനവും വളർന്നുകൊണ്ടിരിക്കുന്നതുകൊണ്ടുമാത്രമാണ് ജനാധിപത്യം നമ്മുടെ നാട്ടിൽ സംരക്ഷിക്കപ്പെടുന്നുവെന്ന് കുറച്ചുപേർക്കെ

LIBRARY ARCHIVES Kerala Legislative Assembly

ങ്കിലും വിശ്വസിക്കാൻ കഴിയുന്നത്. ജനാധിപത്യത്തിന്റെ പ്രക്രിയകൾ കൂടുതലും നമുക്ക് അനുഭവപ്പെട്ടിട്ടുള്ളത് സഹകരണസംഘങ്ങളിലാണ്. അതും ഇന്ന് നഷ്ടപ്പെടുന്ന ഒരു രീതിയിലേയ്ക്ക് പോകുന്നുവെന്ന് സംശയമുള്ളതുകൊണ്ടാണ് ഈ ഭേദഗതി ബില്ലിനകത്തെ ചില വകുപ്പുകളോട് ഞങ്ങൾ വിയോജിക്കുന്നതും വിയോജനക്കുറിപ്പ് ഇവിടെ രേഖപ്പെടുത്തുന്നതും. പണ്ട് ഇത് ആരംഭിച്ച കാലത്ത് all for each and each for all എന്നുള്ള ഒരു നല്ല ധർമ്മം, മർമ്മം ഉണ്ടായിരുന്നു. ഇന്ന് ആ ധർമ്മവും മർമ്മവുമെല്ലാം മാറി കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്ന നിലയിൽ ഈ സഹകരണമേഖലയെ ഒരു പാർട്ടിയല്ല, എല്ലാ പാർട്ടികളും തട്ടിത്തകർത്തുകൊണ്ടുവരാനുള്ള ഒരു ശ്രമം നടക്കുകയാണ്. പക്ഷെ നഷ്ടപ്പെടുന്നത് ജനങ്ങൾക്കാണ്. രാഷ്ട്രീയപാർട്ടികൾക്ക് അല്ല, ജനങ്ങൾതന്നെ ഒരു കാലത്ത് അവരുടെ സ്വമേധയായുള്ള ശക്തി സംഭരിച്ച് ഒരു സൊസൈറ്റി വേണമെന്ന് തീരുമാനിക്കുകയും ആ സൊസൈറ്റി രൂപപ്പെടുകയും അത് ഭരിക്കുകയും ചെയ്തപ്പോൾ അന്ന് മേലാളൻമാർ ആരുമില്ലായിരുന്നു. സഹകരണപ്രസ്ഥാനം വളർന്നുവരുന്ന ഒരു പ്രക്രിയയുള്ളതാണ്. അതുകൊണ്ട് മാറ്റങ്ങൾ നിയമത്തിലുണ്ടാകണമെന്നുള്ളത് ശരിയാണ്. പക്ഷെ മാറ്റങ്ങളുണ്ടാകുമ്പോൾ ആ മാറ്റങ്ങൾ ഏത് രീതിയിൽ വേണമെന്നുള്ളതാണ് വിശാലമായ ചിന്താഗതിയിൽ അവസാനിപ്പിക്കേണ്ടത്. അധികാരങ്ങൾ സർക്കാരിലേയ്ക്കും രജിസ്ട്രാറിലേയ്ക്കും കവർന്നു പോവുകയാണോ അതോ ജനങ്ങളിലേക്ക് കൊടുക്കുകയാണോ വേണ്ടതെന്നുള്ളതിലാണ് തർക്കം. ഇന്ന് ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഈ ഭേദഗതി ബില്ലിൽ പലതും അവ്യക്തമാണ്. അപൂർണ്ണമാണ്. അതുകൊണ്ട് അനാശാസ്യവുമാണ്. അതുകൊണ്ടുമാത്രമാണ് ചില ഭേദഗതികൾ, മാറ്റങ്ങൾ ആവശ്യപ്പെടുന്നത്. ഈ ഭേദഗതി ബില്ലിൽ ധാരാളം നല്ല ഭാഗങ്ങളുണ്ട്. ഞാൻ അതിനെ അനുമോദിക്കുകയും ചെയ്യുന്നു. പക്ഷെ, എങ്ങോട്ട് പോകണം, ഇടത്തോട്ട് പോകണമോ, വലത്തോട്ട് പോകണമോ എന്ന് നിശ്ചയിക്കാൻ കഴിയാത്ത വിധത്തിൽ അധികാരങ്ങൾ മറ്റുള്ള ആളുകളുടെ കൈയിൽ കൊടുക്കുന്ന ചില അപൂർണ്ണ വാചകങ്ങളും അർത്ഥങ്ങളും ഇതിലുള്ളതുകൊണ്ടാണ് ഭയപ്പെടുന്നത്. അതൊക്കെ വ്യക്തമായി ബില്ലിൽ പറയേണ്ടതായിരുന്നു. ഞാൻ ആദ്യംതന്നെ പറഞ്ഞല്ലോ കൈയൂക്കുള്ളവൻ കാര്യക്കാരൻ എന്ന നിലയിലേയ്ക്ക് ഈ സംഘങ്ങളെ അയച്ചാൽ ഒരു കാലത്ത് ഈ സംഘം കൊണ്ട് ഉദ്ദേശിച്ച പ്രയോജനം കിട്ടുകയില്ല. ജനങ്ങളുടെ അഭിപ്രായം മാനിക്കപ്പെടുന്നുവെന്നുള്ളത് ഇന്ന് ഒരിടത്തും ഇല്ലെങ്കിലും സഹകരണ സംഘങ്ങളിലുണ്ട്. അവിടെയും തർക്കങ്ങളുണ്ടാകാതിരിക്കാൻവേണ്ടിയാണ് അവ്യക്തമായ ഈ വകുപ്പുകളിൽ വ്യക്തതയുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുന്നത്. അദ്ദേഹം കാണിച്ചതൊന്നും തെറ്റാണെന്ന് ഞാൻ പറയുന്നില്ല. പക്ഷെ വ്യക്തത പോരാ. അതുപോലെതന്നെ എക്സാമിനേഷൻ ബോർഡിന്റെ രൂപീകരണത്തെക്കുറിച്ച് ഇതിൽ പറയുന്നു. ഇത് എന്ത് ബോർഡാണ്, ആരാണ് ഇവിടെ ഇരിക്കേണ്ടത്, അവരുടെ യോഗ്യത എന്താണ്. അവർക്ക് എന്തൊക്കെ ചെയ്യാൻ കഴിയുമെന്നുള്ള കാര്യത്തിൽ വ്യക്തതയില്ല. എക്സാമിനേഷൻ ബോർഡ് എന്ന് അവ്യക്തമായ ഒരു രീതി കൊടുത്താൽ അതിൽ ഭാവിയിൽ വരുന്ന ആർക്കും എന്തും ഇട്ട് നിറയ്ക്കാൻ കഴിയും. അത് പാടില്ല. എന്താണ് ചെയ്യാൻ പോകുന്നതെന്ന് സഹകാരികൾക്കും അല്ലാത്തവർക്കും ബോദ്ധ്യമാകണം. ഈ എക്സാമിനേഷൻ ബോർഡ് എവിടെവരെ പ്രവർത്തിക്കും. അവർക്ക് എന്ത് ചെയ്യാൻ കഴിയുമെന്ന് അറിയണം.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ജി. സുധാകരൻ</u> : അങ്ങ് സഹകാരികളെക്കുറിച്ച് പറഞ്ഞല്ലോ. അങ്ങ് ഏതെങ്കിലും സഹകരണ സംഘത്തിലെ മെമ്പറാണോ, മെമ്പറായി പ്രവർത്തിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. കെ. നാരായണക്കുറുപ്പ്</u> : 45 വർഷക്കാലമായി സഹകരണമേഖല യിൽ പ്രവർത്തിക്കുന്ന ആളാണ് ഞാൻ. ഇന്നും ഒരു സഹകരണ സംഘ ത്തിന്റെ പ്രസിഡന്റാണ്.

<u>ശ്രീ. ടി.എം. ജേക്കബ്</u> : പ്രൊഫ. നാരായണക്കുറുപ്പിന് ഇക്കാര്യത്തി ലൊക്കെ വളരെ ഗഹനമായിട്ടുള്ള ജ്ഞാനമുണ്ട്. അതുകൊണ്ടാണ് മുഖ്യ മന്ത്രി തുടക്കംമുതൽ വളരെ കീനായിട്ട് ഇത് ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നത്. അതുതന്നെ ഒരു തെളിവല്ലേ?

<u>ശ്രീ. കെ. നാരായണക്കുറുപ്പ്</u> : പ്രാഥമിക സംഘത്തിലും ജില്ലാ ബാങ്കു കളിലുമെല്ലാം ഞാൻ മെമ്പറായിരുന്നു. അവിടെയൊന്നും ഞങ്ങൾ ഭരിച്ച തിന്റെ പ്രത്യാഘാതങ്ങൾ പിന്നീട് ആർക്കും അനുഭവിക്കേണ്ടി വന്നില്ല. എന്റെ ഡിസെന്റിംഗ് നോട്ടിൽ പറഞ്ഞിട്ടുള്ള ചില കാര്യങ്ങൾ ഞാൻ ഇവിടെ എടുത്തുകാണിക്കുന്നുവെന്നു മാത്രമേയുള്ളു. അതുകൊണ്ട് ഈ ബില്ലിനെ ആകെ എതിർക്കുന്നുവെന്ന് അർത്ഥമില്ല. പക്ഷെ ചില കാര്യങ്ങളൊക്കെ വ്യക്തമായി പറയേണ്ടതായിരുന്നു. വ്യക്തമായി പറയാത്തതുകൊണ്ട് ഭാവി യിൽ കൈകാര്യം ചെയ്യുന്ന ആളുകൾ എങ്ങോട്ടുപോകുമെന്ന് അറിയാൻ കഴിയുകയില്ല.

സർ, അപ്പെക്സ് സൊസൈറ്റിയിൽ എല്ലാ ജില്ലകളിലെയും പ്രാതി നിധ്യം വേണമെന്ന് വാദിക്കുന്നതിൽ ഒരു ദു :സൂചനയുണ്ട്. എവിടെയൊക്കെ സൊസൈറ്റികളുണ്ടോ അവിടത്തെ മെമ്പർമാരാണ് തെരഞ്ഞെടുക്കേണ്ടത്. എല്ലാം ജില്ലാടിസ്ഥാനത്തിൽ ചെയ്യുമ്പോൾ പ്രവർത്തനമില്ലാത്ത ജില്ലകളിലും ആ സൊസൈറ്റി രൂപീകരിക്കേണ്ടിവരും. ആ സൊസൈറ്റികൾ കൈയിൽ അടക്കിയാൽ ഒരു പ്രവേശനദ്വാരമായി. അതുകൊണ്ട് മറ്റുള്ള സൊസൈറ്റിക ളെയും കീഴടക്കാമെന്നുള്ള വ്യാമോഹം, ഇന്നത്തെ മന്ത്രിക്ക് അതുണ്ടാവുക യില്ല. ഭാവിയിൽ ആർക്കെങ്കിലും ഉണ്ടായാൽ നമുക്ക് അതിന് വഴിവച്ചുകൊടു ക്കേണ്ട കാര്യമില്ല. അതുകൊണ്ട് അപ്പെക്സ് സൊസൈറ്റിയിലെ ഇക്കാര്യ ത്തെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്.

അതുപോലെതന്നെ എക്സാമിനേഷൻ ബോർഡിനെ സംബന്ധിച്ച് പറഞ്ഞിരിക്കുന്ന വസ്തുതകൾ അപൂർണ്ണമാണ്. റിസർവേഷന്റെ കാര്യത്തി ലായാലും കാര്യങ്ങൾ പറഞ്ഞിട്ടുണ്ടെന്നല്ലാതെ അത് എങ്ങനെയാണ്, ഭാവി യിൽ നന്മയ്ക്കോ തിന്മയ്ക്കോ എന്തിനുവേണ്ടിയാണ് ഇത് ചെയ്യാൻ പോകു ന്നതെന്നുള്ള വിശദീകരണം അതിലുണ്ടാകേണ്ടതായിരുന്നു. കൺസോളിഡേ റ്റഡ് ഫണ്ട്, ഡെവലപ്മെന്റ് ഫണ്ട്, വെൽഫെയർ ഫണ്ട് എന്നൊക്കെ പറഞ്ഞ തിനോട് യോജിക്കുന്നു. അതൊക്കെ നല്ല കാര്യങ്ങളാണ്. അങ്ങനെ നല്ല കാര്യങ്ങൾ ചെയ്യുന്നതിനിടയ്ക്ക് മറ്റു ചില കാര്യങ്ങൾ ചെയ്തോയെന്ന് സംശയമുണ്ട്. ആർബിട്രേഷൻ ക്ലാസ്സിൽ പുതിയതായി ആരാണ് ആർബിട്രേറ്റ റായി വരുന്നത്. അവരുടെ യോഗ്യത എന്താണെന്നൊക്കെ പിന്നീട് തീരുമാനി ക്കാമെന്ന് പറഞ്ഞാൽ അങ്ങും ഞാനും ആയിരിക്കുകയില്ലല്ലോ ചെയ്യുന്നതും കേൾക്കുന്നതും. മറ്റുള്ളവർ ചെയ്യുമ്പോൾ അവർക്ക് ഇഷ്ടമുള്ള ആളുകളെ ആർബിട്രേറ്ററാക്കി വച്ചാൽ അത് അപകടകരമായിത്തീരും. നിഷ്പക്ഷമായി പെരുമാറുന്ന ഒരാളെ അതിനുവേണ്ടി കണ്ടെത്തണം. നോമിനേഷൻ ഫണ്ട് അപ്പെക്സ് സൊസൈറ്റികളിലും ചില സെൻട്രൽ സൊസൈറ്റികളിലും

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതും വ്യക്തമായി പറയാത്തതുകൊണ്ട് സാധാരണ പ്രൈമറി സൊസൈറ്റികളിൽ പോലും സർക്കാരിന്റെ നോമിനികൾ വരുമോയെന്ന് ഭയപ്പെടേണ്ടിയിരിക്കുന്നു.

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : ശ്രീ. നാരായണക്കുറുപ്പ് പറഞ്ഞത് 45 വർഷമായി അദ്ദേഹം സഹകരണമേഖലയിൽ പ്രവർത്തിക്കുന്നുവെന്നാണ് നോമിനേഷൻ ഇപ്പോൾ മാത്രമേ ഉള്ളോ?

<u>ശ്രീ. കെ. നാരായണക്കുറിപ്പ്</u> : എന്നല്ല പറഞ്ഞത്. അപ്പെക്സ് സൊസൈറ്റികളിലും സെൻട്രൽ സൊസൈറ്റികളിലും നോമിനേഷൻ പണ്ട് ഉണ്ടായിരുന്നു. പ്രൈമറി സൊസൈറ്റികളിൽ ഇല്ലായിരുന്നുവെന്നാണ് പറഞ്ഞത്.

സർ, അതുപോലെതന്നെ ആഡിറ്റ് ചെയ്യേണ്ട ആൾ ആരാണ്? ആഡിറ്റ് ചെയ്യുന്ന ആൾ നിഷ്പക്ഷമായി കൈകാര്യം ചെയ്യുന്നയാളാണോയെന്ന് വ്യക്തമായി പറയണം. അതുപോലെതന്നെ ഇലക്ഷൻ കമ്മിഷനെ സംബന്ധിച്ചിടത്തോളം ധാരാളം ദുരൂഹതകളുണ്ട്. ആ കമ്മിഷനിലെ അംഗങ്ങൾ എത്രയാണ്? അതിലെ ആളുകളുടെ യോഗ്യതയെന്താണ് എന്നുള്ളതെല്ലാം പറയാതിരുന്നാൽ ഒരു പക്ഷേ ഭരിക്കുന്നതാരായാലും, ഇന്നത്തെ ഭരണമല്ല, അവർക്ക് ഇഷ്ടമുള്ള ആളുകളെ കുത്തിനിറയ്ക്കാനുള്ള ഒരു ഏർപ്പാടായി മാറുമെന്നു മാത്രമേ എനിക്ക് പറയാനുള്ളൂ. അതുപോലെതന്നെ അഡ്മിനിസ്ട്രേറ്റർ എന്ന കുന്തം വലിയൊരു ഏർപ്പാടാണ്. ശരിയായി തെരഞ്ഞെടുക്കപ്പെട്ട ആളുകൾ ഭരിക്കേണ്ട സ്ഥലത്ത്, ദൈനംദിന കാര്യങ്ങൾ മാത്രം നോക്കാൻവേണ്ടി അഡ്മിനിസ്ട്രേറ്ററായി വയ്ക്കുന്ന ആളുകൾക്ക് ഒരുപാട് അധികാരങ്ങൾ കൊടുക്കുന്നു. അംഗങ്ങളെ ചേർക്കാം. അവരെ മാറ്റാം. ലോൺ കൊടുക്കാമെന്നെല്ലാം പറയുന്നത് ശരിയല്ല. ദൈനംദിന കാര്യങ്ങളിൽ മാത്രം ഏർപ്പെടാൻ കഴിയുന്ന ഒരു അഡ്മിനിസ്ട്രേറ്ററെക്കൊണ്ട് താൽക്കാലികമായിട്ടുള്ള വിടവുകൾ നികത്താനേ നിശ്ചയിക്കാൻ പാടുള്ളൂ. അതുപോലെ ഒട്ടനവധി ഭാഗങ്ങളിൽ ദുരൂഹത നിറഞ്ഞിരിക്കുന്നതുകൊണ്ട് എന്താണ് ഇതിന്റെ ആത്യന്തികമായ അർത്ഥം? ആത്യന്തികമായ ഫലമെന്തെന്ന് അറിയാൻ പാടില്ലാത്തതുകൊണ്ട്, വിവരമുള്ള ആളുകളെ ആയിരിക്കുമോ വിവരമില്ലാത്ത ആളുകളെ ആയിരിക്കുമോ,യോഗ്യതയുള്ള ആളുകളെ ആയിരിക്കുമോ അല്ലാത്തവരെ ആയിരിക്കുമോ ഈ ബോർഡിലേയ്ക്ക് കൊണ്ടുവരുന്നതെന്ന് ഇപ്പോൾ നമുക്ക് അറിയാൻ പാടില്ലാത്തതുകൊണ്ട് ഈ ദുരൂഹത പാടില്ലായിന്നുവെന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ. ഇതൊരു കുറ്റമറ്റ അമെന്റ്മെന്റ് ബിൽ ആകേണ്ടതായിരുന്നു. അതല്ലാതെ വന്നതുകൊണ്ട്, വളരെ സൗന്ദര്യമുള്ള സ്ത്രീയാണെങ്കിലും കരചരണമറ്റ ഒരു മാംസപിണ്ഡം പോലെ, ചലനാത്മകമെന്ന് ബഹുമാനപ്പെട്ട മന്ത്രി കൂടെകൂടെ പറയാറുണ്ടെങ്കിലും, ചലനാത്മകമല്ലാത്ത ഒരു ശവശരീരംപോലെ നമ്മൾ ഈ ബില്ലിനെ മാറ്റിയെടുക്കാൻ ശ്രമിക്കുന്നത് ശരിയല്ലെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. എനിക്ക് അഭിപ്രായവ്യത്യാസങ്ങളുള്ള കാര്യങ്ങളിൽ ചിലതുമാത്രമേ ഞാൻ പറഞ്ഞിട്ടുള്ളൂ. അതിൽ മാറ്റങ്ങൾ വരുത്താൻ ശ്രമിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

12.30 P.M

<u>ശ്രീ. വർഗ്ഗീസ് വൈദ്യർ</u> : സർ, സെലക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1999-ലെ കേരള സഹകരണസംഘം (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ അവതരിപ്പിച്ച സഹകരണ ബില്ലിനെ സംബന്ധിച്ചിടത്തോളം കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇത്രയും ആളുകൾ പൊതു ചർച്ചയിൽ പങ്കെടുത്തിട്ടുള്ളത്. അതിന്റെ സന്തതിയാണ് സെലക്ട് കമ്മിറ്റിയിലൂടെ വന്നിട്ടുള്ളത്. 1969-ലെ സഹകരണ നിയമമാണ് കേരളത്തിലുണ്ടായിരുന്നത്. ആ ബിൽ വരുന്നതിനു മുമ്പായി സഹകരണ കോൺഗ്രസ് കൂടുകയും അന്നത്തെ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി അത് ഉൽഘാടനം ചെയ്യുകയും ചെയ്തിരുന്നു. അതിനുശേഷമാണ് അഞ്ചു കൊല്ലം കാലാവധിയാക്കി കൊണ്ടുള്ള ബില്ല് ഗവണ്മെന്റ് 1969-ൽ കൊണ്ടുവന്നത്. എന്നാൽ ആ ബില്ലിനെയാണ് യു.ഡി.എഫ്. മൂന്നു കൊല്ലമാക്കി കഴുത്തറുത്ത് രക്തം ഊറ്റിക്കുടിച്ചത്. ആ സമയത്ത് അതിനെപ്പറ്റി ആരും ഒന്നും മിണ്ടിയില്ല. അതിന്റെ രക്തവും കുടിച്ച രുചിയോടുകൂടി മാംസവും തിന്നവരാണ് അഞ്ചു കൊല്ലമാക്കുന്നതിനെ സംബന്ധിച്ച് ആവലാതിപ്പെടുന്നത്. അതുകൊണ്ട് അതിൽ അർത്ഥമില്ല. നാം ഇതുവരെ സ്വപ്നം കാണാതിരുന്ന പല സംഭവ വികാസങ്ങളും ഇന്ന് ലോകത്തു നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായിട്ടാണ് സെക്രട്ടറിയേറ്റ് മുതൽ പഞ്ചായത്തുവരെ കമ്പ്യൂട്ടർ ശൃംഖല വ്യാപിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടക്കുന്നത്. ലോകത്തിലെ മുഴുവൻ മാറ്റങ്ങളും മനസ്സിലാക്കി, ഗുണകരമായ മാറ്റങ്ങൾ ഉൾക്കൊള്ളാൻ തയ്യാറാകാൻവേണ്ടിയാണ് ഭാവിതലമുറയെ നാം പടുത്തുയർത്തേണ്ടത്. കേരളത്തിൽ അരിയുടെ ഉല്പാദനം വളരെ കുറവാണ്. ഏതാണ്ട് നാലിൽ ഒന്ന് ഭാഗത്ത് മാത്രമേ നെല്ല് ഉല്പാദിപ്പിക്കുന്നുള്ളൂ. സഹകരണ കാർഷിക ബാങ്കുകൾ മുഖേന നെൽകൃഷിക്കാർക്ക് കൊടുക്കുന്ന വായ്പയ്ക്ക് പലിശ ഒഴിവാക്കണം. ഇപ്പോൾ മാവേലിസ്റ്റോറുകളിലൂടെയും മറ്റുമായി 126 കോടി രൂപ സബ്സിഡി കൊടുക്കുന്നുണ്ട്. കൂടുതൽ അരി ഉല്പാദിപ്പിക്കുന്നതിന് കൃഷിക്കാരുടെ നഷ്ടം പരിഹരിക്കുന്നതിന് സഹായ സഹകരണങ്ങൾ ചെയ്യുന്നതിനുവേണ്ടി നെൽകൃഷിക്കാർക്ക് നൽകുന്ന വായ്പയ്ക്ക് പലിശ ഈടാക്കാൻ പാടില്ല. നാളികേരം, റബ്ബർ എന്നിവയും കേരളത്തിലെ പ്രധാന ഉല്പന്നങ്ങളാണ്. കേരളത്തിൽ ഏതാണ്ട് അൻപതു ലക്ഷത്തോളം വരുന്ന കൃഷിക്കാർ തെങ്ങുകൃഷിയും, റബർ കൃഷിയും കൊണ്ടാണ് ജീവിക്കുന്നത്. ഈ മേഖലയിൽ തൊഴിലാളികളടക്കം ഒരു കോടിയോളം ആളുകൾ പണിയെടുക്കുന്നുണ്ട്. ആ ഒരു കോടിയോളം വരുന്ന കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില കിട്ടാതെ മാരകമായ രോഗങ്ങൾ വന്ന് ഉല്പന്നങ്ങൾ നശിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് സഹകരണാടിസ്ഥാനത്തിൽ ഈ കൃഷിക്കാരെ സംഘടിപ്പിച്ച് അവരിൽനിന്ന് നൂറു രൂപ വീതം മെമ്പർഷിപ്പ് എടുക്കുകയാണെങ്കിൽ, അതിൽ പത്തിരട്ടി വരികയാണെങ്കിൽ ഏതാണ്ട് ആയിരം കോടി രൂപ സഹകരണ പ്രസ്ഥാനത്തിന് നേടിയെടുക്കാനും അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിൽക്കൂടെ തെങ്ങ്, റബർ തുടങ്ങിയ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കാനും, പുതിയ വ്യവസായങ്ങൾ കണ്ടുപിടിക്കാനും സാധിക്കും. ആ നിലയ്ക്കുള്ള സഹകരണപ്രസ്ഥാനത്തിന് പഞ്ചായത്ത് അടിസ്ഥാനത്തിലും വാർഡ് അടിസ്ഥാനത്തിലും പ്രചാരണം നടത്തി ജനങ്ങളെ ബോധവൽക്കരിച്ച് അവരെക്കൊണ്ട് മെമ്പർഷിപ്പ് എടുപ്പിച്ചാൽ രാജ്യത്തെ ഉല്പാദനം വർദ്ധിപ്പിക്കാൻ സാധിക്കും. ഇന്ന് തെങ്ങൊന്നിന് ശരാശരി ഇരുപതും ഇരുപത്തഞ്ചും തേങ്ങ ഒരു കൊല്ലത്തിൽ കിട്ടുന്നത് വെച്ച് കണക്കാക്കിയാൽ ഉൽപ്പാദനം ഇരട്ടിയാക്കാൻ കഴിയും. അതിനാവശ്യമായ സൗകര്യങ്ങൾ, മറ്റു പദ്ധതികൾ, മണ്ണൊലിപ്പ് തടയുന്നതിനുള്ള നടപടികൾ, ട്രഞ്ചുകൾ കീറൽ, പുഴകളും അതിനോടു ചേർന്നു

LIBRARY ARCHIVES Kerala Legislative Assembly

വരുന്ന തോടുകളും കൃഷിക്കാർക്ക് ഉപകാരപ്രദമാക്കിത്തീർക്കാനുള്ള പദ്ധതികൾ തുടങ്ങിയവ നടപ്പിലാക്കുകയാണെങ്കിൽ ഉല്പാദനം വർദ്ധിപ്പിക്കാൻ സാധിക്കും. ഇതെല്ലാം സഹകരണാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ സാധിക്കുന്നതാണ്. ആ നിലയിലുള്ള നടപടികൾ സഹകരണാടിസ്ഥാനത്തിൽ നടപ്പിലാക്കുകയാണെങ്കിൽ പത്തു കൊല്ലം കൊണ്ട് കൃഷിക്കാർക്ക് ആവശ്യമായ ഫണ്ട് സ്വരൂപിക്കാനും ഉല്പാദനം വർദ്ധിപ്പിക്കാനും കഴിയും. ഇപ്പോൾ കേരളത്തിൽനിന്നും വിദേശ രാജ്യങ്ങളിൽ പോയി പണിയെടുക്കുന്നവർ അയയ്ക്കുന്ന ഏതാണ്ട് അയ്യായിരം കോടി രൂപ കേരളത്തിലേക്കു വരുന്നത് ദേശവൽക്കൃത ബാങ്കുകൾ മുഖേനയാണ്. ആ കാശ് സഹകരണസംഘങ്ങളിൽ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. അതുപോലെ വീടു വീടാന്തരം കയറിയിറങ്ങി സഹകരണാടിസ്ഥാനത്തിൽ ഗ്രാമീണ സഹകരണസംഘങ്ങൾ രൂപീകരിച്ചാൽ കൊല്ലത്തിൽ പതിനായിരം കോടി രൂപയുടെ വരുമാനം കണ്ടെത്താൻ സാധിക്കും. അങ്ങനെ വരികയാണെങ്കിൽ കേരളത്തിൽ റബ്ബർ ഉല്പാദനവും തേങ്ങയുടെ ഉല്പാദനവും വർദ്ധിപ്പിക്കാനും സഹകരണാടിസ്ഥാനത്തിൽ ഫാക്ടറികൾ മുഖേനയോ, മറ്റു വ്യവസായ സംരംഭങ്ങൾ മുഖേനയോ ഈ ഉല്പന്നങ്ങൾ സംസ്ക്കരിക്കാനും തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാനും സാധിക്കും. അതിന്റെ തുടക്കമായിട്ടാണ് ഈ സഹകരണ ബിൽ കൊണ്ടുവന്നിട്ടുള്ളത്. ക്രിസ്തുവിന്റെ കാര്യമൊക്കെ ആരോ ഇവിടെ പറഞ്ഞു. ക്രിസ്തു ജനിച്ചപ്പോൾത്തന്നെ ക്രിസ്തുവിനെ കൊല്ലാൻവേണ്ടി ഹെറോദ രാജാവ് അന്നത്തെ രണ്ടുവയസ്സിനു താഴെയുള്ള കുട്ടികളെയെല്ലാം കൊല്ലാൻ ഉത്തരവിട്ടു. എന്നിട്ടും ക്രിസ്തുവിനെ കൊല്ലാൻ കഴിഞ്ഞില്ല. ക്രിസ്തു ഉയർത്തെഴുന്നേറ്റുവെന്നാണ് പറയുന്നത്. അതുപോലെ ഈ ബില്ലും പുനരുദ്ധരിച്ചുകൊണ്ട് രാജ്യത്താകെ വ്യാപിക്കും. ഇൻഡ്യയ്ക്കും ലോകത്തിനും ആകെ മാതൃകയാക്കി ഈ സഹകരണപ്രസ്ഥാനം മാറ്റുന്നതിനുവേണ്ടിയുള്ള കേരളത്തിലെ സഹകരണപ്രസ്ഥാനത്തിന് തുടക്കം മുതൽ തന്നെ അതിനെ മുച്ചൂടും മുടിക്കുന്നതിനുള്ള ബോധപൂർവമായ ശ്രമമാണ് അപ്പുറത്തുള്ളവർ നടത്തുന്നത്. അതുകൊണ്ടാണ് ക്രിസ്തുവിന്റെ പേരു പറഞ്ഞത്. സഹകരണപ്രസ്ഥാനത്തെ തകർക്കാനുള്ള ബോധപൂർവമായ ശ്രമമാണ് നടത്തുന്നത്. ഭൂപരിഷ്കരണം നടപ്പിലാക്കിയപ്പോൾ ഇവിടെ എല്ലാം അപകടത്തിലാണെന്നു പറഞ്ഞ് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചവരാണ്. ആ നിലയിൽ അന്ന് പത്രങ്ങൾ എഴുതി. ഇൻഡ്യ ഇന്ന് ഒരു ദരിദ്ര രാജ്യമായി മാറിക്കൊണ്ടിരിക്കുകയാണ്. ഇവിടെയുള്ള 50% ആളുകളും ദാരിദ്ര്യരേഖയ്ക്കു താഴെയാണെന്നാണ് ലോകത്തിന്റെ കണക്ക്. ഇൻഡ്യയെപ്പോലെ കാർഷിക അഭിവൃദ്ധിയുള്ള വേറൊരു രാജ്യവുമില്ല. ഈ രാജ്യത്തെ തകർത്തത് ആരാണെന്ന് നിങ്ങൾ ആലോചിക്കണം. ഇവിടെയുള്ള പൊതുമേഖലാസ്ഥാപനങ്ങൾ, ദേശസാൽക്കൃതബാങ്കുകൾ, ഇൻഷ്വറൻസ് എല്ലാം വിറ്റഴിച്ച് അതിന്റെ കാശ് പോക്കറ്റിലാക്കി അതിനെ നശിപ്പിക്കുന്ന ബി.ജെ.പി. യും കോൺഗ്രസ്സും ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണ്. എങ്കിലും അന്നത്തെ അത്രയും ഇന്നില്ല. ഞങ്ങൾ പുണ്യവാളൻമാരാണെന്നും നിങ്ങൾ കൊണ്ടുവരുന്നതെല്ലാം തെറ്റാണെന്നുമുള്ള രീതിയിൽ പറയുന്ന പിശാചുക്കളുടെ രൂപത്തിലുള്ളവരാണ് ഇന്നു നിലകൊള്ളുന്നത്. നിങ്ങൾ അതു മനസ്സിലാക്കുമോ. അത് ആരൊക്കെയാണ്. വ്യവസായം തുടങ്ങാൻ ഈ രാജ്യത്തെ കോൺഗ്രസ്സുകാർ, ഇവിടെ എന്തെങ്കിലും ഗുണം ചെയ്യുന്നുണ്ടോ? ദേശസാൽക്കൃത ബാങ്കുകളിൽ നിക്ഷേപിക്കപ്പെടുന്ന തുകയുടെ 50% മാത്രമേ ഇവിടെ കൊടുക്കുന്നുള്ളു. ബാക്കി മുഴുവനും അന്യ സംസ്ഥാനങ്ങളിലേയ്ക്കാണ് ഒഴുകുന്നത്. ആ നിലയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഈ കാര്യങ്ങൾ ഈ രാജ്യത്തിലെ ജനങ്ങളെ ബോധ്യപ്പെടുത്തിയാൽ ഇവിടെയുള്ള നിക്ഷേപങ്ങൾ പത്ത് ഇരട്ടിയല്ല. 100 ഇരട്ടി വർദ്ധിക്കുമെന്നുള്ളത് ഒരു സത്യമാണ്. കഴിഞ്ഞ പ്രാവശ്യം നിങ്ങൾ അഴിമതി നടത്തുകയല്ലേ ചെയ്തത്? ഞാൻ അംഗമായിരുന്ന സഹകരണബാങ്കിൽ ഒരു ദിവസം ചെല്ലുമ്പോൾ അത് പിരിച്ചുവിട്ടുവെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അതിന്റെ കാലാവധി മൂന്നു വർഷമായി. മൂന്നു വർഷത്തെ കാലാവധിയാക്കിയതിനാൽ 15 വർഷം കൊണ്ട് 5 പ്രാവശ്യത്തെ തെരഞ്ഞെടുപ്പ് നടത്തി. പോലീസുകാരെയും ഉദ്യോഗസ്ഥന്മാരെയുമൊക്കെ വച്ച് ചെറുകിട സഹകരണബാങ്കിനെ മുഴുവൻ തകർത്ത് തരിപ്പണമാക്കി. അതിനുവേണ്ടി എതിർത്തവരെ വെടിവെച്ച് കൊന്ന വഞ്ചകപരിഷകൾ ഇപ്പോൾ ഇവിടെവന്ന് പറയുകയാണ് രാജ്യത്ത് നീതി നടപ്പിലാക്കണമെന്ന്. ഇക്കാര്യങ്ങളെല്ലാം ജനങ്ങളെ ബോധ്യപ്പെടുത്തിക്കൊണ്ട് ചങ്കൂറ്റത്തോടുകൂടി നിയമം മുന്നോട്ടുകൊണ്ടുപോകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ ശ്രീ.പി. വിശ്വൻ)

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : സർ, സെലക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1999-ലെ കേരള സഹകരണസംഘം (ഭേദഗതി) ബിൽ വീണ്ടും അതേ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. സെലക്ട് കമ്മിറ്റി തെളിവെടുപ്പ് നടത്തിയ അവസരങ്ങളിലൊന്നും അപ്പുറത്തിരിക്കുന്ന ബഹുമാനപ്പെട്ട മെമ്പറൻമാർ ഇതുപോലൊരു സമീപനം സ്വീകരിക്കുമെന്ന് പ്രകടിപ്പിച്ചില്ല. വളരെ ക്രിയാത്മകമായ സഹകരണമായിരുന്നു. ഈ വകുപ്പുകളുടെ ഭേദഗതികളെക്കുറിച്ച് വലിയ തർക്കങ്ങൾ ഉന്നയിക്കാത്തവർ ഇവിടെ വന്നപ്പോൾ പ്രതിപക്ഷത്തിന്റെ കടമ എതിർക്കുകയെന്നുള്ളതാണെന്ന് കണ്ടിട്ടാണ് ഈ ബില്ലിനെ ഇപ്പോൾ എതിർത്തത്. അതിൽതന്നെ എല്ലാ മെമ്പർമാരും ഒരുപോലെയല്ല. അവരിൽതന്നെ വ്യത്യസ്തമായ അഭിപ്രായങ്ങളാണ് വന്നത്. ആക്ടീവ് മെമ്പർഷിപ്പിനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട ജോണി നെല്ലൂർ അത് വേണമെന്നുപറഞ്ഞു. ശ്രീ. വിജയകുമാറിനെപ്പോലുള്ളവർ അതിനെ എതിർക്കുകയുണ്ടായി. ഈ നിയമത്തിൽ പ്രധാനപ്പെട്ട ഒരു കാര്യമുണ്ട്. സഹകരണസംഘത്തിൽ അംഗത്വത്തിനു അപേക്ഷിച്ചാൽ അത് കൈകാര്യം ചെയ്യുന്നവർക്ക് ഇഷ്ടമുണ്ടെങ്കിൽ മാത്രം കൊടുക്കുമായിരുന്ന സ്ഥിതിക്ക് വിരാമമിടുകയാണ്. അംഗത്വത്തിന് അപേക്ഷിച്ചാൽ അറുപത് ദിവസത്തിനകം തീരുമാനമെടുത്തില്ലെങ്കിൽ സുവോമോട്ടോ മെമ്പർഷിപ്പ് ലഭിച്ചതായി കരുതും. അത്രയും ജനാധിപത്യപരമായ ഒരു പരിരക്ഷ, ഒരു സഹകരണസംഘങ്ങളിൽ അംഗമാകാനുള്ള അവകാശം സംരക്ഷിക്കുന്നതാണ് ഈ നിയമം. ഇന്നലെവരെയുള്ള നിയമത്തിൽ അതില്ലായിരുന്നു. രണ്ടാമത് പറയാനുള്ള കാര്യം അഫിലിയേഷനെ സംബന്ധിച്ചാണ്. അഫിലിയേഷൻ കൊടുക്കാതെ ചില ആളുകൾ ചില സംഘങ്ങൾ കൈവശം വച്ചിരിക്കുകയാണ്. അതിൽ ഒരാളുടെ കാര്യം ഞാൻ പറയാം. ഇവിടെ പറഞ്ഞല്ലോ ഹൗസിംഗ് ഫെഡറേഷൻ പിടിക്കാനാണെന്ന്. ഈ നിയമം പാസ്സാക്കുന്നതോടുകൂടി അപ്പുറത്തിരിക്കുന്ന ഒട്ടേറെ ആളുകളുടെ സംഘങ്ങൾക്ക് ഹൗസിംഗ് ഫെഡറേഷനിൽ അഫിലിയേഷൻ കിട്ടും. എല്ലാവർക്കും വേണ്ടിയാണ് ഈ നിയമമുണ്ടാക്കുന്നത്. 500 ഹൗസിംഗ് സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 208 എണ്ണത്തിന് അഫിലിയേഷനുണ്ട്. 1981 മുതൽ 99-വരെ രജിസ്റ്റർ ചെയ്ത ഒരൊറ്റ സംഘത്തിനും അഫിലിയേഷൻ കൊടുത്തിട്ടില്ല. അപ്പുറത്തി

LIBRARY ARCHIVES Kerala Legislative Assembly

രിക്കുന്ന ശ്രീ. ആര്യാടൻ മുഹമ്മദിന്റെ പാർട്ടിയുടെ നേതാവായ, സഹകരണ സംഘത്തിന്റെ നേതാവായ, ജനകീയാസൂത്രണ പദ്ധതിയെക്കുറിച്ചൊക്കെ അന്വേഷിക്കാൻ പോകുന്ന ശ്രീ. എം.എം. ഹസ്സൻ പ്രസിഡന്റായിരിക്കുന്ന സംഘമാണ്. രജിസ്റ്റർ ചെയ്ത പ്രൈമറി സംഘത്തിന് അഫിലിയേഷൻ കൊടുത്തില്ല. അതിൽ 180 സംഘങ്ങൾ കോൺഗ്രസ്സുകാരുടേതാണ്. അങ്ങനെയുള്ള 180 സംഘങ്ങൾക്ക് അഫിലിയേഷൻ കിട്ടാൻ സഹായിക്കുന്നതാണ് ബഹുമാനപ്പെട്ട ശർമ്മ കൊണ്ടുവന്ന ഈ ബിൽ മറ്റുള്ള ഇപ്പുറത്തിരിക്കുന്ന കക്ഷികളുടെതെടുത്താൽ നൂറു സംഘങ്ങൾക്ക് താഴേയുള്ളൂ. 500-ഓളം പ്രൈമറി സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ട് വർഷങ്ങളായി. ആ പ്രൈമറി സംഘങ്ങൾക്ക് അഫിലിയേഷൻ കൊടുക്കാതെ സ്വന്തം സ്ഥാനം ഉറപ്പാക്കാൻ വേണ്ടി 208 സംഘങ്ങൾക്ക് മാത്രം അഫിലിയേഷൻ കൊടുത്തിട്ട് സ്വന്തം പാർട്ടിക്കാർ രജിസ്റ്റർ ചെയ്ത സംഘങ്ങൾക്കു പോലും അഫിലിയേഷൻ കൊടുക്കാതെ, അഫിലിയേഷൻ കൊടുത്താൽ തന്റെ സ്ഥാനം നഷ്ടപ്പെടുമെന്ന് കരുതി അങ്ങനെ അഫിലിയേഷൻ കൊടുക്കാതിരിക്കുന്ന അപ്പെക്സ് സംഘത്തിൽ അഫിലിയേഷൻ ലഭിക്കുന്നതിന് ഒരു നിയമ ഭേദഗതി കൊണ്ടു വന്നാൽ നിങ്ങൾ എന്തിനാണ് അതിനെ എതിർക്കുന്നത്? നിങ്ങൾക്കുകൂടിയാണ് ഈ ബിൽ കൊണ്ടുവന്നത്. അപ്പുറത്തുള്ളവർക്ക് അനുകൂലിക്കാതിരിക്കാൻ നിർവ്വാഹമില്ല. അതിന്റെ വകുപ്പുകളിൽ ഡിസന്റ് വന്നതിനെക്കുറിച്ച് മാത്രമാണ് ഞാൻ പറയുന്നത്. പട്ടികജാതിക്കാരനേയും വനിതാംഗത്തേയും നോമിനേറ്റു ചെയ്യുന്നില്ലെങ്കിൽ ഗവണ്മെന്റ് അത് ചെയ്യാൻ പാടില്ല, കമ്മിറ്റിയ്ക്ക് തന്നെ അധികാരം വേണമെന്നുള്ളതാണ് വാദഗതി. പട്ടികജാതി പട്ടികവർഗ്ഗക്കാരേയും വനിതകളേയും നോമിനേറ്റുചെയ്യാത്ത കമ്മിറ്റി, അവരെകൂടി തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ ഉൾപ്പെടുത്താത്ത കമ്മിറ്റിക്ക് അധികാരം കൊടുക്കണമോ? അവരെകൂടി ചേർത്ത് ഒരു പാനൽ ഉണ്ടാക്കാമല്ലോ. അങ്ങനെ ചെയ്യാത്തതിന്റെ ഫലമായിട്ടാണ് ഗവണ്മെന്റ് ആ അവകാശമെടുക്കുന്നത്. രജിസ്ട്രാർ അധികാരമെടുക്കുന്നത്. അങ്ങനെയുള്ള സ്ഥാനത്ത് രജിസ്ട്രാർ ആ അധികാരമെടുത്തില്ലെങ്കിൽ ഇവർ നോമിനേറ്റു ചെയ്യുകയില്ല. ഇവർ അവരെ ഉൾപ്പെടുത്തുകയില്ല. അതും ചെയ്തത് ശരിയാണെന്നാണ് എന്റെ അഭിപ്രായം. മെമ്പർമാരെ ചേർക്കാനുള്ള അഡ്മിനിസ്ട്രേറ്ററുടെ അവകാശത്തെയാണ് ചോദ്യം ചെയ്യുന്നത്. ഞാൻ ഒന്ന് പറയട്ടെ, ഇത് ആരാണ് പ്രസംഗിക്കുന്നത്? അവർ പഴയകാലത്തെക്കുറിച്ച് ഒന്ന് ഓർക്കണ്ടേ? സി.പി.ഐ. നേതാക്കളായ ശ്രീ. ഇ. ചന്ദ്രശേഖരൻ നായരും പി. രവീന്ദ്രനുമൊക്കെ ഇൻഡ്യയിലെതന്നെ സഹകാരികളുടെ മുൻനിരയിൽ നിന്ന രണ്ടു വ്യക്തികളാണ്. സി.എം.പി. യുടെ നേതാവായ ശ്രീ. എം.വി. രാഘവന് സഹകരണവകുപ്പിന്റെ ചുമതല ഏൽപ്പിച്ചപ്പോൾ നിങ്ങൾ എന്താണ് ചെയ്തത്? ആ കമ്മിറ്റി സൂപ്പർസീഡു ചെയ്തിട്ട് ജോയിന്റ് രജിസ്ട്രാറെ അഡ്മിനിസ്ട്രേറ്ററാക്കി. ജോയിന്റ് രജിസ്ട്രാർ അടുത്ത ഒരു ഓഫീസിലായിരുന്ന കോൺഗ്രസിന്റെ മണ്ഡലം പ്രസിഡന്റുമാരെയും സി.എം.പി. യുടെ ആളുകളേയും വിളിച്ച് ഒപ്പിട്ടുകൊടുത്താൽ മതി. എന്തിനാണ് ഒപ്പിടുന്നതെന്നല്ല, സംഘമൊക്കെ അയാൾ രജിസ്റ്റർ ചെയ്യും. ഇന്ന് രജിസ്റ്റർ ചെയ്യും. നാളെ അഫിലിയേറ്റു ചെയ്യും. അഫിലിയേറ്റു ചെയ്തിട്ടുണ്ടോ? ആ ജില്ലാ ബാങ്ക് പിടിച്ചെടുത്തു. അത്ര ക്രൂരമായ, നഗ്നമായ നടപടി സ്വീകരിച്ച ഒരു ഗവണ്മെന്റിൽ പങ്കാളികളായിരുന്നു. അതിനുവേണ്ടി കൈപൊക്കിക്കൊടുത്തവർ അല്ലേ ഇപ്പോൾ ഡിസന്റുമായിവന്ന് ആ നിയമത്തെ ചോദ്യം ചെയ്യുന്നത്. ഒരൊറ്റ ഓർഡിനൻസിലൂടെ ആറായിരം പ്രൈമറി സംഘങ്ങളെ കശാപ്പുചെയ്തവരാണ്

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ. ഈ നിയമത്തെ കുറ്റം പറയാൻ നിങ്ങൾക്ക് എന്താണ് അവകാശം? ഇവിടെ ഇപ്പോൾ അപ്പെക്സ് ബോഡികളിൽ മാത്രമായി നോമിനേഷൻ ഒതുക്കി. ബാക്കിയുള്ള നോമിനേഷൻ വിത്ഡ്രാ ചെയ്തു. അപ്പെക്സ് ബോഡികളിൽ വേണ്ടേ? ഹൗസ്ഫെഡ്, ലാന്റ് മോർട്ട്ഗേജ് ബാങ്ക്, മാർക്കറ്റിംഗ് ഫെഡറേഷൻ എന്നിവയ്ക്ക് ഇരുന്നൂറു കോടിയിൽപ്പരം രൂപ കിട്ടുന്നതിന് നബാർഡിന് സംസ്ഥാന ഗവണ്മെന്റ് ഗ്യാരന്റി നിന്നിട്ടുണ്ട്. ആ സംസ്ഥാന ഗവണ്മെന്റിന്റെ പ്രതിനിധി ആ ബോർഡിൽ വേണ്ടേ? ഇത് എങ്ങനെ ചെലവഴിക്കുമെന്ന് നോക്കണ്ടേ? അവിടെ മാത്രമായി ലിമിറ്റു ചെയ്തു. നമ്മൾ സെലക്ട് കമ്മിറ്റി തെളിവെടുപ്പ് എടുക്കാൻ പോയ അവസരത്തിൽ അമൂലിനെക്കുറിച്ച് പറഞ്ഞല്ലോ. സർക്കാരിന്റെ പണം കൊണ്ടല്ല അത് നടത്തുന്നത്? സർക്കാരിന്റെ പണമുപയോഗിച്ച് നടത്തുന്ന സ്ഥലത്ത് ആ പണം മിസ്യൂസ് ചെയ്യുന്നോയെന്ന് നോക്കാനുള്ള ബാദ്ധ്യത ഗവണ്മെന്റിനുണ്ട്. അത് പൊതുജനങ്ങളുടെ പണമാണ്. അത് ദുർവിനിയോഗം ചെയ്യുന്നോ ഇല്ലയോ എന്ന് നോക്കണ്ടേ? അതിനുവേണ്ടി മാത്രമായി അവിടെ നോമിനേഷൻ ചുരുക്കി. ഇലക്ഷൻ കമ്മിഷനെപ്പറ്റിയാണ് പിന്നീട് ഒരു ആക്ഷേപം വന്നത്. നേരത്തേ നടന്നതും ഇപ്പോൾ നടക്കുന്നതുമായ ഇലക്ഷന്റെയൊക്കെ സ്ഥിതി നമുക്കറിയാമല്ലോ. ഇലക്ഷൻ കമ്മിഷൻ എന്തിന് ഡിസ്ട്രിക്ട് ജഡ്ജാകണം. ഇലക്ഷൻ കമ്മിഷന്റെ സ്വഭാവമെന്താണെന്ന് പറഞ്ഞു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിൽ ഇലക്ഷൻ കമ്മിഷനെപ്പോലെ ഗവണ്മെന്റ് സെക്രട്ടറിയായിരിക്കും ഇലക്ഷൻ കമ്മിഷനെന്ന് പറഞ്ഞു. അതല്ല ഡിസ്ട്രിക്ട് ജഡ്ജാകണമെന്ന് വാദിക്കുന്നു. അവർക്ക് ജഡ്ജിമാരോടും അവരുടെ വിധിയോടും എന്തൊരു കൂറാണെന്ന് നോക്കൂ. ഡിസ്ട്രിക്ട് ജഡ്ജിയുടെ മുകളിലാണല്ലോ ഹൈക്കോടതി. അലഹബാദ് ഹൈക്കോടതി ഇന്ദിരാഗാന്ധിയുടെ തെരഞ്ഞെടുപ്പ് അസാധുവാക്കിയതിന്റെ പിറ്റെ ദിവസം ഈ രാജ്യം മുഴുവൻ കത്തിച്ചവർ ജുഡിഷ്യറിയോടുള്ള ബഹുമാനംകൊണ്ടാണോ ഇത് പറയുന്നത്. സംസ്ഥാന ഇലക്ഷൻ കമ്മിഷൻ ഒരു ഡിസ്ട്രിക്ട് ജഡ്ജി ആകണമെന്ന് പറയുന്നത് ശരിയല്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് നടത്തിയതും നമ്മുടെ സംസ്ഥാന ഇലക്ഷൻ നടത്തിയതും ജഡ്ജിമാരാണോ? കേന്ദ്ര ഇലക്ഷൻ കമ്മിഷൻ ജഡ്ജാണോ? അതെല്ലാമാകാം ഇവിടെ സഹകരണസംഘങ്ങളുടെ തെരഞ്ഞെടുപ്പ് വരുമ്പോൾ ഡിസ്ട്രിക്ട് ജഡ്ജ് വേണമെന്നാണ് പറയുന്നത്. രജിസ്ട്രാറുടെ അധികാരം മുഴുവൻ രജിസ്ട്രാർ കേന്ദ്രീകരിക്കുന്നു. രജിസ്ട്രാർ രാക്ഷസനാകുന്നുവെന്നാണല്ലോ ഇവിടെ ഒരാൾ പ്രസംഗിച്ചത്.

സഹകരണനിയമത്തിൽ പറയുന്നത് Register is the friend, philosopher and guide എന്നാണ്. ഇവിടെ രജിസ്ട്രാറെ ആ തത്വം നടപ്പിലാക്കുന്ന ഒരു ഉദ്യോഗസ്ഥനായി, ചുമതലക്കാരനായി വിവക്ഷിക്കുന്നതാണ് ഈ നിയമം. ഈ രാജ്യത്തെ ലക്ഷക്കണക്കിന് മെമ്പർമാരുടെ, സഹകാരികളുടെ ഫ്രണ്ടായിട്ട്, സുഹൃത്തായിട്ട്. ഈ സഹകരണ നിയമം നടപ്പിലാക്കുന്ന വഴിക്കാട്ടിയായി, ഗൈഡായി അതിന് എല്ലാ അധികാരങ്ങളും സൗകര്യങ്ങളും കൊടുക്കുന്നതാണ് ഈ നിയമഭേദഗതി. രജിസ്ട്രാറിൽ അധികാരം കേന്ദ്രീകരിക്കുകയല്ല അധികാരം വികേന്ദ്രീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ആഡിറ്റിന് ഒരു പ്രത്യേക ഡയറക്ടറാണ്. ഇതുവരെ രജിസ്ട്രാറുടെ കീഴിലായിരുന്നു. ആ രജിസ്ട്രാറിൽ നിന്നും പകുതിയിൽ കൂടുതൽ അധികാരം ആഡിറ്റിന്റെ ചുമതലയുള്ള മറ്റൊരു ഉദ്യോഗസ്ഥനിലേയ്ക്ക് പകർന്ന് കൊടുക്കുകയാണ്. ഇത് കേന്ദ്രീകരിക്കലാണോ? നേരത്തെ എല്ലാ പ്രൈമറി സംഘങ്ങളിലേയ്ക്കും

LIBRARY ARCHIVES Kerala Legislative Assembly

നോമിനേഷൻ നടത്താൻ അധികാരമുണ്ടായിരുന്ന രജിസ്ട്രാർക്ക് അപ്പെക്സ് ബോഡിയിലേയ്ക്കു മാത്രം നോമിനേഷനായിട്ട് ചുരുക്കി. ഇതും അധികാരം കേന്ദ്രീകരിക്കലാണോ? അല്ല. മറ്റൊരു കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചത്, വലിയ വിമർശനം വന്നത്, ജീവനക്കാരന്റെ പേരിൽ സസ്പെൻഷൻ നടപടി സ്വീകരിക്കാനുള്ള അവകാശത്തെക്കുറിച്ചാണ്. സാധാരണഗതിയിൽ നിയമിക്കുന്ന ആളുകൾക്കാണ് ശിക്ഷണ നടപടി എടുക്കാനുള്ള അധികാരമുള്ളത്. ജീവനക്കാരെ നിയമിക്കുന്ന ബോർഡു തന്നെയാണ് അത് ചെയ്യേണ്ടത്. പക്ഷേ പൊതുജനങ്ങളുടെ പണം, അത് കൈകാര്യം ചെയ്യുന്ന ഒരു ജീവനക്കാരനും അതിന്റെ ഡയറക്ടർ ബോർഡും യോജിച്ചുകൊണ്ട് കൊള്ളയടിച്ചാൽ ഇതിൽ പറയുന്നത് രജിസ്ട്രാർ ബോർഡിനോട് നടപടി എടുക്കാൻ ആവശ്യപ്പെടണം എന്നാണ്. വെറുതെ ജീവനക്കാരെയെല്ലാം പിരിച്ചു വിടാൻ പറയുകയാണോ? സസ്പെന്റ് ചെയ്യാനായിട്ട് പറയുകയാണോ? ഒരു എൻക്വയറിയുടെ അടിസ്ഥാനത്തിൽ സെക്ഷൻ 65-ഓ 68-ഓ അനുസരിച്ച് ആഡിറ്റ് നടത്തി ഗുരുതരമായ സാമ്പത്തിക തിരിമറികൾ, tampering ഇതെല്ലാം കണ്ടുപിടിച്ച് കഴിഞ്ഞാൽ അയാളുടെ പേരിൽ നടപടിയെടുക്കാൻ ഈ രജിസ്ട്രാർ ബോർഡിനോട് ആവശ്യപ്പെടും. ആദ്യം കൊണ്ടുവന്ന നിയമത്തിൽ ആ ബോർഡ് അത് ചെയ്തില്ലെങ്കിൽ ബോർഡിനെ സൂപ്പർസീഡ് ചെയ്യാനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. അപ്പുറത്തിരിക്കുന്നവരും ഇവിടെ ഈ ഡിസന്റിംഗ് നോട്ട് എഴുതിയവരും എല്ലാം പറഞ്ഞു ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട ഒരു ബോർഡിനുമേൽ നടപടി എടുക്കുന്നത് മര്യാദകേടാണ്, ജനാധിപത്യ ധ്വംസനമാണ് എന്ന് പറഞ്ഞിട്ട് അതിൽ ഭേദഗതികൊണ്ടുവന്ന് തെരഞ്ഞെടുപ്പിൽ വിജയിച്ച ബോർഡിന് സൂപ്പർസീഡ് ചെയ്യാൻ നടപടി എടുക്കുന്നത് ജനാധിപത്യവിരുദ്ധമാണ്. അത് പാടില്ല. കുറ്റം കാണിച്ചവരുടെ പേരിൽ നടപടി എടുക്കണമെന്ന് ആവശ്യപ്പെട്ടു. എന്നിട്ടുപോലും നിയമിച്ചത് ബോർഡാണ്. ആ ബോർഡാണ് അവരുടെ പേരിൽ ശിക്ഷണ നടപടി എടുക്കേണ്ടതെന്നുള്ളതുകൊണ്ടാണ് രജിസ്ട്രാർ ബോർഡിനോട് ആവശ്യപ്പെടണം എന്ന് ഈ നിയമത്തിൽ പറയുന്നത്. ഗുരുതരമായ ആരോപണങ്ങളും, ആക്ഷേപങ്ങളും കുറ്റങ്ങളും കണ്ടുപിടിച്ചതിനുശേഷമാണിത്. ബോർഡിനോട് ആവശ്യപ്പെട്ടാൽ ബോർഡ് അത് ചെയ്തിട്ടില്ലെങ്കിലോ? നമ്മുടെ മുമ്പിൽ ഒരുപാട് ഉദാഹരണങ്ങളില്ലേ? മാർക്കറ്റിംഗ് ഫെഡറേഷന്റെ ചുമതലക്കാരനായ ഉദ്യോഗസ്ഥൻ കോടിക്കണക്കിന് രൂപ വെട്ടിച്ച് നടപടി എടുക്കാൻ ബോർഡിനോട് പറഞ്ഞിട്ട് നടപടി എടുത്തോ? ആ ബോർഡും അവരുമായി ജോയിന്റായിട്ടാണ് ഈ തിരിമറി നടത്തിയതെങ്കിലോ, പൊതുജനങ്ങളുടെ കാശാണ്. അത് കാത്തുസൂക്ഷിക്കാനുള്ള ഉത്തരവാദിത്വം ഗവണ്മെന്റിനുണ്ട്. ബോർഡ് അത് ചെയ്യുന്നില്ല. ബോർഡ് ചെയ്യാതിരുന്നാലാണ് മൂന്നു മാസത്തേയ്ക്ക് ജീവനക്കാരന് സസ്പെൻഷൻ. വേണ്ടെന്നാണോ? ബോർഡും അവരും കൂടി ചേർന്നുകൊണ്ട് ആളുകളുടെ പണം കളവ് ചെയ്തുകൊണ്ടുപോയാൽ കള്ളനെ പിടിക്കണ്ടെന്നാണോ? അതിനാണോ ഇത്രയും വീറോടെ ഇവിടെ വാദിക്കുന്നത്. നാട്ടുകാർ സ്വർണ്ണം കൊണ്ടുചെന്ന് പണയം വച്ചാൽ ആ സ്വർണ്ണം എടുത്തു മാറ്റിയിട്ട് മുക്കുപണ്ടം കൊണ്ടുവച്ചാൽ അത് ഏതെങ്കിലും ആഡിറ്റിൽ കണ്ടുപിടിച്ചാൽ, സെക്ഷൻ 65 അനുസരിച്ചുള്ള എൻക്വയറിയിൽ കണ്ടുപിടിച്ചാൽ, അവർക്കെതിരെ നടപടി എടുക്കണമെന്നു പറഞ്ഞാൽ നടപടി എടുക്കാതെ അവരെ സംരക്ഷിക്കുന്ന ബോർഡുകളുണ്ടെങ്കിൽ ആ ബോർഡിനെ വച്ചേക്കണം, ആ ഉദ്യോഗസ്ഥനെ വച്ചേക്കണം, തൊടണ്ടയെന്നാണോ? നേരത്തെ ബോർഡിനെതിരെ നടപടിയെടുക്കണ

LIBRARY ARCHIVES Kerala Legislative Assembly

മെന്നു പറഞ്ഞപ്പോൾ പാടില്ല. ശരി വേണ്ട. പിന്നെ ഒരുത്തൻ കട്ടുവെന്നു കരുതി അതിന്റെ പേരിൽ നിരപരാധിയായ തെരഞ്ഞെടുക്കപ്പെട്ട ബോർഡിനെ ശിക്ഷിക്കുന്നത് ശരിയല്ല. ശരി ഒഴിവാക്കി. ഇപ്പോൾ പറയുന്നു അവനെയും ശിക്ഷിക്കരുത്. ആളുകൾക്ക് എങ്ങനെ വിശ്വാസം വരും. ഈ ബിൽ പാസ്സാക്കുന്നതിലൂടെ പൊതുജനങ്ങൾക്ക് വിശ്വാസം വരും. ഏതെങ്കിലും സംഘക്കാരൻ, തെരഞ്ഞെടുക്കപ്പെട്ട ബോർഡുകൾ അവരെ സംരക്ഷിച്ചാലും ഗവണ്മെന്റ് വിടുകയില്ല. ആ വിശ്വാസം സഹകരണരംഗത്ത് ജനങ്ങളുടെയിടയിൽ വർദ്ധിപ്പിക്കാൻ വേണ്ടിയാണ് ഈ നിയമം. മറ്റൊന്ന് ഈ ആക്ടിൽ കൊണ്ടുവരുന്ന വെൽഫെയർ ഫണ്ട് ആണ്. ഇവിടെ ഇന്നലെ പറഞ്ഞു- ധൂർത്തടിക്കുന്നവനെ സഹായിക്കാൻ വേണ്ടിയാണ് വെൽഫെയർ ഫണ്ട് എന്ന്. കറപ്ഷൻ ഫ്രീ സർട്ടിഫിക്കറ്റ് കിട്ടുന്ന സ്ഥാപനത്തിനുമാത്രമേ ആ വെൽഫെയർ ഫണ്ടിൽ നിന്നും സഹായം കിട്ടുകയുള്ളൂ. കുറെ ആളുകൾ നന്നായി സംഘം നടത്തുക, കുറെപ്പേർ ഇതെല്ലാം മിസ്യൂസ് ചെയ്യുക, മിസ്യൂസ് ചെയ്യുന്നവന് വെൽഫെയർ ഫണ്ടിൽ നിന്നും ഈ പണം വാരിക്കൊടുക്കുക. അതിനാണ് ഈ ഫണ്ട് ഉദ്ദേശിച്ചിരിക്കുന്നതെന്നാണ് ഇന്നലെ ശ്രീ. വിജയകുമാർ ആക്ഷേപിച്ചത്. ഈ വെൽഫെയർ ഫണ്ട് ഉണ്ടാക്കുന്നതിന്റെ ഫലമായി ഏതെങ്കിലും സ്ഥാപനത്തിന് ഏതെങ്കിലും കലാമിറ്റിയുടെ ഫലമായിട്ട് അതിന്റെ സ്വത്തുക്കൾ നഷ്ടപ്പെടാൻ ഇടയായാൽ ആ സംഘങ്ങളിൽ നിക്ഷേപിച്ചിട്ടുള്ള പൊതുജനങ്ങളെ സംബന്ധിച്ചിടത്തോളം ആ പണം കിട്ടുന്നതിന് ഉറപ്പില്ല. ഈ വെൽഫെയർ ഫണ്ട് സ്കീം നടപ്പിലാക്കുന്നതോടുകൂടി സഹകാരികൾ സഹകരണസംഘങ്ങളിൽകൊണ്ട് നിക്ഷേപം നടത്തിയാൽ ആ നിക്ഷേപം ഏതെങ്കിലും വിധത്തിൽ തകർന്നുപോയാൽ അതിനൊരു ഗ്യാരന്റിയുണ്ട്. സഹകാരികൾക്കിടയിൽ പ്രൈമറി സംഘങ്ങളെ സംബന്ധിച്ച് ഒരു വിശ്വാസം ഉണ്ടാക്കിയെടുക്കാൻ സഹായകരമാണിത്. ഏതെങ്കിലും ഒരു സംഘം വയബിൾ ആകുന്നില്ലെങ്കിൽ അത് തകർന്നുപോകുന്നുവെങ്കിൽ ആ സംഘങ്ങളെ കൈകൊടുത്തു സഹായിക്കുക. സഹകരണ തത്വമനുസരിച്ച് കുറെക്കൂടി മെച്ചപ്പെട്ട സംഘങ്ങളിൽ നിന്നും നിധി ശേഖരിച്ചതുപയോഗിച്ച് മെച്ചപ്പെട്ട രീതിയിൽ മുന്നേറാൻ കഴിയാത്ത സഹകരണസംഘങ്ങളെക്കൂടി സഹായിക്കാൻ വേണ്ടിയാണ് ആ വെൽഫെയർ ഫണ്ട് ഉണ്ടാക്കാൻ ശ്രമിച്ചത്. അല്ലാതെ ആരെങ്കിലും ധൂർത്തടിച്ച് നടന്നാൽ അവരെ സഹായിക്കാൻ വേണ്ടിയിട്ടല്ല. ഇക്കാര്യത്തിൽ രജിസ്ട്രാറുടെ കർശനമായ നിയന്ത്രണം ഉണ്ടാകും. കറപ്ഷൻ ഫ്രീ സർട്ടിഫിക്കറ്റ് ലഭിച്ചാൽ മാത്രമേ ആ സ്ഥാപനത്തിന് സഹായം കിട്ടുകയുള്ളൂ. മറ്റൊന്ന് ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം. കോടിക്കണക്കിന് രൂപ ഇൻഷ്വറൻസ് കമ്പനിക്കാർ സഹകരണമേഖലയിൽനിന്നും പല ഇൻഷ്വറൻസിന്റെയും പേരിൽ കൊണ്ടുപോകുന്നുണ്ട്. സഹകരണമേഖലയിൽത്തന്നെ ഒരു ഫണ്ട് ഉണ്ടാക്കി ആ രൂപ സ്വരൂപിക്കാൻ വേണ്ടിയാണ് ഡെപ്പോസിറ്റ് ഇൻഷ്വറൻസ് സ്കീം കൊണ്ടുവരുന്നത്. അതിന് എന്താണ് ചെയ്യുന്നത്. ഇപ്പോൾ പൊതുമേഖലാ സ്ഥാപനമായ ഇൻഷ്വറൻസ് കമ്പനിപോലും നാളെ സഹകാര്യമേഖലയിൽ വൻ വിദേശമൂതലാളിമാർക്ക് വിൽക്കുമ്പോൾ ഈ പണം കൂടി, സഹകാരികളുടെ പണം കൂടി വിദേശ മൂതലാളിമാർ കൊണ്ടുപോയി അവരുടെ വ്യവസായങ്ങൾ നടത്താൻ കൊടുക്കണമെന്നാണോ നിങ്ങൾ വാദിക്കുന്നത്? ആ പണം നമ്മുടെ നാടിന്റെ വികസനത്തിനും സഹകരണ സംഘങ്ങളുടെ വികസനത്തിനും വിനിയോഗിക്കണം. അതുകൊണ്ട് ഈ ബിൽ പാസ്സാക്കുന്നതിലൂടെ ഇൻഷ്വറൻസ് കമ്പനികൾക്ക് കൊടുക്കുന്ന പണം സഹകരണമേഖലയിൽ തന്നെ സ്വരൂപിക്കാനും അത്

LIBRARY ARCHIVES Kerala Legislative Assembly

ഈ മേഖലയുടെ വളർച്ചയ്ക്കും വിനിയോഗിക്കാൻ കഴിയുന്നതുമാണ്. മറ്റൊരു വിമർശനം പോലീസുകാർ എല്ലാ സ്ഥാപനങ്ങളിലും കയറി മേയാൻ പോകുന്നു, പോലീസ് ഭരണം കൊണ്ടുവരുന്നുവെന്നാണ്. വിജിലൻസ് ആഫീസർ, എല്ലാ ഡിപ്പാർട്ടുമെന്റിലുമുണ്ടല്ലോ, സഹകരണസംഘത്തിൽ മാത്രമാണോ? ടൈറ്റാനിയത്തിലും ഇലക്ട്രിസിറ്റി ബോർഡിലും യൂണിവേഴ്സിറ്റിയിലും വിജിലൻസ് ആഫീസർ ഉണ്ട്. വിവിധ സ്ഥാപനങ്ങളിൽ വിജിലൻസ് ആഫീസർമാരുണ്ട്. പോലീസ് ഡിപ്പാർട്ടുമെന്റിൽ നിന്നും കേസ്സെടുക്കാൻ പ്രാപ്തനായ പരിചയസമ്പന്നനായ ഒരു ഉദ്യോഗസ്ഥനാണ് വരുന്നത്. സാമ്പത്തിക തിരിമറികളാണ് പലയിടത്തും നടക്കുന്നത്. ഇതെല്ലാം കണ്ടുപിടിക്കാൻ പ്രാപ്തനായ ആൾ എല്ലാ പ്രൈമറി സംഘങ്ങളിലും കയറിയിറങ്ങാനല്ല പോകുന്നത്. സഹകരണ ഡിപ്പാർട്ടുമെന്റിലെ രജിസ്ട്രാറുടെ റാങ്കിലുള്ള ആൾക്കാർ ആരും അതിന്റെ ചുമതല വഹിച്ചാൽ പോരാ എന്ന് ഒരു വശത്തു വാദിക്കുന്ന ഡി.ഐ.ജി. എ.ജി.-ക്കു മുകളിലാണോ? ആ ഡി.ഐ.ജി. റാങ്കിലുള്ള ഉദ്യോഗസ്ഥൻ സംസ്ഥാന രജിസ്ട്രാറുടെ നിർദ്ദേശത്തിനു വിധേയമായി എല്ലാ പ്രൈമറി സംഘങ്ങളിലും പോകുകയല്ല. അയാളുടെ കീഴിലുള്ള വിജിലൻസ് വിംഗിൽ, ഓരോ ഡെപ്യൂട്ടി രജിസ്ട്രാർമാരുടെയും ഓരോ മേഖലയിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുണ്ട്. പക്ഷെ ഗുരുതരമായ സാമ്പത്തിക തിരിമറികൾ നടത്തുന്നത് സംബന്ധിച്ച് ഐ.പി.സി. യിലെ വകുപ്പുകൾ ഉപയോഗിച്ച് കേസ് ചാർജ് ചെയ്യാൻ പരിചയമുള്ള ഒരുദ്യോഗസ്ഥനെ നിയമിക്കുന്നത് ഈ സഹകരണസംഘങ്ങളിലെ വെട്ടിപ്പും തട്ടിപ്പും കുറയ്ക്കാനും പൊതുജനങ്ങളുടെ കാശ് തട്ടിക്കൊണ്ടുപോകുന്നവരുടെ പേരിൽ തക്കസമയത്ത് നടപടിയെടുക്കാനും ജനങ്ങൾക്കിടയിൽ വിശ്വാസം ജനിപ്പിക്കാനുമാണ്.

അല്ലാതെ പോലീസ് രാജ് കൊണ്ടുവരാനല്ല. എല്ലാ ഡിപ്പാർട്ടുമെന്റുകളും ഇതുപോലെ പോലീസ് മേധാവികളെ വിജിലൻസ് ഓഫീസർമാരായി വയ്ക്കുന്നുണ്ട്. ഇതും ഇന്ന് നമ്മുടെ പ്രധാനപ്പെട്ട സാമ്പത്തികമേഖല എന്നുള്ള നിലയിൽ തിരിമറി കാണിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുവാൻ വേണ്ടിയിട്ടാണ് വച്ചിട്ടുള്ളത്. സഹകരണപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് അനുസരണമായി ജനങ്ങൾക്കിടയിൽ സഹകരണബില്ലിനെക്കുറിച്ചുള്ള തെളിവെടുപ്പ് നടക്കുന്ന അവസരത്തിൽ വലിയ പിന്തുണയാണ് ഈ നിയമത്തിന് സഹകാരികൾക്കിടയിലും ജീവനക്കാർക്കിടയിലും ലഭിച്ചിട്ടുള്ളത്. ഇതിൽ അപ്പെക്സ് ബോഡികളുടെ അഫിലിയേഷനെ സംബന്ധിച്ച് ഒരു കാര്യം പറയുന്നുണ്ട്. സഹകരണസംഘങ്ങളെ സംബന്ധിച്ച് തെളിവെടുപ്പ് നടക്കുന്ന അവസരത്തിൽ ചൂണ്ടിക്കാണിച്ച ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. കാർഷിക വികസനബാങ്കിൽ ഉദ്യോഗസ്ഥർ പോയി വോട്ട് ചെയ്തു. സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ തകർത്തു കളയുന്നുവെന്ന് സൂചിപ്പിക്കുകയുണ്ടായല്ലോ. ഉദ്യോഗസ്ഥർ വോട്ട് ചെയ്ത ഒരു സ്ഥാപനം കാർഷിക വികസനബാങ്കാണ്. കാർഷിക വികസനബാങ്കിൽ എന്തുകൊണ്ടാണ് ഉദ്യോഗസ്ഥർ വോട്ടു ചെയ്യാൻ നിർബന്ധമായത്. ഞാൻ പല സ്ഥാപനങ്ങളിലും ഇരുന്നിട്ടുണ്ട്. ഉദ്യോഗസ്ഥർ വന്ന് വോട്ട് ചെയ്യുന്ന ഒരു സാഹചര്യം സാധാരണ ഉണ്ടാകുകയില്ല. എന്നാൽ കാർഷിക വികസന ബാങ്കിൽ രജിസ്ട്രാർ, ജനറൽ ബോഡിയിലെ അംഗമെന്നുള്ള നിലയിൽ വോട്ട് ചെയ്തു. എന്തുകൊണ്ട് സാംഗ്ഷൻഡ് പോസ്റ്റ് 26 എണ്ണമുള്ളപ്പോൾ 57 ആളുകളെ നിയമിച്ചു. ആ നിയമനം സംബന്ധിച്ച് വലിയ ആക്ഷേപം വന്നു. പത്രങ്ങളിലെല്ലാം വന്നതാണ്. മൂന്ന് ലക്ഷം രൂപയാണ് റേറ്റ്. ആ നിയമനം 1053/2010.

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് അഴിമതിനിരോധന കമ്മീഷൻ അന്വേഷണം നടത്തി. അവർ തന്നെ പറഞ്ഞു അഴിമതി നടന്നുവെന്ന്. അങ്ങനെ സാംഗ്ഷൻഡ് പോസ്റ്റിനേക്കാൾ കൂടുതൽ ആൾക്കാരെ നിയമിച്ച ഉദ്യോഗസ്ഥൻ അടക്കം ശമ്പളം കൊടുക്കുന്നത് ഉൾപ്പെടെയുള്ളതാണ്. ആ ബാങ്കിന്റെ ജനറൽ ബോഡി പാസ്സാക്കുന്ന ബഡ്ജറ്റ്, രജിസ്ട്രാറുടെ അനുമതിയില്ലാതെ രജിസ്ട്രാർ സാംഗ്ഷൻ ചെയ്ത പോസ്റ്റിനേക്കാൾ അധികം പേരെ ആക്ഷേപത്തിന് വിധേയമായി, അഴിമതി നിരോധനകമ്മിഷൻ അടക്കം ചൂണ്ടിക്കാണിച്ച അഴിമതി നടത്തിയ, നിയമനം നടത്തിയ ഉദ്യോഗസ്ഥർക്ക് ആ ബാങ്കിന്റെ പണമെടുത്ത് കൊടുക്കുന്ന അവസരത്തിൽ രജിസ്ട്രാർ മാപ്പ് സാക്ഷിയായി, മൂകനായി ഇരിക്കണമെന്നാണോ? അതിനാണോ അദ്ദേഹത്തെ ഗവണ്മെന്റ് പറഞ്ഞയച്ചത്. അദ്ദേഹം ആ ബഡ്ജറ്റ് പാസ്സാക്കുന്ന ജനറൽ ബോഡിയിൽ അതിനെതിരായി വോട്ടു ചെയ്തു. വോട്ട് ചെയ്യണ്ടേ? വോട്ട് അവിടെ ചെയ്യാൻ ആ ഉദ്യോഗസ്ഥൻ ബാദ്ധ്യസ്ഥനാണ്. ഇല്ലെങ്കിൽ ആ ഉദ്യോഗസ്ഥനെ നിയോഗിച്ച ഗവണ്മെന്റ് എന്തിനുവേണ്ടി ആ ഉദ്യോഗസ്ഥനെ നിയമിച്ചു? ആ കർമ്മം അദ്ദേഹം നിർവ്വഹിക്കുന്നില്ല. അത് ചെയ്തത് ശരിയാണ്. അപ്പക്സ് ബോഡികളുടെ തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് ഒരു ക്ലാസ് ഉണ്ട്. അതിനാണ് വലിയ വിമർശനം കൊണ്ടുവന്നത്, 200 കോടി രൂപ ഗവണ്മെന്റ് ഗ്യാരന്റി കൊടുത്ത് വായ്പയെടുത്ത് ഹൗസിംഗ് ബോർഡിനും കാർഷികവികസന ബാങ്കിനും കൊടുത്താൽ, കേരള കാർഷിക മേഖല ആകെ എല്ലാ ജില്ലകളിലും എല്ലാ ഗ്രാമങ്ങളിലുമുള്ള കൃഷിക്കാരന് അതിന്റെ ആനുകൂല്യം കിട്ടാൻ അർഹതയില്ലേ? അവിടെയുള്ള പ്രൈമറി സംഘങ്ങൾ രജിസ്റ്റർ ചെയ്താൽ ആ പ്രൈമറി സംഘങ്ങൾക്ക് അവിടെ അംഗത്വമുള്ള കൃഷിക്കാർക്ക് ധനസഹായം കിട്ടാൻ അഫിലിയേഷൻ കൊടുക്കണ്ടേ? എല്ലാ ജില്ലകൾക്കും അതിനകത്ത് പ്രാതിനിധ്യം വേണ്ടേ? എല്ലാ ജില്ലകളിലും കൃഷിക്കാർ ഇല്ലേ. റബ്ബർ കൃഷിക്കാർ ഇല്ലേ? അതുപോലെ ഹഡ്കോയിൽനിന്നും ഹൗസിംഗ് ബോർഡിൽനിന്നും മറ്റും എടുക്കുന്ന കോടിക്കണക്കിന് പണം ഏതാനും ചില പോക്കറ്റുകളിൽ മാത്രം കൊടുത്താൽ മതിയോ? രജിസ്റ്റർ ചെയ്ത 500 സംഘങ്ങളിലും മെമ്പർമാരായിട്ടുള്ള പാവപ്പെട്ടവർക്ക് ഒരു കൂരയുണ്ടാക്കാൻ ധനസഹായം കിട്ടേണ്ടതല്ലേ? ഹൗസിംഗ് സൊസൈറ്റിയുടെ സാമ്പത്തിക സഹായം ചിലർക്ക് മാത്രമായി പരിമിതപ്പെടുത്തുന്നു. ഹൗസിംഗ് സൊസൈറ്റിയിൽ ഡിസ്ട്രിക്ട് വൈസായി പ്രാതിനിധ്യം വേണമെന്ന് ഈ ബില്ലിൽ കൊണ്ടുവന്ന വ്യവസ്ഥയെ ഞാൻ സ്വാഗതം ചെയ്യുന്നു. അത് അഗ്രികൾച്ചറൽ ക്രെഡിറ്റ് ബാങ്കായാലും ശരി ഹൗസിംഗ് ഫെഡറേഷനായാലും ശരി മാർക്കറ്റിംഗ് ഫെഡറേഷനായാലും ശരി ഇതെല്ലാം കേരള വ്യാപകമായിട്ടുള്ളതാണ്. ഈ ബില്ലിൽ എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ള ഒരു കാര്യം, ഗവണ്മെന്റ് പരിശോധിക്കേണ്ടതാണ്. വ്യാവസായിക സഹകരണസംഘങ്ങൾ, ഉദാഹരണമായി തീരപ്രദേശത്തുള്ള കയർ, സഹകരണ സംഘങ്ങൾ, അത് എല്ലാ ജില്ലകളിലും ഇല്ല. ഇടുക്കി, വയനാട്, പാലക്കാട്, പത്തനംതിട്ട തുടങ്ങിയ ജില്ലകളിൽ ഇല്ല. അവിടെ തൊഴിലാളികൾ ഇല്ല. തൊഴിലാളികളും വ്യവസായങ്ങളും ഉണ്ടെങ്കിൽ നമുക്ക് പ്രാതിനിധ്യം വേണം. അതുപോലെ കൈത്തറി, ഈ തൊഴിലാളികൾ എല്ലാ മേഖലകളിലും ഉള്ളതല്ല. ഹാന്റക്സ്, തിരുവനന്തപുരം ജില്ലയെടുത്താൽ 125 സംഘങ്ങളുണ്ട്. പത്തനംതിട്ട എടുത്താൽ ഒരു സംഘമുണ്ട്. വയനാട് എടുത്താൽ സംഘമില്ല. ഇങ്ങനെയുള്ള വ്യാവസായിക സഹകരണ സംഘങ്ങളുടെ നിയമാവലിയിൽ പറയുന്നതുപോലെ, കയർ ഫെഡ് സഹകരണ സംഘങ്ങളുടെ നിയമാവലിയിൽ ഇതിനെക്കുറിച്ച് പറയു

LIBRARY ARCHIVES Kerala Legislative Assembly

ന്നുണ്ട്. അത് 10 പ്രോജക്ടാണ്. ആലപ്പുഴ ജില്ലയിൽ രണ്ട് പ്രോജക്ടുണ്ട്. കായംകുളവും, ആലപ്പുഴ-ചേർത്തലയും ചേർത്ത് ഒരു പ്രോജക്ടുണ്ട്. അതു പോലെ തൊഴിലാളികൾ കുറവുള്ള കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ രണ്ട് ജില്ലകൾ ചേർന്ന് ഒരു പ്രോജക്ടാണ്. അതിന്റെ നിയമാവലിയിൽ പറയുന്നു ഫാക്ടറീസ് സെക്ടറിന് ഒരു പ്രത്യേക കോൺസ്റ്റിറ്റ്യൂവൻസിയുണ്ട്. അതിൽ നിന്നും ഒരു പ്രതിനിധി വേണം. ജനറലായി മൂന്ന് ആളുകൾ അല്ലാതെ വേണം. അങ്ങനെയുള്ള ഒരു നിയമം വച്ചിട്ടാണ് കയർ ഫെഡ് തെരഞ്ഞെടുപ്പ് നടത്തുന്നത്. അതുപോലെ ഹാന്റ്ക്സിന്റെ കാര്യത്തിൽ തിരുവനന്തപുരം ജില്ലയിൽ തന്നെ മൂന്ന് പ്രാതിനിധ്യമുണ്ട്. സംഘങ്ങളുടെ നമ്പർ അനുസരിച്ചാണ് അതിന്റെ പ്രാതിനിധ്യം വരുന്നത്. ഒരു സംഘം ഇല്ലാത്ത ജില്ലകളിൽ അതിന് പ്രാതിനിധ്യമില്ല. ഈ കാര്യത്തിൽ എന്ത് ചെയ്യാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ഈ ബിൽ പാസ്സാക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കണമെന്ന നിർദ്ദേശം വച്ചുകൊണ്ട് ബാക്കി ഇവർ ഉന്നയിച്ച വാദഗതികൾ, ഈ ബില്ലിന്റെ സദുദ്ദേശത്തെ, ഇതിന്റെ വ്യാപ്തിയെ, ജനങ്ങൾക്കിടയിൽ ഇതിന് കിട്ടാവുന്ന ഏറ്റവും വലിയ അംഗീകാരത്തെയാണ്- ചോദ്യം ചെയ്യുന്ന വിധത്തിലാണ്. അതിനെ ഞാൻ ശക്തിയായി എതിർക്കുന്നു.

1.00 P.M

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, ഈ ജില്ലയിലെ പ്രധാന വ്യവസ്ഥകളെക്കുറിച്ചൊക്കെ ഇവിടെ രണ്ടു ഭാഗത്തുനിന്നും ചർച്ചകൾ നടന്നു. പ്രതിപക്ഷത്തുനിന്നുള്ള അപ്രോച്ചും ഭരണകക്ഷിയിൽ നിന്നുള്ള അപ്രോച്ചും തമ്മിൽ വലിയ വ്യത്യാസമുണ്ട്. പ്രതിപക്ഷത്തുനിന്നുള്ള അപ്രോച്ച് എന്നുപറയുന്നത് ഈ കാലഘട്ടത്തിൽ സഹകരണസംഘത്തെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേകമായ കാഴ്ചപ്പാടുണ്ട്. ഇന്ത്യാ രാജ്യത്തുമാത്രമല്ല അന്താരാഷ്ട്രരംഗത്തു തന്നെ ഈ കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂഷനെ സംബന്ധിച്ച് അവരുടെ അസോസിയേഷനും ഒരു കാഴ്ചപ്പാടുണ്ട്. ആ കാഴ്ചപ്പാടിൽ തന്നെയാണ് നമ്മുടെ രാജ്യത്തുള്ള സഹകരണ പ്രവർത്തകൻമാർ അല്ലെങ്കിൽ ഇതിന്റെ അസോസിയേഷനും നീങ്ങിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ഇവിടെ ചൂണ്ടിക്കാണിച്ചു. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. പ്ലാനിംഗ് കമ്മീഷനടക്കമിരുന്ന് ആലോചിച്ചതിനുശേഷം ഒരു മാതൃകാനിയമമുണ്ടാക്കാൻ തീരുമാനിച്ചു. അതിനുവേണ്ടി ചില പദ്ധതികളൊക്കെ പ്ലാനിംഗ് കമ്മീഷൻ ഇട്ടു. അതിന്റെ അടിസ്ഥാനത്തിൽ പ്ലാനിംഗ് കമ്മീഷൻ ഇത് പരിശോധിച്ചശേഷം ഒരു നിയമമുണ്ടായി. ആ നിയമം എല്ലാ സംസ്ഥാനങ്ങൾക്കും അയച്ചുകൊടുത്തു. ആ നിയമം എല്ലാ സംസ്ഥാനങ്ങൾക്കും അയച്ചുകൊടുത്തതിനുശേഷം 1996-ൽ പ്ലാനിംഗ് ബോർഡ് അതിനെക്കുറിച്ച് അന്വേഷിക്കുവാൻ ശ്രീ. വി. രാമചന്ദ്രൻ ചെയർമാനായിട്ടുള്ള ഒരു കമ്മിറ്റിയെ നിയമിച്ചു. ആ കമ്മിറ്റി, റിപ്പോർട്ട് കൊടുത്തു. ആ റിപ്പോർട്ടിൽ ഫോർവേർഡിംഗിൽ ശ്രീ. രാമചന്ദ്രൻ പറയുന്ന ഒരു കാര്യം മാത്രം ഞാൻ കാട്ട് ചെയ്യുന്നു. "Reforms of the Co-operative sector in Kerala has low priority. The State Planning Board appointed a Committee consisting of Eminent Co-operators and Administrators". Eminent co-operators ആരാണെന്ന് രണ്ടാമത് പറയാം. അദ്ദേഹം പറയുന്ന ഒരു കാര്യം. The Principal object is to make Co-operative, self governing, democratic, responsible and accountable institutions free from Goverment, Bureaucratic control. ഇവിടെയാണ് ഞങ്ങൾ നിൽക്കുന്നത്. അതാണ് ഫണ്ടമെന്റലായി നിങ്ങളും ഞങ്ങളും തമ്മിലുള്ള വ്യത്യാസം. ഈ ഒരു വ്യത്യാസം ഈ ചർച്ചയിൽ ഉടനീളം കാണാൻ സാധിക്കും. അവസാനമായി ശ്രീ. ആനത്തലവട്ടം

LIBRARY ARCHIVES Kerala Legislative Assembly

ആനന്ദൻ പറഞ്ഞതും ഈ ഭാഗത്തുനിന്നു പറഞ്ഞതും തമ്മിലുള്ള ഒരു വ്യത്യാസം അതാണ്. ഇതിൽതന്നെ ഒരു കാര്യം കൂടി ഞാൻ ചൂണ്ടിക്കാണിക്കട്ടെ. ഈ എമിനന്റ് കോ-ഓപ്പറേറ്റേഴ്സ് ആരെല്ലാമാണ്? ഒന്ന്, ശ്രീ. വി. രാമചന്ദ്രൻ, വൈസ് ചെയർമാൻ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്. അദ്ദേഹം അന്നത്തെ വൈസ് ചെയർമാനാണ്. 1996 ഫെബ്രുവരിയിൽ ശ്രീമാൻ. എ.കെ. ആന്റണി ഇതിന്റെ ചെയർമാനും മുഖ്യമന്ത്രിയുമായിരുന്ന കാലത്താണ് ഈ കമ്മിറ്റിയെ നിയമിച്ചത്. നമ്മൾ രാഷ്ട്രീയ പരിഗണനയൊന്നും കൂടാതെയാണ് ചെയ്തത്. അതിൽ ഒരംഗം ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ. അദ്ദേഹം ആരാണ്? നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി. മറ്റൊരു അംഗം ശ്രീ. എം.എം. മോനായി, പ്രസിഡന്റ്, എറണാകുളം ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക്. അദ്ദേഹം ആരാണ്? കോൺഗ്രസ് ആണോ? അല്ല. സി.പി.എം. ശ്രീ. ആനത്തലവട്ടം ആനന്ദന്റെ അഭിപ്രായമല്ല. ശ്രീ. മോനായിയുടെ അഭിപ്രായം. ഈ രേഖ പരിശോധിച്ചാൽ കാണാം. ഞാൻ ഒരു കാര്യം കൂടി പറയട്ടെ. പിന്നെ ഇതിലുള്ളത് ആരാണ്? ശ്രീ. രാമറെഡ്ഡി, Ex-Trustee കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ, ഹൈദ്രാബാദ്, ശ്രീ. കെ.വി. നമ്പ്യാർ, മെമ്പർ സെക്രട്ടറി ഓഫ് ദി പ്ലാനിംഗ് ബോർഡ്, ശ്രീ. പി.ആർ. ഗോപാലകൃഷ്ണൻ, സ്പെഷ്യൽ സെക്രട്ടറി, ഫിനാൻസ് റിസോഴ്സസ്. അദ്ദേഹം ഇന്നും ഈ സർക്കാരിന്റെ സെക്രട്ടറിയാണ്. ലക്ഷ്മീനാരായണൻ, ചീഫ് അഗ്രികൾച്ചറൽ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഇവരെല്ലാം അംഗങ്ങളാണ്. അവർ നൽകിയിട്ടുള്ള ഒരു റിപ്പോർട്ടുണ്ട്. ആ റിപ്പോർട്ട്, ഇന്ത്യാ രാജ്യത്ത് മുഴുവനുള്ള മാറ്റം, ലോകത്തിലെ സഹകരണ പ്രസ്ഥാനത്തിലുള്ള മാറ്റം മുഴുവൻ ഉൾക്കൊണ്ടുകൊണ്ട് ആ മാതൃകാ നിയമം കേന്ദ്ര ഗവണ്മെന്റ് ഉണ്ടാക്കി, പ്ലാനിംഗ് കമ്മിഷൻ ഉണ്ടാക്കി. 1998-ൽ ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം ശ്രീ. ഇ. ചന്ദ്രശേഖരൻ നായരും കൂട്ടരും ശ്രീ. മോനായിയുമടക്കം യുനാനിമസായി നൽകിയിട്ടുള്ള ഒരു റിപ്പോർട്ടാണ്. ആ റിപ്പോർട്ടിന്റെ തുടക്കത്തിൽത്തന്നെ പറയുന്നത് എന്താണ്? Eventhough the Co-operative movement in Kerala has a very long tradition, Government control have reached a stage nullifying its autonomy and democratic function. It is therefore, necessary to bring forward a new Legislation. ഈ അമെന്റ്മെന്റല്ല. ഇതിന്റെ ഡെമോക്രാറ്റിക് ക്യാരക്ടർ പോയി. ഇത് പഴഞ്ചനായി. അതുകൊണ്ട് ഇതിന്റെ ഡെമോക്രാറ്റിക് ക്യാരക്ടർ നിലനിറുത്തുന്ന രൂപത്തിലുള്ള ഒരു നിയമനിർമ്മാണം വേണമെന്നു പറയുന്നത് ആരാണ്? എക്സ്പെർട്സും എമിനന്റ് കോ-ഓപ്പറേറ്റേഴ്സും അടങ്ങിയ ശ്രീ. വി. രാമചന്ദ്രൻ ചെയർമാനായ കമ്മിറ്റിയാണ്. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ യുനാമിമസായി ഒപ്പിട്ടതാണ്. അദ്ദേഹം ഒരു എമിനന്റ് കോ-ഓപ്പറേറ്ററാണ്. എനിക്കറിയാം. ഇപ്പോൾ എന്ത് പറയും എന്നെനിക്കറിഞ്ഞുകൂടാ. ഏതായാലും ഇതിൽ പറഞ്ഞ ഒരു കാര്യം കൂടി ഞാൻ പറയട്ടെ. പവേഴ്സ് ഓഫ് ദി ഗവണ്മെന്റ്. ആ റെക്കമെന്റേഷനിൽ പറഞ്ഞ ഗവണ്മെന്റിന്റെ പവർ എന്നു പറയുന്നത് ഒരു സഹകരണസ്ഥാപനത്തിൽ എന്തായിരിക്കണം. അവർ യുനാനിമസായി പറഞ്ഞ കാര്യം. ഒന്ന്, അപ്പോയിന്റ്മെന്റ് ഓഫ് രജിസ്ട്രാർ. രണ്ട്, ഫിനാൻഷ്യൽ അസിസ്റ്റന്റ് കൊടുക്കൽ. Setting up of a Co-operative Tribunal, Entrusting secular responsibility in public interest, prescribing minimum qualifications and ceiling of establishment course of co-operatives, framing rules based on the Act, അത് ഭരണഘടനാപരമായിട്ടുള്ളതാണ്. Setting up of Election Commission for the Co-operation. ഈ ഏഴ് കാര്യങ്ങൾക്കല്ലാതെ ഒരു കാര്യത്തിനും ഗവണ്മെന്റ് ഇടപെടാൻ പാടില്ല എന്നാണ് കമ്മിറ്റി പറഞ്ഞിട്ടു

LIBRARY ARCHIVES Kerala Legislative Assembly

ള്ളത്. ഇന്നയിന്ന സ്ഥാനങ്ങളിൽ മാത്രമേ ഇടപെടാവൂ എന്നുപറഞ്ഞ് യുനാനിമസായി മാർക്സിസ്റ്റുകാരും സി.പി.ഐ. കാരും കോൺഗ്രസുകാരും അതുപോലെ എക്സ്പേർട്ട്സും എമിനന്റ് കോ-ഓപ്പറേറ്റേഴ്സും കൂടി നൽകിയ ഒരു റെക്കമെന്റേഷൻ അങ്ങയുടെ കൈയിൽ ഉള്ളപ്പോഴാണ് ഇതൊക്കെ മറികടന്ന്, കാറ്റിൽ പറത്തി ഇവിടെ രജിസ്ട്രാറെ സർവ്വാധികാരിയാക്കികൊണ്ടുള്ള നിയമനിർമ്മാണം നടത്തുന്നത് എന്നുള്ള കാര്യം ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഒരു കാര്യം കൂടി ഞാൻ പറയട്ടെ. ഇതിനകത്ത് റോൾ ഓഫ് രജിസ്ട്രാർ. രജിസ്ട്രാർ ഒരു ഐ.എ.എസുകാരൻ ആണ്. അദ്ദേഹത്തെ ഞാൻ കുറ്റപ്പെടുത്തുകയല്ല. രജിസ്ട്രാർ, സെക്രട്ടറി എന്നൊക്കെ പറഞ്ഞാൽ അവർക്കൊക്കെ പരിമിതികളുണ്ട്. ഗവണ്മെന്റ് പറയുന്നതുപോലെ കാര്യങ്ങൾ ചെയ്യേണ്ടിവരും. നിവൃത്തിയില്ലാതെ വരുമ്പോൾ കുറെയൊക്കെ മനസ്സാക്ഷിക്ക് അനുസരിച്ച് അവർ നോക്കും. What is the role of Registrar? ഈ റെക്കമെന്റേഷനിൽ രജിസ്ട്രാറുടെ റോൾ എന്താണ്? The Registrar of Co-operative societies if it is intensified with the bye-law and Act, registration of amendment to by-law of provision, conduct of enquiry in case of default and closely monitoring the annual audit by all Co-operatives, organising departmental audit in the event of the Board failing to do it in time. ഈ അഞ്ചു കാര്യത്തിലല്ലാതെ ഒരു കാര്യത്തിലും രജിസ്ട്രാർക്ക് അധികാരം പാടില്ല എന്നുപറഞ്ഞത് അങ്ങയുടെ സഹമന്ത്രിയായ ശ്രീ. ഇ. ചന്ദ്രശേഖരൻ നായരാണ്. ഇന്ത്യാ രാജ്യം മുഴുവനുള്ള ഒരു കൺസെപ്റ്റ്. ഇതാണ് ഞങ്ങളും നിങ്ങളും തമ്മിലുള്ള അഭിപ്രായവ്യത്യാസം. അല്ലാതെ അഴിമതിയെക്കുറിച്ചല്ല. ഒരു കാര്യംകൂടി ഞാൻ ഇവിടെ കാട്ട് ചെയ്യുന്നു. ഇത് ഹിന്ദു പത്രമാണ്. Kurien criticises Kerala move on Co-ops. ഡോ. കുര്യൻ ആരാണ്? എമിനന്റ് കോ-ഓപ്പറേറ്റർ. ഇന്ത്യാ രാജ്യത്തിലെ ഏറ്റവും ഉന്നതനായ കോ-ഓപ്പറേറ്ററാണ് ഡോ.കുര്യൻ. അദ്ദേഹം പറയുന്നത് എന്താണ്? The former Chairman of the NDDB, Dr.V.Kurien has urged the State Government to withdraw the amendments to the State Co-operative Societies Act, 1969, saying that they would only strengthen the bureaucratic arm and impose more controls on the co-operatives". ആരാണ് പറയുന്നത്? ഡോ. കുര്യൻ. ലോകത്തിലെ ഉന്നതനായ കോ-ഓപ്പറേറ്റർ. അദ്ദേഹം ഒന്നുകൂടി പറയുന്നു. "Dr.Kurien felt that the most appropriate step at this point would be to bring about a parallel legislation which would provide the co-operatives more autonomy along with accountability. Such a legislation would also give the co-operatives teeth to compete in the face of stiff competition from the multinationals and the corporate sector". മൾട്ടി നാഷണൽ സ്റ്റേറ്റ് ഫൈറ്റ് ചെയ്യാൻ സാധിക്കണമെങ്കിൽ ഇതുപോലെ അധികാരങ്ങളുള്ള സഹകരണ പ്രസ്ഥാനം ഈ രാജ്യത്ത് വളർന്നുവരണം എന്നാണ് ലോകത്തിന് മാതൃക കാണിച്ച ഡോ.കുര്യൻ പറയുന്നത്. ആ കാലത്താണ് നമ്മുടെ വൈദ്യർ പറയുന്നത് മൾട്ടി നാഷണലിനെക്കുറിച്ച്, നിങ്ങളാണ് അവരെ സഹായിക്കുന്നതെന്ന്. അവരുമായി മത്സരിക്കാനുള്ള കഴിവ് സഹകരണ സ്ഥാപനങ്ങൾക്ക് നഷ്ടപ്പെടുത്തുന്നതാണ് നിങ്ങളുടെ ഭേദഗതികൾ എന്ന കാര്യം ഞാൻ പറയട്ടെ. ഡോ. കുര്യൻ പറയുന്നതിന്റെ ഒരു ഭാഗം കൂടി ഞാൻ കാട്ട് ചെയ്യുന്നു. അദ്ദേഹം പറയുന്നു. During the past few years, the efforts of the CIP panel members, consisting of Dr.Kurien, the former Deputy Chairman Planning Commission, Mr. Mohan Dharia, and former member Planning Commission, Mr.L.C.Jain have emboldened the state like Andhra Pradesh, Bihar

LIBRARY ARCHIVES Kerala Legislative Assembly

and Karnataka to enact liberal, enabling laws for co-operatives. ഈ പറയുന്ന സംസ്ഥാനങ്ങളിലൊക്കെ ഇങ്ങനെ ലിബറലൈസ് ചെയ്തുകൊണ്ടുള്ള നിയമങ്ങൾ ഉണ്ടാക്കി. മഹാരാഷ്ട്ര, പഞ്ചാബ്, മധ്യപ്രദേശ് ആ സംസ്ഥാനങ്ങൾ ഉണ്ടാക്കുന്നു. ബാക്കി അന്തർസംസ്ഥാനങ്ങൾ ഉൾപ്പെടെ ഉണ്ടാക്കിക്കഴിഞ്ഞു. ഇന്ത്യാ രാജ്യത്തെ ഏതു നിയമത്തിനും പുരോഗമന നിയമങ്ങൾക്കും ഈ രാജ്യത്ത് നേതൃത്വം നൽകിയ പാരമ്പര്യമുള്ള ഒരു നിയമസഭയാണ് ഈ നിയമസഭ എന്നുള്ള കാര്യം അങ്ങ് അംഗീകരിക്കണം. അഗ്രിക്കൾച്ചറൽ റിഫോംസിന്റെ കാര്യത്തിലായാലും തൊഴിലാളികളുടെ വെൽഫെയർ ഫണ്ടിന്റെ കാര്യത്തിലായാലും പഞ്ചായത്തുകൾക്ക് അധികാരം കൈമാറുന്ന കാര്യത്തിലാണെങ്കിലും ഇൻഡ്യാ രാജ്യത്ത് ഇന്ന് ഏറ്റവും കൂടുതൽ അധികാരങ്ങൾ ത്രിതല പഞ്ചായത്തുകൾക്ക് കൈമാറിയ പാരമ്പര്യമുള്ള നിയമസഭ കേരള നിയമസഭയാണെന്നുള്ള കാര്യം അങ്ങ് മനസ്സിലാക്കണം. ആ സന്ദർഭത്തിലാണ് ഇതിന്റെ ജനാധിപത്യ സ്വഭാവം മുഴുവൻ നശിപ്പിക്കുന്ന രൂപത്തിൽ ഒരു നിയമനിർമ്മാണത്തിന് ഈ ഗവണ്മെന്റ് മുന്നോട്ടുവരുന്നത്. അതാണ് ഞങ്ങളുടെ ഒബ്ജക്ഷൻ. അത് ഞങ്ങൾക്ക് അപ്രിഷിയേറ്റ് ചെയ്യാൻ കഴിയുകയില്ല. ഇൻഡ്യയിലെ സഹകാരികൾക്ക്, ലോകത്തിലെ സഹകാരികൾക്ക് സഹകരണ പ്രസ്ഥാനങ്ങൾക്ക് അങ്ങയുടെ സ്റ്റാന്റിനെ അപ്രീഷിയേറ്റു ചെയ്യാൻ കഴിയും. എന്നാൽ നിങ്ങളുടെ സ്റ്റാന്റ് അപ്രീഷിയേറ്റ് ചെയ്യാൻ കഴിയുകയില്ല. നിങ്ങൾ ഈ സംസ്ഥാനത്തെ പിന്നോക്കം കൊണ്ടുപോവുകയാണ്. ഈ നിയമവും ഇതിലെ വകുപ്പുകളും നിങ്ങൾ പരിശോധിച്ചുനോക്കൂ. ഞാൻ അങ്ങയോട് ഒരു കാര്യം പറയുന്നു. ഈ നിയമത്തിലെ കൂടുതൽ വകുപ്പുകളും രജിസ്ട്രാർക്ക് അധികാരം കൈമാറുന്നവയാണ്. ആ രൂപത്തിലുള്ള നിയമനിർമ്മാണമാണോ നമുക്കാവശ്യം. എല്ലാ നിലയിലും പുരോഗമനപരമായ നിയമനിർമ്മാണങ്ങളുണ്ടാക്കുന്ന ഈ സഭ ഇത്തരത്തിൽ പുറകോട്ടു പോയി ഇവിടെ സഹകാരികൾ കളവു ചെയ്തേക്കുമോ എന്ന് ഭയന്ന് ഉദ്യോഗസ്ഥന്മാരുടെ കൈയിൽ ഏൽപ്പിക്കുന്നു. ഈ നിയമം നിങ്ങളുണ്ടാക്കുമ്പോൾ ഇവിടെ സഹകരണ പ്രസ്ഥാനത്തെയും അതിന്റെ ഡെമോക്രസിയേയും നിങ്ങൾ തുലയ്ക്കുകയാണ്. എല്ലാ സംസ്ഥാനങ്ങളും മുന്നോട്ടു പോകുന്നു. അതിന്റെ ഡെമോക്രാറ്റിക് ക്യാരക്ടർ നിലനിർത്തുന്നു. കൂടുതൽ ഡെമോക്രാറ്റിക് ക്യാരക്ടറുണ്ടാക്കിക്കൊടുക്കുന്നു. എന്നാൽ നമ്മുടെ സംസ്ഥാനത്തെ രജിസ്ട്രാറുടെ കൈയിൽ കൊടുക്കുന്നു; നമ്മുടെ സംസ്ഥാനത്തെ പോലീസ് ഡി.ഐ.ജി. യുടെ കൈയിലേയ്ക്ക് കൊടുക്കുന്നു. ഇത് എന്തു പുരോഗമന പ്രസ്ഥാനമാണ്. ഈ ബില്ലിന്റെ ഉദ്ദേശം എന്താണ്? ഇതിലെ വകുപ്പുകൾ എന്താണ്? കുറെയൊക്കെ സെലക്ട് കമ്മിറ്റിയിൽ മന്ത്രി പരിശോധിക്കാൻ ശ്രമിച്ചു. ഞാൻ സമ്മതിക്കുന്നു. പക്ഷെ, ഇതിലെ ചില വ്യവസ്ഥകൾ നോക്കൂ. ഇപ്പോൾ സെലക്ട് കമ്മിറ്റി റിപ്പോർട്ടിൽ കുറെ കാര്യങ്ങൾ അംഗീകരിച്ചിരിക്കുന്നു. അതേ അവസരത്തിൽ ഈ ബില്ലിന്റെ ഉദ്ദേശം എന്താണ്? അഴിമതി നിർത്തലാണോ? ചില സ്ഥാപനങ്ങൾ പിടിച്ചെടുക്കലാണ്. അങ്ങു സർക്കുലേറ്റു ചെയ്ത ആദ്യത്തെ ബില്ലിന്റെ സ്ഥിതിയെന്താണ്? അതിനേക്കാൾ കടന്നുപോയില്ലേ സെലക്ട് കമ്മിറ്റിയുടെ റിപ്പോർട്ട്. ആദ്യത്തെ ബില്ലിൽ 28-നുള്ള അമെന്റ്മെന്റിൽ എന്താണ് പറഞ്ഞത്. "(1A) Notwithstanding anything contained in sub-section (1), there shall be elected to the committee of an apex society. One member each from each revenue district, elected by the delegates of the affiliated societies in the respective districts, from among themselves". അതു പോട്ടെ. അതുകഴിഞ്ഞ് സെലക്ട് കമ്മിറ്റി ജില്ലാടിസ്ഥാനത്തിൽ പ്രതിനിധി

LIBRARY ARCHIVES Kerala Legislative Assembly

കളെ വിളിച്ചുകൂട്ടി തെളിവെടുപ്പു നടത്തണമെന്ന് 12-ാം ക്ലാസിൽ പറയുന്നുണ്ട്. സെലക്ട് കമ്മിറ്റി റിപ്പോർട്ടിൽ 11-ാമത്തെ ക്ലാസിനെക്കുറിച്ച് എന്താണ് പറഞ്ഞിരിക്കുന്നത്. അതിൽ 11-ാമത്തെ ക്ലാസാണ് ഇവിടെ ഒറിജിനൽ ജില്ലിലെ 12-ാമത്തെ ക്ലാസ്. സെലക്ട് കമ്മിറ്റി റിപ്പോർട്ടിലെ 11-ാമത്തെ ക്ലാസിൽ പറയുന്നത് . "(ii) Notwithstanding anything contained in this Act, where the committee of an apex, society constituted not in accordance with the provisions contained in clause (i) is in existence at the commencement of the Kerala Co-operative Societies (Amendment) Act, 1999, it shall cease to exist on the commencement of the said Act". ഒറിജിനൽ ബില്ലിലുണ്ടോ ഇത്? ഇല്ല. ഒറിജിനൽ ബില്ലിൽ അങ്ങനെ സീസ് ചെയ്തുപോകുമെന്നല്ല. ഒറിജിനൽ ബില്ലാണ് ഞാൻ ആദ്യം വായിച്ചത്. സെലക്ട് കമ്മിറ്റി റിപ്പോർട്ട് വന്നപ്പോൾ ഇതുപോലെ ജില്ലാടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പു വരുന്ന ഒരു ബോർഡ് അല്ലെങ്കിൽ ഒരു അപെക്സ് ഇൻസ്റ്റിറ്റ്യൂഷന്റെ ബോർഡ് അല്ലെങ്കിൽ ആ ബോർഡ് ഈ നിയമം പാസ്സാകുന്നതോടുകൂടി സീസ് ചെയ്യപ്പെടും എന്നുപറഞ്ഞാൽ ഈ നിയമത്തിനു കൊടുക്കേണ്ട പേര് എന്തായിരുന്നുവെന്നറിയാമോ? യു.ഡി.എഫ്.-ന്റെ അപെക്സ് സംഘങ്ങൾ പിടിച്ചെടുക്കാനുള്ള ബിൽ എന്നാണ് ഇതിനു കൊടുക്കേണ്ട പേര്. ഇതിന്റെ അർത്ഥം എന്താണ്? ഒറിജിനൽ ബില്ലിൽ ഇല്ലാത്ത ക്ലാസ് സീസ് ചെയ്യപ്പെടുമെന്നുള്ള ക്ലാസ് ഈ നിയമം പാസ്സാകുന്നതോടുകൂടി സീസ് നിലവിൽവരും. ഇത് എവിടെനിന്നു കിട്ടി? ആര് കൊണ്ടുവന്നു? എനിക്കറിയാം. അങ്ങ് കുറേക്കൂടി ഡെമോക്രാറ്റിക്കായി മാറാൻ ശ്രമിച്ചാലും അങ്ങയുടെ പാർട്ടി അനുവദിക്കുകയില്ല എന്നുള്ള കാര്യം അങ്ങേയ്ക്കറിയാമെങ്കിലും സമ്മതിക്കാൻ പാടില്ലായെങ്കിലും ഞങ്ങൾക്കറിയാം. ഏതായാലും ഇത് വളരെ അൺഡെമോക്രാറ്റിക്കാണ്. യാതൊരു നിലയിലും അംഗീകരിക്കാൻ കഴിയാത്തതാണ്. യാതൊരു സംശയവും വേണ്ട. ഇവിടെ കോ-ഓപ്പറേറ്റീവ് പ്രിൻസിപ്പിൾ പറഞ്ഞിരിക്കുന്നത് എന്താണ്? വോട്ടധികാരത്തെപ്പറ്റി ശ്രീ. ചന്ദ്രശേഖരൻ നായർ റെക്കമെന്റ് ചെയ്തതിലും, അതുപോലെ ഇൻഡ്യാ ഗവണ്മെന്റ് ഉണ്ടാക്കിയ മോഡൽ കോൺസ്റ്റിറ്റ്യൂഷനിലുമൊക്കെ പറഞ്ഞത് എന്താണ്? എന്തിനാണ് അവിടെ ക്വാളിഫിക്കേഷൻ വയ്ക്കുന്നത്? എവിടെയുണ്ട് ആക്ടിംഗ് മെമ്പറെന്നുള്ള ക്വാളിഫിക്കേഷൻ? നിങ്ങൾ കഴിഞ്ഞ പ്രാവശ്യം ജില്ലാ ബാങ്ക് തട്ടാൻ ഭേദഗതി കൊണ്ടുവന്നു. കുറെ ആളുകളെയൊക്കെ മെമ്പർമാർ അല്ലാതാക്കാൻ ശ്രീ. പിണറായി വിജയൻ ഒരു അമെന്റ്മെന്റ് കൊണ്ടുവന്നു. നിങ്ങൾ ഓർഡിനൻസ് ഇറക്കി. അങ്ങനെ അതിന്റെ പേരിൽ ജില്ലാ ബാങ്കുകളൊക്കെ പോയി. അതൊക്കെ നിങ്ങൾ പിടിച്ചെടുത്തു. സർവ്വീസ് ബാങ്കുകൾ. അതൊക്കെ മതി. ആർക്കും ജില്ലാ ബാങ്ക് വേണ്ടായെന്ന് നിങ്ങൾ പറഞ്ഞില്ലേ. ഞാൻ പറയട്ടെ. സർവീസ് ബാങ്കും അഗ്രികൾച്ചറൽ ബാങ്കും കൃഷിക്കാരന്റേതാണ്. അവരെ മാത്രം അതിൽ മെമ്പർമാരാക്കാനുള്ള ഭേദഗതിയുണ്ടാക്കാൻ തയ്യാറുണ്ടോ? വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് ഫോർ വർക്കേഴ്സാണ് അവിടെ വർക്കേഴ്സ് മതി. അല്ലാതെയുള്ള ആളുകൾ വേണ്ട. സെക്രട്ടറിയേറ്റിൽ എംപ്ലോയീസിന് ക്രെഡിറ്റ് സൊസൈറ്റിയുണ്ട്. എനിക്കും അങ്ങേയ്ക്കും അതിൽ മെമ്പർഷിപ്പ് കിട്ടുമോ? അതുകൊണ്ട് എന്തുകൊണ്ട് ഈ രാജ്യത്തെ കൃഷിക്കാരനെ ഉദ്ദേശിച്ചുണ്ടാക്കിയ അഗ്രിക്കൾച്ചറൽ ബാങ്കിൽ, ഇവിടത്തെ പ്രൈമറി സംഘത്തിൽ കൃഷിക്കാർക്കുമാത്രം മെമ്പർഷിപ്പ് കൊടുത്തുകൂടാ. ഇതിൽ കൃഷിക്കാരോട് താൽപ്പര്യമുണ്ടെങ്കിൽ ഇത് അവന്റേതാക്കണം. ജില്ലാടിസ്ഥാനത്തിൽ പ്രതിനിധികളെ വിളിച്ചുകൂട്ടി തെരഞ്ഞെടുപ്പ് നടത്തണം. അതല്ലേ

LIBRARY ARCHIVES Kerala Legislative Assembly

വ്യവസ്ഥ. പ്രായോഗികമാണോ? ഞാൻ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയനിൽ അംഗമായിരുന്നിട്ടുണ്ട്. ഞാനും ശ്രീ. ഇ. ചന്ദ്രശേഖരൻ നായരും സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിലുണ്ടായിരുന്നു. ഞാൻ മാർക്കറ്റിംഗ് ഫെഡറേഷനിൽ അംഗമായിട്ടുണ്ട്. 'നബാർഡ്'' ന്റെ വൈസ് ചെയർമാൻ ആയിട്ടുണ്ട്. ഞാൻ എൻ.സി.ഡി.സി. യുടെ ഡയറക്ടർ ആയിട്ടുണ്ട്. ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ അംഗമായിട്ടുണ്ട്. ഞാനിപ്പോൾ ഒരു സഹകരണ പ്രസ്ഥാനത്തിലെ പ്രൈമറി മെമ്പർഷിപ്പ് മാത്രമുള്ള ആളെന്നല്ലാതെ അതിന്റെ ഗവേണിംഗ് ബോഡിയിൽ ഇല്ല. അങ്ങയുടെ അമെന്റ്മെന്റിൽ പറഞ്ഞത് എന്താണ്? ഒരാളാണെങ്കിൽ ആളെ തെരഞ്ഞെടുത്തതായി കണക്കാക്കാം. രണ്ടാളാണെങ്കിലോ. അവിടെ സെക്കന്റ് ചെയ്യാൻ ആരാണ്? നാലാൾ ഉണ്ടെന്നിരിക്കട്ടെ. രണ്ട് എൽ.ഡി.എഫ്., രണ്ട് യു.ഡി.എഫ്. ആര് പിൻതാങ്ങും? ഡെലിഗേഷനുണ്ടാകുമോ? ആ ജില്ലയ്ക്ക് നഷ്ടപ്പെടുകയില്ലേ? നാലാളാണെങ്കിലോ അവിടെ പ്രായോഗികമായിട്ട് നടക്കുമോ? തൽക്കാലം ലാന്റ് ഡെവലപ്മെന്റ് ബാങ്കിനെയും ഹൗസിംഗ് സൊസൈറ്റിയെയും പിരിച്ചുവിടാൻ ഇതാവാമെന്നുള്ളത് പ്രായോഗികമായി നടപ്പില്ല. താലൂക്കടിസ്ഥാനത്തിൽ പ്രതിനിധികൾ വോട്ടു ചെയ്തു വരട്ടെ. ഈ നിയമം പാസ്സാക്കുമ്പോൾ അവരും പിരിഞ്ഞുപോട്ടെ. തയ്യാറുണ്ടോ? കാരണം നിങ്ങളുടെ 13 ജില്ലാബാങ്ക് പോകും. അതിന് നിങ്ങളില്ല. അപെക്സിൽ മാത്രം എന്തുകൊണ്ടാണ് ഇല്ലാത്തത്? ഈ മാനദണ്ഡം എന്തുകൊണ്ട് ജില്ലാ സംഘങ്ങളിലേയ്ക്കും, സെൻട്രൽ സൊസൈറ്റികളിലേയ്ക്കും നിങ്ങളെടുക്കുന്നില്ല. താലൂക്കടിസ്ഥാനത്തിൽ സെൻട്രൽ സൊസൈറ്റികളിൽ എന്തുകൊണ്ട് നിങ്ങൾ ഈ മാനദണ്ഡം എടുക്കുന്നില്ല. 'റെയിഡ്കോ' അടക്കം പോകുമെന്നുള്ളതുതന്നെയാണ്. ഇവിടെ ബഹുമാനപ്പെട്ട ആനത്തലവട്ടം ആനന്ദൻ പ്രസംഗിച്ചതുപോലെയല്ല. ഈ നിയമം നിങ്ങളുടെ കൺട്രോളിൽ കൊണ്ടുവരാൻ, പാവപ്പെട്ട രജിസ്ട്രാറെ കരുവാക്കി, രജിസ്ട്രാർക്ക് അമിതമായ അധികാരങ്ങൾ കൊടുത്തത്. അതു രാഷ്ട്രീയമായി ഉപയോഗിക്കാൻ വേണ്ടി രാജ്യത്തെ സഹകരണ ജനാധിപത്യത്തെ കൊല ചെയ്തുകൊണ്ടുള്ള ഒരു നിയമനിർമ്മാണമാണ് ഇവിടെ കൊണ്ടുവന്നിട്ടുള്ളത് എന്നുള്ള കാര്യം പറയേണ്ടി വന്നതിൽ ഞാൻ ഖേദിക്കുന്നു. ബില്ലിന്റെ ബാക്കിയുള്ള ക്ലാസ്സുകളിലേയ്ക്ക് ഞാൻ പോകുന്നില്ല. ആ ക്ലാസ്സുകളെക്കുറിച്ച് ഇവിടെ പറഞ്ഞു. നമ്മുടെ രാജ്യത്ത് നടക്കുന്ന ഇലക്ഷനെക്കുറിച്ച് നിങ്ങൾ ആലോചിക്കണം. ഇലക്ഷന്റെ സ്ഥിതി എന്താണ്? വളരെ ഭദ്രമായി ഇതൊക്കെ നടത്താനാണല്ലോ ഇലക്ഷൻ കമ്മീഷനെ വയ്ക്കുന്നത്. ഇലക്ഷനിൽ ഇന്നു നടക്കുന്ന സ്ഥിതി എന്താണ്? എന്റെ നിയോജകമണ്ഡലത്തിലെ നിലമ്പൂർ സർവ്വീസ് സഹകരണബാങ്ക്, ചാലിയാർ സർവ്വീസ് സഹകരണബാങ്ക്, ചുങ്കത്തറ സർവ്വീസ് സഹകരണബാങ്ക്, അമരംപള്ളി, മുത്തേടം, കരുളായി എന്നിവിടങ്ങളിലെല്ലാം യു.ഡി.എഫ്. ആണ് ഭരിക്കുന്നത്. അവിടെയൊക്കെ ഞങ്ങൾ ഭരണത്തിൽ വന്നതു എങ്ങനെയാണെന്ന് അങ്ങേയ്ക്കറിയാമോ? പയ്യാവൂർ കേസ് വന്ന ശേഷം ഞങ്ങൾ ഹൈക്കോടതിയിൽ പോലീസ് പ്രൊട്ടക്ഷൻ ചോദിച്ചു. ഇപ്പോൾ 12 ബാങ്കുകൾ ഞങ്ങളുടെ കയ്യിലാണ്. കളക്ടറേയും എസ്.പി.യേയും പ്രതിയാക്കി ഞങ്ങൾ പോലീസ് പ്രൊട്ടക്ഷൻ ചോദിച്ചു. അങ്ങനെ പയ്യാവൂർ കേസുകൊണ്ട് കിട്ടിയ ഗുണമാണിത്. അങ്ങനെ പോലീസ് പ്രൊട്ടക്ഷൻ ഉണ്ടായി. പോലീസ് പ്രൊട്ടക്ഷനോടുകൂടി തെരഞ്ഞെടുപ്പ് നടത്തി ഞങ്ങൾ ജയിച്ചു. ഇന്ന് യു.ഡി.എഫിന്റെ കയ്യിലുള്ള സംഘങ്ങളിലടക്കം ഞങ്ങൾ ജയിച്ചിട്ടുണ്ടെങ്കിൽ അതു ബഹുഭൂരിപക്ഷവും പോലീസ് പ്രൊട്ടക്ഷനോടുകൂടി ഇലക്ഷൻ നടത്തിയതുകൊണ്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly

72 പേരുള്ള ഒരു പാൽ സൊസൈറ്റിയുടെ ഇലക്ഷന്റെ കാര്യം ഇവിടെ ഇന്നു പറയുകയുണ്ടായി. 92 പോലീസുകാർക്ക് ബത്ത കൊടുത്തുകൊണ്ടു വന്നിട്ടാണ് ഇലക്ഷൻ നടത്താൻ സാധിച്ചത്. അതു നിങ്ങൾ ആലോചിക്കണം. നിങ്ങളുടെ ഭരണത്തിലെ ജനാധിപത്യമാണ്. മണ്ണൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ കാര്യം ഞാൻ പറയുന്നില്ല. എല്ലാ സഹകരണസ്ഥാപനങ്ങളിലും അങ്ങനെയാണ്. എ.കെ.ജി. സർവ്വീസ് സഹകരണാശുപത്രിയും അങ്ങനെ തന്നെ. ശ്രീ. ഗോവിന്ദൻമാസ്റ്റർ പറയുന്നതുകൊണ്ട് ഞാനതു പറയുന്നില്ല. നിങ്ങളുടെ കയ്യിൽ എങ്ങനെ വന്നു എന്നതറിയാം. 1987-ൽ ശ്രീ. ടി.കെ. രാമകൃഷ്ണൻ ചില അമെന്റ്മെന്റുകൾ കൊണ്ടുവന്നു. അങ്ങനെ ചില സംഘങ്ങൾ നിങ്ങൾ പിടിച്ചു. 1991-ൽ ഞങ്ങൾ അധികാരത്തിൽ വന്നപ്പോൾ ഞങ്ങൾക്കും മറ്റു മാർഗ്ഗമില്ലായിരുന്നു. ഞങ്ങളും ചിലതു കൊണ്ടുവന്നു. അതു സത്യമാണ്. ഞങ്ങളും തിരിച്ചുപിടിച്ചു. ഇപ്പോൾ വീണ്ടും ഒന്ന്, രണ്ട് എന്നു പറഞ്ഞ് ഭേദഗതിനിയമങ്ങൾ കൊണ്ടുവന്നു. ഞങ്ങൾ തിരിച്ചുവന്നാൽ ഇത് കറക്ട് ചെയ്യേണ്ടേ? കറക്ട് ചെയ്യും. അതിന് യാതൊരു സംശയവും വേണ്ട. ഇതു കറക്ട് ചെയ്തിരിക്കും. ഇന്ന് അവിശ്വാസപ്രമേയത്തിന് ഈ ബില്ലിൽ പ്രൊവിഷനില്ല. നിലവിലുള്ള ആക്ടിലും പ്രൊവിഷനില്ല. ആ കാര്യവും ഗവണ്മെന്റ് പരിഗണിക്കണം. സഹകരണപ്രസ്ഥാനത്തിനെ നാം തമ്മിൽ പകരം വീട്ടാനുള്ള ഒരു ഏർപ്പാടാക്കി മാറ്റരുത്. അത് മാറാതിരിക്കണമെങ്കിൽ, നാളെ ഞങ്ങളിതു കറക്ട് ചെയ്യാൻ അവസരം ഉണ്ടാകാതിരിക്കണമെങ്കിൽ ജനാധിപത്യവിരുദ്ധമായ വകുപ്പുകൾ പിൻവലിക്കണമെന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

<u>ശ്രീ. എൻ. അനിരുദ്ധൻ</u> : സർ, ഞാൻ വളരെ ചുരുക്കിപ്പറയാം. ശ്രീ. ആര്യാടൻ മുഹമ്മദ് ഇവിടെ പറഞ്ഞ് അവസാനിപ്പിച്ചിടത്തു നിന്നാണ് ഞാൻ തുടങ്ങുന്നത്. 'ഞങ്ങൾ തിരിച്ചു പിടിക്കും. നിങ്ങൾ നേരത്തെ പിടിച്ചു' എന്നാണ്. ഈ രണ്ടു പിടിയുംകൂടി ചേർന്ന് സഹകരണാധിപത്യത്തെ ഇല്ലായ്മ ചെയ്യാതിരിക്കാൻ വേണ്ടിയുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ ബിൽ കൊണ്ടു വന്നത്. ഈ പിടിത്തം നമ്മളെ എവിടെക്കൊണ്ടുചെന്ന് എത്തിക്കും? ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞ അതേ രാമചന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിന്റെ പ്രസക്ത ഭാഗത്തിലെ ഒരു കാര്യം ഞാൻ വായിക്കാം. Voluntary and open membership, democratic membership control, member, economic participation, autonomy and independence, Education, training, information, co-operation among co-operatives and concern for community. ഈ ലക്ഷ്യപ്രാപ്തിയ്ക്കുവേണ്ടിയുള്ള നിയമനിർമ്മാണം തന്നെയാണ് ഇവിടെ നടക്കുന്നത്. അതിനു പ്രേരകമായി ആന്ധ്രാപ്രദേശിൽ വളരെയേറെ സ്റ്റഡി ചെയ്ത(.....) Referencial Act of 1997-ൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധേയമാണ്.

A Referencial Act has been drafted keeping in mind, the issues raised above. It is the result of series of consultation with eminent co-operators across the country little known but highly successful and these dedicated the rural co-operative leaders in Andhra Pradesh and elsewhere, tourists, parliamentarians, legislators, administrators, academcians, social scientists, offcials of the co-operative departments and Develoment Workers. And it has also drawn inspiration from the Model Co-operative Act drafted by the Indian Co-operative Union, 1960, Asian Regional Office of International Co-operative alliance, 1973,

1053/2010.

LIBRARY ARCHIVES Kerala Legislative Assembly

Brahma Prakash Committee, 1991., the report of the Ramakrishnayya Committee, 1994 and Andhra Pradesh Mutually Aided Co-operative Societies Act, 1995. ഈ രണ്ട് ആധികാരിക രേഖകളുടെയും ഉദ്ദേശ്യം സാധിക്കുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള ബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ആ ബില്ലിൽ പറഞ്ഞിരിക്കുന്നത്, കോ-ഓപ്പറേറ്റീവ് പ്രിൻസിപ്പിളിൽ പറഞ്ഞിട്ടുണ്ട്. Membership of the Co-operative shall be voluntarily available without restrictions on social, political, racial, religious discrimination to all persons who can make use of its service and who are willing to accept the responsibilities of membership. ഈ ആക്ടിൽ ചേർത്തിരിക്കുന്ന 16-ാം വകുപ്പിൽ മെമ്പർഷിപ്പ് കിട്ടാനുള്ള അവകാശം ഒരു സഹകാരിയുടെ മൗലികാവകാശമായി ഈ റെക്കമെന്റേഷന്റെ അടിസ്ഥാനത്തിൽ കിട്ടിയിരിക്കുന്നു. മുൻപ് എങ്ങനെയായിരുന്നു? നിങ്ങൾ ഭരിച്ചിരുന്നപ്പോഴും കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ അപേക്ഷ കൊടുത്താൽ, മെമ്പർഷിപ്പ് തരുമെന്നോ തരുകയില്ലെന്നോ അറിയേണ്ട ബാധ്യയുണ്ടായിരുന്നില്ല. ആ പദ്ധതിക്ക് വിപരീതമായി മാൻഡേറ്ററിയായി. ഒരു അപേക്ഷ കിട്ടിയാൽ ഇത്ര കാലാവധിക്കു മുൻപ് അതിന്മേൽ തീരുമാനമെടുത്ത് അറിയിക്കണമെന്നും അപ്രകാരം തീരുമാനിക്കാതിരുന്നാൽ അതിൽ അപ്പീൽ പോകാനും റിലീഫ് നേടാനുമുള്ള അവകാശം സഹകാരികൾക്കുണ്ടാകണമെന്ന് വ്യവസ്ഥ ചെയ്യുന്ന സഹകരണ ജനാധിപത്യ സംരക്ഷണ നിയമമാണ് യഥാർത്ഥത്തിൽ ഇത്. അതിനെ അവഹേളിക്കുന്നതു ശരിയല്ല. മാത്രമല്ല ഈ സംഘം പിടിത്തമെന്നു പറയുന്ന അനാരോഗ്യകരമായ, കഴുത്തറുപ്പൻ മൽസരങ്ങൾ സഹകരണപ്രസ്ഥാനത്തിൽ നടമാടിയിരുന്ന സന്ദർഭത്തിന് അറുതി വരുത്തുന്നതിന് ഉദ്ദേശ്യം വച്ചുകൊണ്ടാണ് ഈ ആക്ട് ഉണ്ടായിരിക്കുന്നത്. അതിനാണ് തെരഞ്ഞെടുപ്പ് കമ്മിഷനെ നിയമിച്ചിരിക്കുന്നത്. സഹകരണപ്രസ്ഥാനത്തിലെ തെരഞ്ഞെടുപ്പ് കുറ്റമറ്റതാക്കിത്തീർക്കാൻ ഇതിൽപ്പരം എന്താണ് മാർഗ്ഗമെന്ന് നിർദ്ദേശിക്കാൻ സെലക്ടുകമ്മിറ്റിയിൽ സജീവമായി പങ്കെടുത്ത, എന്നോടൊപ്പമുണ്ടായിരുന്ന പ്രതിപക്ഷ അംഗങ്ങളാരും ഒരു നിർദ്ദേശവും വച്ചിട്ടില്ല. ഇതിൽക്കൂടുതൽ എന്താണ് ചെയ്യുക? എക്സാമിനേഷൻ ബോർഡിൽ ഒരു ജുഡിഷ്യൽ ഓഫീസർ ഉണ്ടായിരുന്നു. സർവ്വീസിലിരിക്കുന്ന ഒരു ജുഡിഷ്യൽ ഓഫീസറെ അഡ്മിനിസ്ട്രേറ്റീവ് ഭാഗത്തേയ്ക്ക് കൊണ്ടുവരാൻ സാധ്യമല്ല. അതിന് നമുക്ക് ചട്ടം അനുവദിക്കുകയില്ല. അത് അസാധ്യമാണ്. അതുകൊണ്ട് തെരഞ്ഞെടുപ്പുകമ്മീഷൻ ഗവണ്മെന്റ് സെക്രട്ടറിയിൽ കുറയാത്ത ഒരു ഓഫീസർ ആയിരിക്കണം. കുറ്റമറ്റ ഈ നിയമത്തിൽ സംഘം സഹകാരികളുടെ പണം ദുരുപയോഗം ചെയ്യുന്നത് പ്രതിരോധിക്കാൻ വേണ്ടി ഒരു വിജിലൻസ് ഉദ്യോഗസ്ഥനെ, ഡി.ഐ.ജി. റാങ്കിൽ കുറയാത്ത ഒരാളെ നിയമിക്കണമെന്നു വച്ചിരിക്കുന്നത് വലിയ അപരാധമായി, പോലീസ് രാജായി ചിത്രീകരിക്കുന്നത് അപഹാസ്യമാണ്. ഹൈക്കോടതിയിൽപ്പോലും ഹൈക്കോർട്ട് വിജിലൻസ് ഓഫീസറുണ്ട്. അത് പോലീസ് ഓഫീസർ തന്നെയാണ്. അതുപോലെ പി.എസ്.സി. യിലുണ്ട്. ഏത് കോൺസ്റ്റിറ്റ്യൂഷണൽ ബോഡീസിലായാലും വിജിലൻസ് ഓഫീസറുണ്ട്. എന്തുകൊണ്ട് സഹകരണ നിയമത്തിൽ വിജിലൻസ് ഓഫീസറായി ഡി.ഐ.ജി. റാങ്കിൽ കുറയാത്ത ഒരാൾ വരുന്നതിനെ ഭയപ്പെടുന്നു. എന്നുപറഞ്ഞാൽ ശ്രീ. ആര്യാടൻ മുഹമ്മദിന്റെ ഭയപ്പാട് മുൻപുനടത്തിയ സഹകരണ ധ്വംസനം മൂലം അപഹരിക്കാനുള്ള അവകാശം ലിമിറ്റുചെയ്യുന്നു എന്നുള്ളതാണ്. ഈ ഓഫീസർ രജിസ്ട്രാറുടെ കൺട്രോളിന് വിധേയമായി പ്രവർത്തിക്കുന്ന ആളാണെന്ന് പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ട്. പോലീസ് ഓഫീസർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ദേശിക്കുന്ന സംഘത്തിൽ പോകാൻ പറ്റില്ല. രജിസ്ട്രാറുടെ ഡയറക്ഷന് വിധേയമായിമാത്രം പോകാമെന്നു പറയുന്നത്, ഭയപ്പെടുന്നത് കുറ്റബോധം കൊണ്ടാണ്. അത് പ്രസക്തമല്ല. എക്സാമിനേഷൻ ബോർഡ് എന്നു പറയുന്നത് സഹകരണസംഘത്തിലെ നിയമനങ്ങളിൽ കോഴവാങ്ങുന്നു എന്ന് പത്രദ്വാരാ കാണിക്കുകയും അതോടൊപ്പം തന്നെ തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കുകളുൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ നടന്ന അഴിമതി പിടിക്കുകയും പിടിക്കപ്പെട്ടപ്പോൾ പിടിക്കപ്പെട്ട കള്ളന്റെ അവസ്ഥയിൽ ഇതിനെ നേരിടുകയും ചെയ്യുന്നത് സത്യത്തിൽ ..... ബഹളം ..... എനിക്കറിയില്ല. ഞാൻ പറഞ്ഞുവെന്നേയുള്ളൂ. ..... ബഹളം ..... സത്യം പറഞ്ഞാൽ ക്രൂശിക്കാൻ നിൽക്കരുത്. സത്യം പറഞ്ഞിട്ടുള്ളവരെയെല്ലാം ക്രൂശിച്ചിട്ടുണ്ട്. യേശുക്രിസ്തുവിനെപ്പോലും വിട്ടിട്ടില്ല. ഗലീലിയോയെ വിട്ടിട്ടില്ല. ആരെയും വിട്ടിട്ടില്ല. അതുകൊണ്ട് ഞാനും ഒരു സത്യം പറയുന്നു. ഇത് ഏതു പാർട്ടിക്കാരനാണ് ചെയ്തതെന്ന് ഒന്നും ഞാൻ പറയുന്നില്ല. ആരു മോഷ്ടിച്ചാലും സഹകരണസംഘത്തിന്റെ പണം മോഷ്ടിച്ച ആൾ പിടിക്കപ്പെടുകതന്നെ വേണമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്.അതിനുവേണ്ടിയണ് ഈ ബിൽ. മാത്രമല്ല എക്സാമിനേഷൻ ബോർഡ് എന്നുപറയുന്നത് ..... ബഹളം ..... എക്സാമിനേഷൻ ബോർഡിലുള്ള വിഷയങ്ങളെക്കുറിച്ച് പ്രതിപക്ഷ സ്നേഹിതന്മാർ ഡിസന്റിംഗ് നേരത്തേ എഴുതി. അവസാനത്തെ തീരുമാനത്തിനുമുൻപ് ഡിസന്റിംഗ് എഴുതിയതുകൊണ്ട് അവസാന തീരുമാനത്തിന് അനുയോജ്യമല്ലാത്ത പരാമർശങ്ങൾ ഇവിടെ വരികയും ശ്രീമാൻ. ടി.എം. ജേക്കബ് അതിലൊരു പോയിന്റെ ഓഫ് ഓർഡർ ഉന്നയിക്കുകയും ചെയ്തു. വസ്തുത അവസാന തീരുമാനത്തിനുമുൻപ് ഡിസന്റിംഗ് എഴുതിപ്പോയതുകൊണ്ടുള്ള അപാകതയാണ്. ആ ബോർഡ് എന്നുപറയുന്നത് എക്സാമിനേഷൻ ബോർഡ് എന്നായിരുന്നില്ല. റിക്രൂട്ട്മെന്റ് ബോർഡ് എന്നായിരുന്നു പേര്. ഈ സംസ്ഥാനത്തുടനീളം നടത്തിയ തെളിവെടുപ്പിൽ ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള സഹകാരികൾ തന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ 100% ഉത്തമബോധ്യത്തിൽ എടുത്ത് സഹകാരികളുടെ അഭിപ്രായങ്ങൾ മാനിച്ച്, ഒരു നിയമനാധികാരമുള്ള ബോർഡ് ഓഫ് ഡയറക്ടേഴ്സിന് അവകാശം കൊടുക്കണമെന്നുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാറ്റം ചെയ്യപ്പെട്ടതാണ് ഈ എക്സാമിനേഷൻ ബോർഡ്. ഒരു പക്ഷേ ശരിയായിരിക്കാം. ബോർഡിലെ മെമ്പർമാരെക്കുറിച്ച് സാധാരണഗതിയിൽ റൂൾസിലാണ് വിശദമായി പറയുന്നത്. ആക്ടിൽ വിശദമായി പറയാത്തതുകൊണ്ടാണ് ഇതിൽ പറഞ്ഞത്. എന്നാൽ സംശയം വന്ന സ്ഥിതിക്ക് തീർച്ചയായും ഇന്നയിന്ന ആളുകൾ ആ ബോർഡിൽ ഉണ്ടായിരിക്കുമെന്ന് ബഹുമാന്യനായ മന്ത്രി ഒരു ഔദ്യോഗിക ഭേദഗതിയായിട്ട് കൊണ്ടുവന്ന് അംഗീകരിക്കുകയാണെങ്കിൽ നല്ലതാണ്. എന്റെ അഭിപ്രായത്തിൽ ഒരു റിട്ടയേർഡ് ജുഡിഷ്യൽഓഫീസർ, ബാങ്കിംഗ് സർവ്വീസിലെ ക്ലാസ്-1 ഓഫീസർ, ഒരു ഗവണ്മെന്റ് സെക്രട്ടറി എന്നീ മൂന്നാളുകളടങ്ങുന്ന ഒരു എക്സാമിനേഷൻ ബോർഡ് ആകുമെങ്കിൽ അത് കുറ്റമറ്റതാകുമെന്ന് എനിക്കൊരു സജഷനുണ്ട്. മാത്രമല്ല, ഇവിടെ പറഞ്ഞതുപോലെ സഹകരണാധിപത്യത്തെ ഇത് ധ്വംസിക്കുമെന്ന ഭയത്തിന് യാതൊരടിസ്ഥാനവുമില്ല. ജനാധിപത്യത്തിന്റെ സങ്കല്പത്തിൽ ഇവർ പറയുന്നത് ചിലപ്പോൾ ശ്രീ. കുര്യന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടാകാം. ശ്രീ. കുര്യൻ നടത്തുന്നത് ഗവണ്മെന്റ്സഹായത്തോടുകൂടിയുള്ള സംഘമല്ല. അങ്ങനെയുള്ള സംഘത്തെക്കുറിച്ച് പ്രത്യേകമായി സെലക്ട് കമ്മിറ്റി ഒരു നിർദ്ദേശം ഇതിൽ രൂപീകരിച്ചിട്ടുണ്ട്. പക്ഷെ മാർക്സിസത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അവസാനത്തിൽ "the State will wither away". സ്റ്റേറ്റില്ലാത്ത ഒരു സങ്കല്പത്തെപ്പറ്റി പറഞ്ഞിരിക്കുന്നു എന്നുള്ളതുകൊണ്ട് ആ സങ്കല്പം ഇപ്പോൾ നടപ്പാക്കാൻ സാധ്യമല്ല. അതുകൊണ്ട് ജനാധിപത്യമെന്നുപറയുന്നത് ആരെയും ആരും നിയന്ത്രിക്കാത്ത, അഡ്മിനിസ്ട്രേറ്റില്ലാത്ത ഒരു പ്രത്യേക സാഹചര്യത്തിലേയ്ക്കു പോകുക കേവലം സാങ്കല്പികമാണ്. പ്രായോഗികമായി അഡ്മിനിസ്ട്രേറ്റർ ഉൾപ്പെടെയുള്ളവരെ വച്ചുകൊണ്ടുവേണം മുന്നോട്ടു പോകാൻ. അഡ്മിനിസ്ട്രേറ്ററുടെ നിങ്ങൾ സ്ഥാപിച്ച അവകാശങ്ങൾ ആറുമാസമായി ചുരുക്കിവച്ചിരിക്കുകയാണ്. ആ ബിൽ അംഗീകരിക്കണം. ഇത് യുനാനിമസായി അംഗീകരിക്കുന്നത് നമുക്കൊരു മാതൃകയായിരിക്കുമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ ബിൽ ഐക്യകണ്ഠ്യേന അംഗീകരിക്കണം.

IX. അറിയിപ്പ്

പുതിയ സഹസ്രാബ്ദത്തെ വരവേൽക്കുന്നതിനായി കേരളനിയമസഭയുടെ പ്രത്യേക സമ്മേളനം

മി. സ്പീക്കർ : ഓർഡർ, ഓർഡർ, ഒരു പ്രധാന അറിയിപ്പ്. 1999 ഡിസംബർ 28-ാം തീയതി വൈകുന്നേരം നാലു മണിക്ക് പുതിയ സഹസ്രാബ്ദത്തെ വരവേൽക്കുന്നതിനായി കേരള നിയമസഭയുടെ ഒരു പ്രത്യേക സമ്മേളനം ചേരുന്നതാണ്. അതിനുമുൻപ് വൈകുന്നേരം മൂന്നുമണിക്ക് 10-ാം കേരള നിയമസഭയിലെ അംഗങ്ങളുടെ ഒരു ഗ്രൂപ്പ് ഫോട്ടോ നിയമസഭാ കോപ്ലക്സിൽവച്ച് എടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. ബഹുമാന്യനായ എൻ. അനിരുദ്ധൻ സംസാരിച്ചപ്പോൾ ഇന്നലെ നിയമസഭയിൽ ഞാൻ സംസാരിച്ച സമയത്ത് എക്സാമിനേഷൻ ബോർഡിനെക്കുറിച്ച് ആക്ഷേപമുന്നയിച്ചു എന്നും ആ പ്രശ്നത്തെച്ചൊല്ലി ശ്രീ. ടി.എം. ജേക്കബ് ക്രമപ്രശ്നം ഉന്നയിച്ചുവെന്നും പറയുകയുണ്ടായി. അത് വാസ്തവവിരുദ്ധമാണ്. ഞാൻ സംസാരിച്ചപ്പോൾ എക്സാമിനേഷൻ ബോർഡിനെ പരിപൂർണ്ണമായി സ്വാഗതം ചെയ്ത ഒരു വ്യക്തിയാണ്.

മി. സ്പീക്കർ : ഇന്നലെ ക്രമപ്രശ്നം ഉന്നയിച്ചത് എക്സാമിനേഷൻ ബോർഡിനെക്കുറിച്ചല്ല. ഇലക്ഷൻ കമ്മിഷനെക്കുറിച്ചാണ് അത് ചെയർ അനൗൺസ് ചെയ്യുകയാണ്.

നിയമനിർമ്മാണ കാര്യം (തുടർച്ച)

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ഇവിടെ ഈ ബില്ലിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഉള്ളടക്കത്തോട് സമ്മിശ്ര പ്രതികരണത്തോടുകൂടിയുള്ള അഭിപ്രായ പ്രകടനങ്ങളാണ് ഉയർന്നുവന്നിട്ടുള്ളത്. ആ അഭിപ്രായ പ്രകടനങ്ങൾ ഏതളവുവരെ എപ്രകാരം ഈ ബിൽ കുറ്റമറ്റതാക്കിത്തീർക്കാൻ കഴിയുമെന്നുള്ളത് ക്ലാസ് ബൈ ക്ലാസ് ചർച്ച ചെയ്യുന്ന ഘട്ടത്തിൽ പരിശോധിക്കപ്പെടുന്നതാണ്. രണ്ടുമൂന്ന് പ്രശ്നങ്ങളാണ് ഉത്ക്കണ്ഠയിൽ കേന്ദ്രീകരിച്ചുകൊണ്ടും ബില്ലിന്റെ ഉള്ളടക്കത്തിൽ നിന്നും മാറി വിമർശനാത്മകമായി സമീപിച്ചുകൊണ്ടും ഉയർന്നുവന്നിട്ടുള്ളതിൽ കാതലായിട്ടുള്ളത്. അതു സംബന്ധിച്ചുള്ള മറുപടിയാണ് ഞാനുദ്ദേശിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

REPORT OF THE SELECT COMMITTEE

ON

THE KERALA CO-OPERATIVE SOCIETIES (AMENDMENT)

BILL, 1999

AND

THE BILL AS REPORTED BY THE SELECT COMMITTEE

CONTENTS

		Page
(i)	Composition of the Committee	V
(ii)	Report of the Select Committee	1
(iii)	Minutes of Dissent	9
(iv)	The Bill as reported by the Select Committee	12

LIBRARY ARCHIVES Kerala Legislative Assembly

